യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 ജൂൺ | വാല്യം 46 ലക്കം 3 | ചീഫ് എഡിറ്റർ : വി.വേണുഗോപാൽ | പേജ് 16 വില 5.00 രൂപ

# ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി നേടിയ വിപത്കരമായ വിജയം സൂചിപ്പിക്കുന്നതെന്ത് ?

**അഞ്ചുവർഷം മോദിഭരണം അടിച്ചേൽപ്പിച്ച കടുത്ത ജനവിരുദ്ധ നയങ്ങൾമൂലം പൊറുതിമുട്ടിയ ജനങ്ങൾ രോഷംകൊണ്ട് തിളച്ചുമറിയുന്ന സ്ഥിതിയായിരുന്നു തെരഞ്ഞെടുപ്പിന് മുമ്പ് രാജ്യത്ത് നാം കണ്ടുകൊണ്ടിരുന്നത്. കർഷകരും ചെറുകിട വ്യാപാരികളും ചെറുകിട ഉൽപ്പാദകരും സ്വയം സംഘടിച്ച് തെരുവിൽ വന്നു. മഹാരാഷ്ട്രയെയും വടക്കേഇന്ത്യൻ സംസ്ഥാനങ്ങളെയും കർഷകപ്രക്ഷോഭങ്ങൾ പിടിച്ചുലച്ചു. ജനങ്ങളുടെ പ്രതിഷേധങ്ങൾക്ക് ഈ നയങ്ങളെ ചെറുക്കുവാനും മാത്രം സംഘടിതരൂപം കൈവരിക്കാനായില്ലെങ്കിലും ഇന്ത്യയെമ്പാടും പ്രതിഷേധം അണപൊട്ടിയൊഴുകി. മോദിയുടെ ദുർഭരണത്തിനെതിരെ രാജ്യം 48 മണിക്കൂർ പണിമുടക്കി.**



**മോ**ദിസർക്കാരാകട്ടെ മുതലാളിമാർക്കുവേണ്ടി ആത്മാർത്ഥമായി പണിയെടുത്തു. ലോകംമുഴുവൻ മുതലാളിമാരുമായി യാത്രചെയ്ത് അവർക്ക് കച്ചവടം ഉറപ്പാക്കിക്കൊടുത്തു. മുതലാളിമാർ ലാഭംകൊയ്തുകൂട്ടിക്കൊണ്ടേയിരുന്നു. ജനജീവിതം തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് കൂപ്പുകുത്തി.

നോട്ടുനിരോധനവും ജിഎസ്ടിയും സമ്പദ്ഘടനയുടെ നടുവൊടിച്ചു. വിലക്കയറ്റം എല്ലാവിഭാഗം ജനങ്ങളുടെയും ജീവിതം ദുസ്സഹമാക്കി. അരനൂറ്റാണ്ടിനിടയിലെ ഏറ്റവുംവലിയ തൊഴിലില്ലായ്മയിലൂടെ രാജ്യം കടന്നുപോയി. പെട്രോൾ–ഡീസൽ വില വർദ്ധനവ് സർവ്വകാല റിക്കോർഡിൽ എത്തി. ലോകത്ത് സ്ത്രീകൾക്ക് ജീവിക്കാൻ കൊള്ളാത്ത ഇടങ്ങളിൽ മുൻപന്തിയിലാണ് ഇന്ത്യ എന്ന് ഫോബ്സ് മാഗസിൻ അഭിപ്രായപ്പെട്ടു. കത്വയും ഉന്നാവയും ഉൾപ്പെടെയുള്ള സംഭവങ്ങൾ ഫോബ്സ് മാഗസിന്റെ അഭിപ്രായം ശരിവച്ചു. ഖാപ് പഞ്ചായത്തുകൾ ജനജീവിതത്തിൽ പിടിമുറുക്കി. എതിർ ശബ്ദങ്ങളെ മുഴുവൻ നിശ്ശബ്ദമാക്കി. പശുവിന്റെ പേരിൽ 39 മനുഷ്യജീവനുകൾ തെരുവിൽ അരുംകൊലചെയ്യപ്പെട്ടു. സുപ്രീംകോടതിയടക്കം ജനാധിപത്യ സ്ഥാപനങ്ങളെ പിടിച്ചുകെട്ടി. റഫാൽ, ഇന്ത്യ കണ്ട ഏറ്റവും വലിയ പ്രതിരോധ അഴിമതിയായി. തെരഞ്ഞെടുപ്പിലേയ്ക്ക് രാജ്യംപോകുമ്പോൾ ഇതായിരുന്നു സ്ഥിതി.

ശ്വാസംമുട്ടിക്കുന്ന ഈ സ്ഥിതിയിൽനിന്ന് അല്പമെങ്കിലും ആശ്വാസം ലഭിക്കണമെന്ന് ജനങ്ങൾ വളരെയേറെ ആഗ്രഹിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് ഫലത്തിൽ ഇതൊന്നുമല്ല പ്രതിഫലിച്ചുകണ്ടത്. മൃഗീയഭൂരിപക്ഷത്തിൽ മോദി വീണ്ടും അധികാരത്തിലേറി.

ജനജീവിതത്തെ കശക്കിയെറിഞ്ഞ പ്രശ്നങ്ങളൊന്നുംതന്നെ തെരഞ്ഞെടുപ്പ് വേളയിൽ ചർച്ചചെയ്യപ്പെട്ടില്ല. ജനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളെ കൗശലപൂർവ്വം പിന്തള്ളിക്കൊണ്ട് ജനങ്ങളുടെ ശ്രദ്ധ തിരിക്കാനായി ഒരുപിടി കൃത്രിമ പ്രശ്നങ്ങൾ മുൻപന്തിയിലേയ്ക്ക് ആനയിക്കപ്പെട്ടു. മതഭ്രാന്ത്, യുദ്ധാസക്തിപൂണ്ട ദേശീയഭ്രാന്ത്, യുദ്ധവെറി, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള ധ്രുവീകരണം തുടങ്ങിയവയൊക്കെ തീവ്രമായി ആളിക്കത്തിച്ചു.

തെരഞ്ഞെടുപ്പിലേയ്ക്ക് രാജ്യം കടക്കുന്നതിന് മുമ്പുതന്നെ പുൽവാമ സൃഷ്ടിച്ചെടുത്തു. മോദി ഓടിനടന്ന് വോട്ടു ചോദിച്ചതുമുഴുവൻ പുൽവാമയുടെയും സൈനികരുടെയും പേരിലാണ്. ഓരോ സംസ്ഥാനത്തും ജാതി–മത വർഗ്ഗീയ ശക്തികളുടെ പിന്തുണ ഉറപ്പാക്കി. അനുചരവൃന്ദം വർഗ്ഗീയ വിഷം ചീറ്റിക്കൊണ്ടേയിരുന്നു. പ്രകോപനപരമായ പ്രസ്താവനകൾ മണ്ടത്തരത്തിന്റെ മാത്രം സൃഷ്ടിയായിരുന്നില്ല. യഥാർത്ഥ ജനകീയ പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ തിരിക്കുക എന്ന വലിയ ലക്ഷ്യവും പ്രസ്തുത പ്രസ്താവനകൾ നിറവേറ്റി. രാമന്റെയും സീതയുടെയും കാലത്തുനിന്നും അശേഷം മുന്നോട്ടുപോയിട്ടില്ലാത്ത വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രചാരണം പതിവുപോലെ രാമക്ഷേത്രത്തിന്റെ പരിസരത്ത് കറങ്ങിക്കറങ്ങി നിന്നു. ജനങ്ങളുടെ അജ്ഞത പരമാവധി മുതലാക്കി. തെരഞ്ഞെടുപ്പ് കമ്മീഷനെ സമ്പൂർണ്ണമായും വരുതിയിലാക്കി. എല്ലാ ജനാധിപത്യ തത്വങ്ങ

(ശേഷം 4–ാം പേജിൽ)

# സന്നദ്ധപ്രവർത്തനത്തിലൂടെ പണിതുയർത്തിയ ജി.എസ്.പത്മകുമാർ ഭവൻ പ്രവർത്തനം ആരംഭിച്ചു

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) നടത്തിവരുന്ന ബഹുവിധങ്ങളായ സാമൂഹ്യ–സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഒരു കേന്ദ്രം പണിയുക എന്ന ലക്ഷ്യം മുൻനിർത്തി പാർട്ടിയുടെ കോട്ടയം ജില്ലാക്കമ്മിറ്റി കഴിഞ്ഞ നാലു വർഷമായി നടത്തിവരുന്ന പരിശ്രമങ്ങൾ 2019 മെയ് 26ന് സഫലമായി. കോട്ടയത്ത് വയസ്കരയിൽ 4 സെന്റ് സ്ഥലത്ത് ജി.എസ്.പത്മകുമാർ ഭവൻ എന്ന നാമധേയത്തിൽ 2700 ചതുരശ്ര അടിയുള്ള മന്ദിരം നൂറുകണക്കിന് സഖാക്കളുടെയും അനുഭാവികളുടെയും പാർട്ടി ബന്ധുക്കളുടെയും സാന്നിധ്യത്തിൽ പാർട്ടി പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ. രാധാകൃഷ്ണ ഉദ്ഘാടനം ചെയ്തു. 2016 മാർച്ച് 6ന്, അന്നത്തെ സംസ്ഥാനസെക്രട്ടറിയും കേന്ദ്രക്കമ്മിറ്റിയംഗവുമായിരുന്ന സഖാവ് സി.കെ.ലൂക്കോസ് ശിലാസ്ഥാപനം നടത്തിയ മന്ദിരത്തിന്റെ നിർമ്മാണം, മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി വർഷമായ 2017ലാണ് ആരംഭിച്ചത്.

പാർട്ടി പ്രവർത്തകരുടെയും അനുഭാവികളുടെയും ബഹുജനങ്ങളുടെയും സംഭാവനകളെ ആശ്രയിച്ചുകൊണ്ട് മന്ദിരം നിർമ്മിക്കാനായി ആദ്യഘട്ടത്തിൽ തീരുമാനിച്ചെങ്കിലും ഇപ്രകാരം സമാഹരിക്കുന്ന തുകകൊണ്ട് മാത്രം നിർമ്മാണച്ചെലവ് നിർവ്വഹിക്കാനാവില്ല എന്നു ജില്ലാ കമ്മിറ്റി പിന്നീട് വിലയിരുത്തി. തുടർന്നാണ് നിർമ്മാണം പരിപൂർണ്ണമായും സന്നദ്ധപ്രവർത്തനത്തിലൂടെ നടത്താമെന്ന നിർദ്ദേശം ഉയർന്നുവന്നത്. നിർമ്മാണമേഖലയിൽ പ്രാവീണ്യമുള്ള സഖാക്കൾ മുന്നോട്ടുവച്ച ഈ നിർദ്ദേശം, ജില്ലയിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്ത വിപുലമായ ഒരു യോഗത്തിൽ ചർച്ച ചെയ്തു. ഏവരും ആവേശപൂർവ്വം നിർദ്ദേശം അംഗീകരിച്ചു. വെല്ലുവിളി നിറഞ്ഞ തീരുമാനം നടപ്പാക്കാനായി സഖാക്കൾ ഒരൊറ്റ മനുഷ്യനെപ്പോലെ മുന്നോട്ടുവന്നു. പാർട്ടി അംഗത്വത്തിന്റെ ഏതാ

(ശേഷം 13–ാം പേജിൽ)



എസ്‌യുസിഐ(സി) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ ജി.എസ്.പത്മകുമാർ ഭവൻ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ സമീപം

പേജ് 2 കിഫ്ബിയും മസാല ബോണ്ടും കുറെ നുണകളും
പേജ് 6 യൂണിവേഴ്സിറ്റി കോളേജിലെ മനുഷ്യാവകാശ ലംഘനങ്ങൾ
പേജ് 8 ആഗോള തീവ്രവാദവും സാമ്രാജ്യത്വ ശക്തികളുടെ കൊടുംക്രൂരതകളും
പേജ് 12 ഖാദർ കമ്മീഷൻ റിപ്പോർട്ടും സ്കൂൾ വിദ്യാഭ്യാസ ഏകീകരണവും

യൂണിറ്റി വായിക്കുക... വരിക്കാരാകുക...

# കിഫ്ബിയും മസാല ബോണ്ടും കുറെ നുണകളും

**ഇ.കെ.നായനാർ മന്ത്രിസഭയുടെ കാലത്ത് 1999ൽ രൂപീകരിച്ചതാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(കെഐഐഎഫ്ബി) അഥവാ കിഫ്ബി. എങ്കിലും, വലിയ അവകാശവാദങ്ങളും ഒട്ടേറെ വിവാദങ്ങളും കൊണ്ട് കിഫ്ബി കേരളത്തിലെ പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയമായി ഇപ്പോൾ മാറിയിരിക്കുകയാണ്. ഈ സർക്കാരിന്റെ ബഡ്ജറ്റുകളെ കിഫ്ബി ബഡ്ജറ്റുകളെന്നു വിളിക്കുന്ന സ്ഥിതി വരെയെത്തി. ധനകാര്യമന്ത്രി തോമസ് ഐസക്കിന്റെ സാമ്പത്തിക ശാസ്ത്രജ്ഞനെന്ന പരിവേഷവും എംജിപി അടക്കമുള്ള ആഗോളവൽക്കരണ പദ്ധതികളുടെ വിദഗ്ദ്ധ നടത്തിപ്പുകാരനായ കെ.എം.എബ്രഹാമിന്റെ നിറസാന്നിധ്യവും ഒത്തുചേർന്നപ്പോൾ കിഫ്ബിക്ക് വലിയ മാനങ്ങൾ കൈവന്നു. കിഫ്ബിയും അത് പുറപ്പെടുവിച്ച മസാല ബോണ്ട് പോലുള്ള ധനസമാഹരണ മാർഗങ്ങളും കേരളത്തെ വികസന വിഹായസ്സിലേയ്ക്ക് ഉയർത്തുമോ അതോ കടക്കെണിയിലാഴ്ത്തി കേരളത്തിന്റെ സാമ്പത്തിക തകർച്ചക്ക് ആക്കം കൂട്ടുമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.**

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി സംസ്ഥാന ബജറ്റിനുപുറത്തുനിന്ന് ധനസമാഹരണം നടത്തുകയെന്ന ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ടാണ് കിഫ്ബി സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. മൂന്നു വർഷം കൊണ്ട് 50000 കോടി രൂപയാണ് ലക്ഷ്യംവെക്കുന്നത്. പ്രതിവർഷം 15%വീതം വർദ്ധിക്കുന്ന വാഹനനികുതിയും ഇന്ധന സെസ്സും കൂടാതെ കെഎസ്എഫ്ഇയുടെ വിദേശ ചിട്ടിയിൽ നിന്നുള്ള ഇടക്കാല നിക്ഷേപം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ബോണ്ടുകൾ തുടങ്ങിയവയിലൂടെയാണ് ധനസമാഹരണം. 'വാഹനനികുതിയിൽ നിന്നും ഇന്ധന നികുതിയിൽ നിന്നും സർക്കാർ നൽകുന്ന വിഹിതത്തിൽ നിന്നും പലിശ നൽകാനാകും. അങ്ങനെ 20 വർഷത്തിന് ശേഷം മാത്രം സാദ്ധ്യമാവുമായിരുന്ന 50000 കോടിയുടെ വികസനം മൂന്ന് വർഷം കൊണ്ട് നമ്മുടെ ജീവിതകാലത്തുതന്നെ എത്തും. നവലിബറൽ നയങ്ങൾക്ക് കേരളത്തിന്റെ ബദൽ! ഇതിലൂടെ സ്വകാര്യ നിക്ഷേപങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുവാനാകും. ലോകത്തിലെ ഏറ്റവും നല്ല ഇൻഫ്രാസ്ട്രക്ചർ ഇവിടെ വരും'- കിഫ്ബിയെ മുൻനിർത്തി ധനമന്ത്രി ആഗോള മുതലാളിമാരെ മാടി വിളിക്കുന്നു. ഇത് മാർക്സിയൻ അല്ല കെയ്നീഷ്യൻ മോഡൽ വികസനമാണ് എന്നും അദ്ദേഹം ഊറ്റം കൊള്ളുന്നുണ്ട്. വായ്പ എടുത്തിട്ടാണെങ്കിലും സർക്കാർ, പണം സമ്പദ്‌വ്യവസ്ഥയിലേക്ക് പമ്പ് ചെയ്ത് കമ്പോളത്തെ ഉത്തേജിപ്പിക്കുന്ന കെയ്നീഷ്യൻ മാജിക്! യാഥാർത്ഥ്യം വഴിയെ പരിശോധിക്കാം.

### വായ്പാധിഷ്ഠിത വികസനം

കടമെടുത്ത് 'വികസനം' സാധ്യമാണോ എന്നതാണ് ഒന്നാമതായി പരിശോധിക്കേണ്ടത്. കേരളത്തിന്റെ കടബാദ്ധ്യത അന്തംവിടുന്ന തോതിലാണ് വർധിക്കുന്നത്. 2001 ലെ 25,754 കോടിയിൽ നിന്ന് 2019ൽ 2,64,459 കോടിയിലെത്തി നിൽക്കുന്നു. അതായത് അത്രയും തുക ചെലവഴിച്ചുകഴിഞ്ഞു. നീക്കിയിരിപ്പ് ഒന്നുമില്ല. 2016-17 മുതൽ 2018-19 വരെ 49,853 കോടി രൂപ അധിക കടം എടുത്തപ്പോൾ ഈ കാലയളവിൽ പലിശ നൽകേണ്ടി വന്നത് 42,863 കോടി രൂപ. അതായത് മൂന്നു വർഷം കൊണ്ട് 6,990 കോടി രൂപയുടെ വികസനം! അധികമായി കടമെടുക്കുന്ന തുക പലിശ നൽകാൻപോലും തികയാതെവരുന്ന കാലം വിദൂരമല്ല. ഇതിനെയാണ് കടക്കെണി എന്നു പറയുന്നത്. കടം കൂടുന്നെങ്കിൽ എന്താ നമ്മുടെ സമ്പത്തും (ജിഎസ്ഡിപി-സംസ്ഥാന ആഭ്യന്തര ഉല്പാദനം) കൂടുന്നുണ്ടല്ലോ എന്നാണ് നമ്മുടെ സാമ്പത്തിക വിശാരദനായ ധനമന്ത്രി പറയുന്നത്. ജിഎസ്ഡിപിയുടെ 30.21 ശതമാനമാണ് ആകെ കടം. റവന്യൂ വരുമാനത്തിന്റെ 223.41 ശതമാനം. കടത്തിന്റെ കാര്യത്തിൽ കൊച്ചുസംസ്ഥാനമായ കേരളത്തിന് മുന്നിൽ വലിയ സംസ്ഥാനങ്ങളായ ഗുജറാത്ത്, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, മഹാരാഷ്ട്ര എന്നിവ മാത്രം. കടം കൂടുന്നതിനനുസരിച്ച് സമ്പത്തും കൂടുമത്രേ! തിരിച്ചുവീട്ടേണ്ടാത്ത കടം ആയിരുന്നെങ്കിൽ എത്ര നന്നായേനെ!

കടമായി എടുക്കുന്ന പണം സമ്പദ്‌വ്യവസ്ഥയിൽ ഒഴുക്കുന്നത്‌വഴിയുണ്ടാകുന്ന സാമ്പത്തിക ഉത്തേജനത്തിലൂടെയാണ് ജിഎസ്ഡിപി വർദ്ധിക്കുന്നത് എന്നാണ് ധനമന്ത്രിയുടെ ഭാഷ്യം. ജിഎസ്ഡിപിയുടെ 31.2 ശതമാനം വിദേശത്ത് പണിയെടുക്കുന്ന മലയാളികൾ അയയ്ക്കുന്ന പണമാണ്. അതിന്റെ വളർച്ച-തളർച്ചകൾ നിശ്ചയിക്കുന്നത് അന്തർദേശീയ സാമ്പത്തിക ചലനങ്ങളും രൂപയുടെ മൂല്യത്തിന്റെ ഏറ്റക്കുറച്ചിലുകളുമാണ്. എടുക്കുന്ന കടത്തിന്റെ 85 ശതമാനവും പലിശ നൽകാൻ ഉപയോഗിക്കുമ്പോൾ ബാക്കി തുകകൊണ്ട് എന്ത് ചലനമാണ് സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാവുക? അങ്ങിനെ ഉണർവുണ്ടായിട്ടുണ്ടെങ്കിൽ അത് സംസ്ഥാനത്തിനകത്തുനിന്നുള്ള റവന്യൂ വരുമാനത്തിൽ വർധനവ് സൃഷ്ടിക്കുന്നുണ്ടോ എന്നതും പ്രസക്തമാണല്ലോ? ജിഎസ്ടി എന്ന മാരക നിരക്കിലുള്ള നികുതി ഏർപ്പെടുത്തിയിട്ടുപോലും നികുതി വരുമാനം താഴോട്ടാണ്. അതുപോലെ ഇന്ധന നികുതി ഭീമമായി ചുമത്തിയിട്ടുപോലും ആകെ നികുതിവരവ് കുറഞ്ഞിരിക്കുന്നു. കേരളീയരുടെ സാമ്പത്തിക വിനിമയത്തിലും ജീവിത വ്യാപാരങ്ങളിലുമുള്ള കടുത്ത മാന്ദ്യത്തെയാണിത് കാണിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ റവന്യൂചെലവ് ഇനത്തിലും ഘടന മാറുകയാണ്. സംസ്ഥാനത്തെ സാമ്പത്തിക ചലനത്തെ യഥാർത്ഥത്തിൽ ഉത്തേജിപ്പിക്കുന്ന ജീവനക്കാരുടെ ശമ്പളത്തിന്റെ വിഹിതം വൻതോതിൽ കുറയുകയാണ്. പകരം പലിശ വിഹിതമാണ് വർദ്ധിക്കുന്നത്. പലിശ നൽകുന്നതിലേയ്ക്കായി സാധാരണക്കാരന്റെ മേൽ കൂടുതൽ നികുതി അടിച്ചേൽപ്പിക്കുമ്പോൾ അതിസമ്പന്നന്മാരിൽ നിന്ന് ഈടാക്കിയിരുന്ന വെൽത്ത് ടാക്സ് ഉപേക്ഷിച്ചിരിക്കുകയാണിപ്പോൾ.

### കെയ്നീഷ്യൻ മാജിക്

മുതലാളിത്തത്തിന്റെ പൊതുകുഴപ്പങ്ങൾ ആരംഭിച്ച കാലത്ത്, കമ്പോള പ്രതിസന്ധി അഭൂതപൂർവ്വമായി രൂക്ഷമായപ്പോൾ ഇവക്കെല്ലാം ഒറ്റമൂലി എന്നുപറഞ്ഞുകൊണ്ട് നാനാവിധ സാമ്പത്തിക സിദ്ധാന്തങ്ങൾ ബൂർഷ്വാ സാമ്പത്തിക ശാസ്ത്രഞ്ജന്മാർ അവതരിപ്പിക്കുകയുണ്ടായി. മുതലാളിത്ത സമ്പദ്ക്രമത്തെ നിലനിർത്തിക്കൊണ്ടുതന്നെ ഉൽപാദനത്തിലുള്ള അരാജകത്വവും പ്രതിസന്ധികളും ഒഴിവാക്കാനാകുമെന്ന് അവർ വാദിച്ചു. അവരിൽ പ്രമുഖനാണ് ജെ.എം.കെയ്ൻസ് (1883-1946). തൊഴിലാളിക്ക് നൽകാതെ പിടിച്ചെടുക്കുന്ന മിച്ചമൂല്യം മുതലാളിയുടെ ലാഭമായി മാറ്റപ്പെടുന്നതുകാരണം ഉൽപാദിപ്പിക്കുന്നത് അപ്പാടെ വിറ്റഴിച്ചുപോകാതെ വരുന്ന കമ്പോള പ്രതിസന്ധിയാണ് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥ പ്രതിസന്ധി എന്നത് മറച്ചുവെച്ചുകൊണ്ടാണ് കെയ്ൻസ് തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്. ഉൽപ്പാദനവും തൊഴിലും വർദ്ധിപ്പിക്കാനായി കൂടുതൽ മൂലധനനിക്ഷേപം ആവശ്യമാണ്. അതിനായി ഭരണകൂടം മുതലാളിമാരുടെ ലാഭസാധ്യത വർധിക്കുന്നത് ഉറപ്പാക്കണം. ഒരുവശത്ത് വിലക്കയറ്റത്തിലൂടെ തൊഴിലാളികളുടെ യഥാർത്ഥ വേതനം കുറയ്ക്കുകയും മറുവശത്ത് പൊതുജനങ്ങളുടെ ചെലവിൽ ഗവൺമെന്റ് നേരിട്ട് വൻതോതിൽ മൂലധന നിക്ഷേപം നടത്തുകയും ചെയ്തുകൊണ്ടാണ് ഇത് സാധ്യമാക്കേണ്ടത്. സർക്കാർ ഒഴുക്കുന്ന ഫണ്ടിന്റെ ഉപഭോഗത്തിലൂടെയും ഭരണവർഗത്തിന്റെ ധൂർത്തിലൂടെയും പ്രത്യുല്പാദനക്ഷമമല്ലാത്ത ചെലവുകൾ വർദ്ധിപ്പിക്കുന്നതിലൂടെയും കമ്പോളത്തിൽ ഉപഭോഗം വർദ്ധിക്കും എന്നൊക്കെയാണ് കെയ്ൻസിന്റെ സാമ്പത്തിക സിദ്ധാന്തം.

സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണവും ഈ സിദ്ധാന്തത്തിനോടൊത്ത് പോകുന്നതാണ്. അതായത് സർക്കാർതന്നെ ചെലവുചെയ്യുകയും ഉപഭോക്താവാകുകയും ചെയ്യുന്നു. അതിനായി ബജറ്റ് ചെലവുകളും പൊതുകടവും വർധിപ്പിക്കുകയാണ് ചെയ്യുന്നത്. കെയിൻസ് മുന്നോട്ടുവയ്ക്കുന്ന സാമ്പത്തിക നടപടികൾ യഥാർത്ഥത്തിൽ അധ്വാനിക്കുന്നവരുടെ ജീവിതനിലവാരം താഴ്ത്തുകയും കമ്പോളം ചുരുക്കുകയും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയുമാണ് ചെയ്യുക. ഈ അബദ്ധ സിദ്ധാന്തത്തിന്റെ പല പല വകഭേദങ്ങൾ മുതലാളിത്ത സാമ്പത്തിക ആസൂത്രകരും സോഷ്യൽ ഡെമോക്രാറ്റുകളും ലോകമാകെ ഇന്നും പിന്തുടരുന്നുണ്ട്. സഖാവ് ഡോക്ടർ തോമസ് ഐസക് അവരിൽ ഒരാൾ മാത്രം.

### മസാല ബോണ്ട്

സംസ്ഥാന ബജറ്റിന് അകത്തുനിന്നുള്ള ആഭ്യന്തര കടമെടുപ്പിന് ജിഎസ്ഡിപിയുടെ 3% പരിധി നിശ്ചയിച്ചുകൊണ്ടുള്ള കേന്ദ്രനിയമം മറികടന്ന് കൂടുതൽ കടം വിദേശത്തുനിന്ന് സമാഹരിക്കുന്നതിന് വേണ്ടിയാണ് സർക്കാർ മസാല ബോണ്ട് പുറപ്പെടുവിക്കാൻ തുനിഞ്ഞത്. വിദേശ ഓഹരി കമ്പോളത്തിൽ ഇന്ത്യൻ രൂപയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന കടപത്രം ആണിത്.

മസാല ബോണ്ട് എന്ന് പേരു നൽകി ആഗോള ഓഹരിക്കമ്പോളത്തിൽ അവതരിപ്പിച്ചത് ലോകബാങ്കിന്റെ സ്വകാര്യ നിക്ഷേപ വിഭാഗമായ ഇൻററർനാഷണൽ ഫിനാൻസ് കോർപ്പറേഷനാണ്. ഇന്ത്യൻ മസാല രുചിക്കൂട്ടുകളുടെ വൈദേശികാഭിമുഖ്യത്തെക്കുടി മാർക്കറ്റിംഗ് തന്ത്രമായി ഉപയോഗിക്കുകയാണിവിടെ. ചൈനീസ് ബോണ്ടുകൾക്ക് ഹോങ്ങ് കോങ്ങിലെ ജനകീയ ഭക്ഷണമായ 'ഡിംസും' എന്ന പേരാണ് നൽകിയിരിക്കുന്നത്. യെസ് ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, ആക്സിസ് ബാങ്ക് എന്നിങ്ങനെയുള്ള സ്വകാര്യ ബാങ്കുകളും അദാനി ട്രാൻസ്മിഷൻ തുടങ്ങിയ സ്വകാര്യ കമ്പനികളുമാണ് ഇതുവരെ മസാല ബോണ്ടുകൾ വഴി ധനസമാഹരണം നടത്തിയിട്ടുള്ളത്. ആ രംഗത്തേയ്ക്ക് ഒരു സംസ്ഥാന സർക്കാർ കടന്നുവരുന്നത് ആദ്യമായാണ്.

സ്വകാര്യ നിക്ഷേപത്തിന് വഴിയൊരുക്കുന്നതിനും അതിന് വൻ ലാഭമുറപ്പാക്കുന്നതിനും വേണ്ടിയുള്ള സാമ്പത്തിക-സാമൂഹിക സാഹചര്യം സൃഷ്ടിക്കുകയെന്നതാണ് ലോകബാങ്കിന്റെ ലക്ഷ്യം. 1990കളുടെ പകുതിക്കുശേഷം ആഗോളവൽക്കരണ നയങ്ങൾക്കനുസൃതമായി കേരളത്തിന്റെ സർവ്വമേഖലകളിലും ലോകബാങ്ക് പിടിമുറുക്കി. അവരെ ആനയിച്ചുകൊണ്ടുവന്ന് പുരോഗമന ജാടകളോടെ, ശുഷ്കാന്തിയോടെ നടപ്പിലാക്കാൻ നേതൃത്വം കൊടുത്തതാവട്ടെ ഇടതെന്ന് സ്വയം വിളിക്കുന്ന ഒരു സർക്കാരും! ഇപ്പോഴും വർദ്ധിത വീര്യത്തോടെ നടപ്പിലാക്കുന്നതും അതേ നയങ്ങൾ തന്നെ. ലോകബാങ്ക് വിഭാവന ചെയ്യുന്ന വിധത്തിൽ സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യ വികസനമാണ് പൊതുജനങ്ങളുടെ ചെലവിൽ കിഫ്ബിയിലൂടെ സർക്കാർ ചെയ്യുന്നത്. ആ സേവനത്തിനുള്ള പുരസ്ക്കാരമെന്ന നിലയിലാണ് ലോകമുതലാളിത്തത്തിന്റെ അൾത്താരകളിലൊന്നായ ലണ്ടൻ സ്റ്റോക് എക്സ്ചേഞ്ചിൽ മണിമുഴക്കാൻ പിണറായി വിജയന് അവസരം നൽകിയത്.

കിഫ്ബിവഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾ പിപിപി(പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതി) മാതൃകയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്. അതിന് വേണ്ടിയാണ് 1999-ലെ കിഫ്ബി നിയമം 2016 നവംബറിൽ ഭേദഗതി ചെയ്തത്. പൊതു ആവശ്യമെന്ന പേരിൽ സ്വകാര്യ മേഖലയ്ക്ക് ലാഭമുറപ്പാക്കുംവിധം നടപ്പിലാക്കുന്ന പദ്ധതികൾക്ക് സർക്കാർ മൂലധനം ലഭ്യമാക്കുന്നതിനെയാണ് പിപിപി എന്ന ഓമനപേരിട്ട് വിളിക്കുന്നത്. പ്രോജക്ട് ചെലവ് പെരുപ്പിച്ചുകാണിച്ച് സർക്കാരിൽനിന്ന് നേടിയെടുക്കുന്ന അധിക വിഹിതത്തിനകത്ത് നിന്നുകൊണ്ട് പണി പൂർത്തിയാക്കുകയാണ് പലപ്പോഴും ഈ കൗശലക്കാർ ചെയ്യുന്നത്. ദേശീയ പാത വികസനം, വിഴിഞ്ഞം പദ്ധതി എന്നിവ ഉദാഹരണങ്ങൾ. ബിഒടി, ബിഒഒ, ബിഒഒടി തുടങ്ങിയ നിർമ്മാണ നിർവ്വഹണ പ്രോജക്ട് രീതികളും ബിഎൽടി, ആർഒടി, ആർഒഒ എന്നിങ്ങനെയുള്ള ഓപ്പറേഷൻ മെയ്ൻറനൻസ് പ്രോജക്ടുകളും വിഭാവന ചെയ്യുന്നുണ്ട്. ഇവയിലെല്ലാംതന്നെ യൂസർ ഫീ,

*(ശേഷം 3-ാം പേജിൽ)*

# 'പ്രചോദന'യുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സംസ്ഥാന ക്യാമ്പ്

**കു**ട്ടികളുടെ പ്രസ്ഥാനമായ 'പ്രചോദന'യുടെ ആഭിമുഖ്യത്തിൽ മധ്യവേനലവധിക്ക് നടന്നുവരുന്ന കുട്ടികളുടെ സംസ്ഥാനതല ക്യാമ്പ് മെയ് 11,12,13 തീയതികളിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളജിൽ നടന്നു. 'നാടിൻ ശ്രേഷ്ഠം സന്താനങ്ങളാക നാം' എന്നതാണ് പ്രചോദനയുടെ ആദർശവാചകം. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ നടന്ന 26-ാമത് ക്യാമ്പ്, സംഘാടക സമിതി കൺവീനർ ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. കളങ്കമില്ലാത്ത സ്നേഹം പരസ്പരം വളർത്തിയെടുക്കുവാൻ ജയ്സൺ ജോസഫ് ക്യാമ്പ് അംഗങ്ങളോട് ആഹ്വാനം ചെയ്തു. സമൂഹത്തിലേയ്ക്ക് നന്മയുടെയും സ്നേഹത്തിന്റെയും പ്രഭ പടർത്തിയെടുക്കേണ്ടുന്ന സാമൂഹ്യസാഹചര്യമാണിതെന്നും ജയ്സൺ ജോസഫ് ഓർമ്മിപ്പിച്ചു. ക്യാമ്പ് സംഘാടകസമിതിയംഗം മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷതവഹിച്ചു. അലീന എസ്. സ്വാഗതം ആശംസിച്ചു.



കുട്ടികളുടെ ക്യാമ്പിന്റെ സമാപനസമ്മേളനത്തിൽ ആർ.അശ്വതി അദ്ധ്യക്ഷപ്രസംഗം നടത്തുന്നു

ശാസ്ത്രബോധവും ശാസ്ത്രീയ മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കുക, മഹാന്മാരുടെ ജീവിതത്തിലെ മഹത്തായ മൂല്യങ്ങളോടുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തിയെടുക്കുക, സർഗ്ഗാത്മക ശേഷികൾ പരിപോഷിപ്പിക്കാൻ വേണ്ടുന്ന അവസരം കുട്ടികൾക്ക് ലഭ്യമാക്കുക എന്നിവയായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം. കുട്ടികളിൽ ഉയർന്ന അഭിരുചികളും ജീവിത വീക്ഷണവും സാമൂഹ്യ അവബോധവും വളർത്തിയെടുക്കുവാനുതകുന്ന ഒരു സാംസ്കാരിക പ്രസ്ഥാനമായാണ് ക്യാമ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കത്തക്കവിധമാണ് ക്യാമ്പിന്റെ ഉള്ളടക്കം ക്രമീകരിക്കുന്നത്.

അസാധാരണമായ ജീവിതസമരത്തിന്റെ ഉടമ സ്റ്റീഫൻ ഹോക്കിൻസാണ് ക്യാമ്പിൽ കുട്ടികളെ പരിചയപ്പെടുത്തിയ ശാസ്ത്രകാരൻ. ഉദ്ധം സിംഗ് എന്ന സ്വാതന്ത്ര്യ സമരസേനാനിയുടെ ജീവിതവും ഇന്ത്യയുടെ സ്വാതന്ത്ര്യസമരവും ജാലിയൻവാലാബാഗ് സംഭവത്തിന്റെ പശ്ചാത്തലത്തിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. കൂടാതെ ഫിഡൽ കാസ്ട്രോ, റോസാ ലക്സംബർഗ് തുടങ്ങിയ മഹദ് വ്യക്തിത്വങ്ങളെയും നൂറാം വാർഷികം ആചരിക്കുന്ന കുമാരനാശാന്റെ ചിന്താവിഷ്ടയായ സീത എന്ന കൃതിയും കുട്ടികൾക്ക് പരിചയപ്പെടുത്തി.

സംഗീതം, ചിത്രരചന, നാടകം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനക്കളരികളും ക്യാമ്പിൽ സംഘടിപ്പിക്കപ്പെട്ടു. രാവിലെകളിൽ വ്യായാമവും വൈകുന്നേരങ്ങളിൽ കൂട്ടായ കളികളും ക്യാമ്പിന്റെ സവിശേഷതയായിരുന്നു. കുട്ടികളും അദ്ധ്യാപകരും വോളണ്ടിയേഴ്സും ഉൾപ്പെടെ ഏവരും കളികളിലും വ്യായാമത്തിലും സജീവമായി പങ്കെടുത്തു. അന്ധകാരനഴിയിലേയ്ക്ക് നടന്ന വിനോദയാത്ര ഏറെ ആസ്വാദ്യകരവും പ്രശസ്ത ചിത്രകാരൻ ആർ.പാർത്ഥസാരഥി വർമ്മ കടപ്പുറത്ത് മണലിൽതീർത്ത കൂറ്റൻ കടലാമ കൗതുകമുണർത്തുന്നതുമായിരുന്നു.

മെയ് 13ന് നടന്ന സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടറി ഡോ.വി.വേണുഗോപാൽ സമാപന സന്ദേശം നൽകി. ആർ. അശ്വതി അദ്ധ്യക്ഷതവഹിച്ച സമാപന സമ്മേളനത്തിൽ ലക്ഷ്മി സദാനന്ദൻ സ്വാഗതവും സിദ്ധാർത്ഥ് ബി. കൃതജ്ഞതയും രേഖപ്പെടുത്തി. റ്റി.കെ.സുധീർകുമാർ പ്രസംഗിച്ചു.

ക്ലാസ്സുകൾക്കും പരിശീലനക്കളരികൾക്കും വി.കെ.സദാനന്ദൻ, റ്റി.കെ.സുധീർകുമാർ, ഷൈല കെ. ജോൺ, എൻ.കെ.ബിജു, ഇ.വി.പ്രകാശ്, ഡോ.ഷാജഹാൻ, കെ.എം. ബീവി, എസ്.അലീന, ആർ.അപർണ്ണ, അരവിന്ദ് വേണുഗോപാൽ, മേധ സുരേന്ദ്രനാഥ്, പി.കെ.പ്രഭാഷ്, ബിനു ബേബി, ആർ.പാർത്ഥസാരഥിവർമ്മ, കെ.ജി.അനിൽകുമാർ, ഇ.ജെ.റോയിച്ചൻ, സി.കെ.ശിവദാസൻ, ഇ.എൻ.ശാന്തിരാജ്, പ്രൊഫ.പി.എൻ.തങ്കച്ചൻ, എസ്.മിനി, എം.കെ.ഷഹസാദ്, എം.കൃഷ്ണകുമാർ തുടങ്ങിയവർ നേതൃത്വം നൽകി. ■

## കിഫ്ബിയും മസാല ബോണ്ടും...

*(2-ാം പേജിൽ നിന്ന്)*

ടോൾ അടക്കമുള്ള വരുമാനമാർഗങ്ങൾ സ്വീകരിക്കാൻ സ്വകാര്യ സംരംഭകർക്കുള്ള അവകാശം ഈ നിയമംവഴി ഉറപ്പാക്കുന്നുണ്ട്. മേൽപ്പറഞ്ഞവയിൽ ആർഒടി(റീഹാബിലിറ്റേറ്റ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ), ആർഒഒ(റീഹാബിലിറ്റേറ്റ്-ഓൺ-ഓപ്പറേറ്റ്) എന്നിവയിലൂടെ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ വരെ കൈമാറാവുന്ന സാദ്ധ്യതയിലേയ്ക്കാണ് കിഫ്ബി നിയമം വിരൽ ചൂണ്ടുന്നത്.

9.723 ശതമാനമാണ് മസാല ബോണ്ടിന്റെ പലിശ. കൊള്ളപ്പലിശ ആണെന്ന് നിസ്സംശയം പറയാം. കുറവാണെന്ന് തോമസ് ഐസക്കിനും അഭിപ്രായമില്ല. ആഭ്യന്തരമായി സംസ്ഥാന സർക്കാർതന്നെ ബാങ്കുകളിൽനിന്ന് 8.91%, കമ്പോളത്തിൽനിന്ന് 8.64%, നബാർഡിൽനിന്ന് 6.08%, ചെറുകിട നിക്ഷേപങ്ങളിൽനിന്ന് 5.46%, പ്രോവിഡന്റ് ഫണ്ടിൽനിന്ന് 7.50% തുടങ്ങിയ നിരക്കിലാണ് കടമെടുക്കുന്നത്. കേരളത്തിലെ സാമ്പത്തിക റേറ്റിംഗ് വെച്ചാണ് പലിശനിരക്ക് നിശ്ചയിക്കുന്നതത്രെ. ഒരു സംസ്ഥാനത്തിന് കിട്ടാവുന്നതിൽ ഏറ്റവും ഉയർന്ന റേറ്റിംഗ് ആയ ബിബി മൈനസ് ആണ് കേരളത്തിൽ നിശ്ചയിച്ചിരിക്കുന്നത്. ഓപ്പൺ ബിഡ്ഡിംഗ് ഒഴിവാക്കി ഇൻസ്റ്റിറ്റ്യൂഷണൽ ബിഡ്ഡിംഗ് എന്ന് തീരുമാനിച്ചതിലെയും, എസ്എൻസി ലാവലിൻ കമ്പനിയിൽ വൻതോതിൽ നിക്ഷേപമുള്ള നിക്ഷേപകമ്പനിയായ സിഡിപിക്യൂവുമായി ചർച്ചചെയ്ത് ഇത്ര ഉയർന്ന പലിശനിരക്കിൽ രഹസ്യമായി 2019 മാർച്ചിൽ ബോണ്ട് വിറ്റഴിച്ചതിന്ശേഷം ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തതിലെയും താല്പര്യങ്ങളെ സംബന്ധിച്ച് സ്വീകാര്യമായ വിശദീകരണങ്ങൾ ഇനിയും സർക്കാർ നൽകിയിട്ടില്ല. ഈ ബോണ്ടുകൾ ഓഹരിക്കമ്പോളത്തിലെ ഊഹക്കച്ചവടത്തിൽ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. അവിടെ നടക്കുന്ന ക്രയവിക്രയങ്ങൾ കേരളത്തിനെ നേരിട്ട് ബാധിക്കുന്നതല്ല എങ്കിലും ഈ പണംകൊണ്ട് ഇവിടെ നടക്കുന്ന നിക്ഷേപങ്ങളുടെ ലാഭസാധ്യത ഓഹരിക്കമ്പോളത്തിൽ നടക്കുന്ന ക്രയവിക്രയ നിരക്കുകളെ സ്വാധീനിക്കും. അതിനാൽതന്നെ മൂലധനശക്തികൾക്ക് അനുകൂലമായ അവരുടെ ലാഭനിരക്ക് വർദ്ധിപ്പിക്കാനുതകുന്ന നയരൂപീകരണത്തെയും സ്വാധീനിക്കും. കേരളമെന്ന ചെറിയ സംസ്ഥാനത്ത് മൂന്നുവർഷം കൊണ്ട് 50,000 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് പ്രഖ്യാപിക്കുന്നത് ഇത്തരത്തിലുള്ള ഒരു വിളംബരമാണ്. പ്രളയാനന്തര പുനഃർനിർമ്മാണത്തിനായി മുപ്പതിനായിരം കോടി രൂപ നിക്ഷേപിക്കും എന്നത് ഇത്തരത്തിലുള്ള മറ്റൊരു പ്രഖ്യാപനം ആണ്. സർവ്വലോക മുതലാളിമാരെ, കേരളത്തിലേയ്ക്ക് പോരൂ, 80,000 കോടിയുടെ കമ്പോളം നിങ്ങൾക്കായി കാത്തിരിക്കുന്നു എന്ന വിളംബരമാണ് സർക്കാർ നടത്തിയിരിക്കുന്നത്.

ഇത്രയും തുക കേരളത്തിൽ ചെലവഴിക്കുമ്പോൾ സമ്പദ്ഘടന ഉണരും എന്നുപറയുന്നത് അരുൺ ജെയ്റ്റ്ലിയുടെ അരിച്ചിറങ്ങൽ (Trickling down) സിദ്ധാന്തം പോലെ അസംബന്ധമാണ്. സമ്പന്നരുടെ സമ്പത്ത് വർദ്ധിക്കുമ്പോൾ അത് താഴേക്ക് അരിച്ചിറങ്ങി ദരിദ്രരുടെ കൈയിൽ എത്തിച്ചേരും എന്നതാണ് ജെയ്റ്റ്ലിയുടെ സിദ്ധാന്തം. കിഫ്ബി വഴി പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾ ഭൂരിപക്ഷവും വൻകിട നിർമ്മാണത്തിന്റെയോ വൻകിട പർച്ചേസിന്റെയോ പദ്ധതികളാണ്. ഇവയിൽ മുടക്കുന്ന തുകയുടെ എത്ര ശതമാനം യഥാർത്ഥത്തിൽ പ്രവൃത്തിപഥത്തിൽ എത്തും എന്നത് അങ്ങാടിപ്പാട്ടാണ്. അതൊക്കെ സ്ഥാപനവൽക്കരിക്കപ്പെട്ട അഴിമതിനിരക്കുകളിൽ നിബദ്ധമാണ് താനും. ഇതിന്റെയൊക്കെ പ്രയോജനം സംസ്ഥാനതന്നെ മുതലാളിമാർക്കോ തൊഴിലാളികൾക്കോ ലഭിക്കണമെന്ന് നിർബ്ബന്ധമൊന്നുമില്ല, അതുകൊണ്ട് തന്നെ തുടർന്ന് ഉണ്ടാകേണ്ട സാമ്പത്തിക ഉത്തേജനം (multiplier effect) ഉണ്ടാകണമെന്നുമില്ല.

**കടമെടുത്ത് മൂലധന താല്പര്യം സംരക്ഷിക്കുന്നതിന്റെ ഭാരം ചുമക്കേണ്ടിവരിക സാധാരണക്കാർ മാത്രമാവും. ഇതിന്റെ ഭാഗമായി നികുതിയേതര വരുമാനം കൂട്ടാൻ എന്നപേരിൽ സർക്കാരിന്റെ എല്ലാ സേവനങ്ങൾക്കും വൻതോതിൽ ഫീസ് കൂട്ടിയിരിക്കുകയാണ്. പ്രളയത്തിന്റെപേരിൽ ജിഎസ്ടിയിൽ ഒരു ശതമാനം വർദ്ധനവ് വന്നുകഴിഞ്ഞു. കൂടാതെ, എല്ലാത്തരം ക്ഷേമപ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിൻവാങ്ങുകയുമാണ്.**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായ ഏതാണ്ട് 2400 കോടി രൂപയുടെ പദ്ധതികൾ ഒരു ഉദാഹരണം എന്ന നിലയിൽ പരിശോധിക്കുന്നത് നന്നായിരിക്കും. നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണം ലോകബാങ്ക് പദ്ധതിയായ ഡിപിഇപിയിൽ ആരംഭിച്ച തലതിരിഞ്ഞ പാഠ്യപദ്ധതി അല്ല, മറിച്ച് ക്ലാസ് മുറികളിൽ കമ്പ്യൂട്ടർ ഇല്ലാത്തതാണെന്നാണ് സർക്കാർ കണ്ടെത്തിയിരിക്കുന്നത്. അതിനായി 1400 കോടി രൂപയുടെ കമ്പ്യൂട്ടർ പർച്ചേസ് ആണ് ഉദ്ദേശിക്കുന്നത്. അതിനായി ഒരു സർക്കാർസ്ഥാപനമായ ഐടി@സ്കൂളിനെ 'കൈറ്റ്' എന്ന പേരിൽ ഒരു കമ്പനി ആക്കി മാറ്റുകയാണ് ആദ്യമായി ചെയ്തത്. സർക്കാർ നടപടിക്രമങ്ങളിൽനിന്ന് ഒഴിയുന്നതിന്റെ സ്വാതന്ത്ര്യം അനുഭവിക്കാൻവേണ്ടിമാത്രമാണ് ഈ നടപടി. കടമെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പുകളെല്ലാം 'മിഷൻ മോഡ്' അല്ലെങ്കിൽ 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' എന്നൊക്കെ അറിയപ്പെടുന്ന സംവിധാനങ്ങൾ വഴിയാണ് ചെയ്യുന്നത്. ആഗോളവൽക്കരണകാലത്തെ സമ്പ്രദായങ്ങളാണിവ. പൊതുധനം മൂലധനതാൽപര്യങ്ങൾക്ക് അനുസരിച്ച് ചെലവിടുമ്പോൾ സർക്കാർ നിയന്ത്രണങ്ങൾ ഒഴിവാക്കുക എന്നതാണ് ലക്ഷ്യം.

വൻപലിശ കൊടുത്ത് സ്വരൂപിക്കുന്ന കടത്തെ ആശ്രയിച്ച് പ്രഖ്യാപിക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതിനുമുമ്പ്, നിക്ഷേപത്തിന്റെ ഫലം ലഭിക്കുന്നതിനുംമുമ്പ് തന്നെ തിരിച്ചടവ് വേണ്ടിവരും അപ്പോൾ നിക്ഷേപത്തിൽനിന്നുള്ള വരുമാന വർദ്ധനവിൽനിന്നല്ല, നിലവിലുള്ള ചെലവ് കുറച്ചിട്ടോ നികുതി കൂട്ടിയിട്ടോ ആകും തിരിച്ചടവ് തുക കണ്ടെത്തേണ്ടിവരിക. കടമെടുത്ത് മൂലധന താല്പര്യം സംരക്ഷിക്കുന്നതിന്റെ ഭാരം ചുമക്കേണ്ടിവരിക സാധാരണക്കാർ മാത്രമാവും. ഇതിന്റെ ഭാഗമായി നികുതിയേതര വരുമാനം കൂട്ടാൻ എന്നപേരിൽ സർക്കാരിന്റെ എല്ലാ സേവനങ്ങൾക്കും വൻതോതിൽ ഫീസ് കൂട്ടിയിരിക്കുകയാണ്. പ്രളയത്തിന്റെപേരിൽ ജിഎസ്ടിയിൽ ഒരു ശതമാനം വർദ്ധനവ് വന്നുകഴിഞ്ഞു. കൂടാതെ, എല്ലാത്തരം ക്ഷേമപ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിൻവാങ്ങുകയുമാണ്. പദ്ധതിച്ചെലവുകളിൽ ഉൾപ്പെടുത്തിയ ക്ഷേമപദ്ധതികൾക്കുവേണ്ടി പ്രഖ്യാപിക്കുന്നതിൽ എത്രയോ കുറവ് തുകമാത്രമാണ് വർഷാന്ത്യം ചെലവഴിച്ചുതീരുക. ഇങ്ങനെയുള്ള പദ്ധതികളുടെ ചെലവ് കുറച്ച് ബജറ്റ്കമ്മി കുറയ്ക്കുക എന്നതും പുതിയ സാമ്പത്തിക ശാസ്ത്രത്തിൽപെടുന്നവയാണ്.

ലക്ഷക്കണക്കായ സാധാരണക്കാരുടെ വരുമാന മാർഗ്ഗങ്ങൾ, ഇതഃപര്യന്തം നടപ്പിലാക്കിയിട്ടുള്ള മുതലാളിത്ത-ആഗോളവൽക്കരണ നയങ്ങളിലൂടെ തകർത്തിരിക്കുകയാണ്. നോട്ട് നിരോധനവും ജിഎസ്ടിയും ഉപയോഗിച്ചാണ് ഒടുവിലത്തെ ആക്രമണം നടത്തിയത്. അങ്ങിനെ, ഒരു വശത്ത് ജനങ്ങളുടെ ജീവിതം തകർക്കുന്നു, മറുവശത്ത് ആഗോള മുതലാളിമാരെ വിളിച്ച് വികസനം കൊണ്ടുവരാൻ പോകുന്നുവെന്ന് പറയുന്നു. എന്തൊരു വിരോധാഭാസമാണിത്! ■

## ബിജെപി വിജയം

# അതിശക്തമായ ജനകീയ പ്രക്ഷോഭം മാത്രം പോംവഴി

*(1-ാം പേജിൽ നിന്ന്)*

ളും ലംഘിച്ചുകൊണ്ട്, നിർലജ്ജം, ഭരണകക്ഷിയായ ബിജെപിയുടെ തെരഞ്ഞെടുപ്പ് താല്പര്യങ്ങൾ സംരക്ഷിക്കാനായി ആവുന്നതെല്ലാം തെരഞ്ഞെടുപ്പ് കമ്മീഷൻ ചെയ്തു സഹായിച്ചു.

പത്രങ്ങളുടെയും മാധ്യമങ്ങളുടെയും പിന്തുണ ഉറപ്പാക്കി. കോടികൾ വാരിയെറിഞ്ഞു. ജനഹിതത്തെയും തെരഞ്ഞെടുപ്പ് സംവിധാനങ്ങളെയും അട്ടിമറിച്ചു. ജനാഭിലാഷത്തിന് തീർത്തും എതിരായി, ഭരണകക്ഷിയായ ബിജെപിക്ക് അനുകൂലമായ ഒരു തെരഞ്ഞെടുപ്പ് ഫലം കൗശലപൂർവ്വം കൃത്രിമമായി സൃഷ്ടിച്ചെടുക്കാനായി, ഭരണമുതലാളിവർഗ്ഗത്തിന്റെ ആശീർവാദത്തോടെ, പണത്തിന്റെയും പേശീബലത്തിന്റെയും മാധ്യമങ്ങളുടെയും ഭരണസംവിധാനത്തിന്റെയുമൊക്കെ ശക്തികളെ കയറൂരിവിട്ടു. കൃത്യമായ കണക്കുകൂട്ടലുകളുമായി അധികാരത്തിലേറാൻ വേണ്ടതെല്ലാം കൃത്യമായ ചേരുവകളോടെ മുൻകൂട്ടി തയ്യാറാക്കി.

ബിജെപി മാത്രമല്ല, അധികാരത്തിലേറാൻ വെമ്പൽകൊണ്ടിരുന്ന രാഷ്ട്രീയ പാർട്ടികളും മുന്നണികളുമെല്ലാം ഇതേ കളിതന്നെയാണ് ആവർത്തിച്ചത്. വോട്ട് രാഷ്ട്രീയം കളിക്കുന്ന മറ്റ് ബൂർഷ്വാ പ്രതിപക്ഷ പാർട്ടികളും സിപിഐ(എം), സിപിഐ പാർട്ടികൾപോലും ഇതാണ് ചെയ്തത്. ഏറ്റവും നന്നായി കളിച്ചവർ ജയിച്ചു എന്നുമാത്രം. അതല്ലാതെ നമ്മുടെ ഭരണാധികാരികളും നേതാക്കന്മാരും പറയുന്നതുപോലെ ജനാധിപത്യത്തിന്റെ വിജയമൊന്നുമല്ല.

സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് അല്ല നടന്നത് എന്നത് ശരിവയ്ക്കുന്ന വാർത്തകളും തെളിവുകളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഇത് ഏറെ ആശങ്ക ഉളവാക്കുന്ന കാര്യമാണ്. 19 ലക്ഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ കാണാതായിരിക്കുന്നു. പലയിടങ്ങളിലും ബൂത്ത്പിടുത്തംതന്നെ നടന്നതായി റിപ്പോർട്ടുകൾ വരുന്നു. ഉദ്യോഗസ്ഥർ വീടുകളിലെത്തി വിരലിൽ മഷിപുരട്ടിക്കൊടുത്തു എന്നതടക്കമുള്ളവാർത്തകളാണ് പുറത്തുവരുന്നത്. നിജസ്ഥിതി എന്തെങ്കിലും പുറത്തുവരുമോ, എന്തെങ്കിലും അന്വേഷണം നടക്കുമോ എന്നറിയില്ല.

സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് എന്നത് ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. തെരഞ്ഞെടുപ്പ് ഇന്ന് വെറുമൊരു പ്രഹസനമായി മാറിയിരിക്കുന്നു. ഈ തെരഞ്ഞെടുപ്പിൽ ആർഎസ്എസ്-ബിജെപി ശക്തികൾ നടത്തിയ ഹീനമായ ഉപജാപങ്ങളും വഞ്ചനയും കള്ളത്തരങ്ങളും കാപട്യവുമൊക്കെ ഈ സുപ്രധാന വസ്തുത സംശയാതീതമായി തെളിയിച്ചിരിക്കുകയാണ്.

**ജനജീവിതത്തെ കശക്കിയെറിഞ്ഞ പ്രശ്നങ്ങളൊന്നും തന്നെ തെരഞ്ഞെടുപ്പ് വേളയിൽ ചർച്ചചെയ്യപ്പെട്ടില്ല. ജനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളെ കൗശലപൂർവ്വം പിന്തള്ളിക്കൊണ്ട് ജനങ്ങളുടെ ശ്രദ്ധ തിരിക്കാനായി ഒരുപിടി കൃത്രിമ പ്രശ്നങ്ങൾ മുൻപന്തിയിലേയ്ക്ക് ആനയിക്കപ്പെട്ടു. മതഭ്രാന്ത്, യുദ്ധാസക്തിപൂണ്ട ദേശീയഭ്രാന്ത്, യുദ്ധവെറി, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള ധ്രുവീകരണം തുടങ്ങിയവയൊക്കെ തീവ്രമായി ആളിക്കത്തിച്ചു.**

ആർഎസ്എസ്-ബിജെപി ശക്തികളുടെ തികച്ചും വർഗ്ഗീയവും ഫാസിസ്റ്റുമായ രാഷ്ട്രീയത്തെയും ആക്രമണ പദ്ധതികളെയും, ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളെ ആധാരമാക്കി വളർത്തിയെടുക്കപ്പെടുന്ന, നിരന്തരവും ശക്തവുമായ, യോജിച്ച ഇടതു-ജനാധിപത്യ പ്രസ്ഥാനത്തിലൂടെ പ്രതിരോധിക്കുക എന്നതാണ്, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയാൽ നയിക്കപ്പെടുന്ന നമ്മുടെ പാർട്ടി, ജനങ്ങളുടെ അടിയന്തര കർത്തവ്യമെന്ന നിലയിൽ അടിവരയിട്ട് പറഞ്ഞിട്ടുള്ളത്. മതത്തിന്റെ പേരിലും മറ്റ് ഹീനമാർഗ്ഗങ്ങളിലൂടെയും ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ആർഎസ്എസ്-ബിജെപി കുടില പദ്ധതി വിഫലമാക്കാൻ, ഇത്തരമൊരു യോജിച്ച ഇടതു-ജനാധിപത്യ മുന്നേറ്റത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന സാംസ്കാരികാന്തരീക്ഷത്തിലൂടെയേ സാധിക്കൂ.

നമ്മുടെ രാജ്യത്ത് കർഷകരുടെയും തൊഴിലാളികളുടെയും സ്ത്രീകളുടെയും വിദ്യാർത്ഥികളുടെയുമൊക്കെ സ്വമേധയായുള്ള, തുടർച്ചയായ സമരങ്ങൾ വളർന്നുവന്നിരുന്നു. സുഘടിതമായൊരു ഇടതു-ജനാധിപത്യ പ്രക്ഷോഭം വളർത്തിയെടുക്കാനുള്ള സാധ്യത അതിലൂടെ സൃഷ്ടിക്കപ്പെട്ടിരുന്നു. ബൂർഷ്വാ പാർലമെന്ററി രാഷ്ട്രീയത്തിൽ കടിച്ചുതൂങ്ങാതെ ഇവ്വിധമൊരു യോജിച്ച ബഹുജനപ്രക്ഷോഭം വളർത്തിയെടുക്കാനായി മുന്നോട്ടുവരണമെന്ന് സിപിഐ(എം), സിപിഐ പാർട്ടികളോടും കൂട്ടാളികളോടും നാം ആവർത്തിച്ച് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ, അവർ അതൊന്നും ചെവിക്കൊള്ളാൻ തയ്യാറായില്ല. ബൂർഷ്വാ പാർട്ടികളെയും, ചിലപ്പോഴൊക്കെ പ്രദേശികവാദികളായ പാർട്ടികളെയുംപോലും 'മതേതര', 'ജനാധിപത്യ' ശക്തികളെന്ന മുദ്ര ചാർത്തിക്കൊടുത്ത് അവരുമായി തത്വരഹിതവും അവസരവാദപരവുമായ സഖ്യങ്ങളിലും ധാരണകളിലും ഏർപ്പെട്ടുകൊണ്ട് ഏതാനും സീറ്റുകൾ തരപ്പെടുത്താനുള്ള തത്രപ്പാടിലായിരുന്നു അവർ. ഇതുമൂലം, തങ്ങളുടെ ഏറ്റവും വിശ്വസ്ത രാഷ്ട്രീയ കാര്യസ്ഥന്മാരായ ബിജെപിയെ വീണ്ടും കേന്ദ്രത്തിൽ അധികാരത്തിൽ അവരോധിക്കുന്നതിൽ ഭരണ മുതലാളിവർഗ്ഗം വിജയിച്ചു.

ഇത്തരമൊരു സാഹചര്യത്തിലും, എല്ലാ പ്രതികൂലാവസ്ഥകളെയും പ്രയാസങ്ങളെയും തരണം ചെയ്തുകൊണ്ടും, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയും വീറുറ്റ ഇടതുപക്ഷ രാഷ്ട്രീയവും ഉയർത്തിപ്പിടിച്ചുകൊണ്ടും നമ്മുടെ പാർട്ടി ഈ തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ പങ്കെടുക്കുകയും നേരായി ചിന്തിക്കുന്നവരുടെ അംഗീകാരം വലിയ അളവിൽ പിടിച്ചുപറ്റുകയും ചെയ്തു എന്നത് ശ്രദ്ധേയമാണ്.

ജനതാല്പര്യം പരിഗണിക്കുമ്പോൾ ഈ തെരഞ്ഞെടുപ്പുഫലം വിനാശകരമാണെങ്കിലും ഒട്ടും നിരാശരാകേണ്ടതില്ല. അവസരത്തിനൊത്തുയരാനും ഭരണ മുതലാളി വർഗ്ഗത്തിന്റെയും ബിജെപി ഗവണ്മെന്റിന്റെയും ഭാഗത്തുനിന്നുണ്ടാകുന്ന എത്ര കിരാതമായ ആക്രമണത്തിനും തക്കതായ തിരിച്ചടി നൽകുമെന്ന് പ്രതിജ്ഞയെടുക്കാനുമാണ്, ഞെട്ടലുളവാക്കുന്ന ഈ തെരഞ്ഞെടുപ്പ് ഫലം നമ്മോടാവശ്യപ്പെടുന്നത്. ആർഎസ്എസ് – ബിജെപി ശക്തികളുടെ തീർത്തും ജനവിരുദ്ധവും കടുത്ത വർഗ്ഗീയ-ഫാസിസ്റ്റ് സ്വഭാവത്തിലുള്ളതുമായ ചെയ്തികളെ, പൊരുതുന്ന ഇടതുപക്ഷീയതയുടെ ശരിയായ അടിസ്ഥാന രാഷ്ട്രീയ ലൈനിനെ ആധാരമാക്കിയുള്ളതും ഉന്നതമായ നൈതിക-സദാചാര-സാംസ്കാരിക ധാരണകളിൽ അടിയുറച്ചതുമായ വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ചുകൊണ്ട് തുരത്താനാകുമെന്നുറപ്പാണ്. നിരന്തരം വളർത്തിയെടുക്കപ്പെടുന്ന ഇത്തരത്തിലുള്ള ന്യായയുക്തവും വീറുറ്റതുമായ ബഹുജനസമരങ്ങളുടെ കുന്തമുനയാകാനുള്ള പ്രയത്നത്തിൽ പങ്കാളികളാകാൻ രാജ്യത്തെ ജനങ്ങളോടും എല്ലാ ഇടതുപക്ഷ പാർട്ടികളുടെയും സത്യസന്ധരായ പ്രവർത്തകരോടും അനുഭാവികളോടും ഹൃദയംഗമമായി ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# കേരളത്തിലെ തെരഞ്ഞെടുപ് ഫലം

**ഇ**ക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ഇരുപത് സീറ്റുകളിൽ പത്തൊമ്പതിലും യുഡിഎഫ് വിജയിക്കുകയാണുണ്ടായത്. ഇത്തരമൊരു വിജയം യുഡിഎഫ് നേതൃത്വം പോലും പ്രതീക്ഷിച്ചിരുന്നതല്ല. വോട്ടെണ്ണലിനു മുമ്പ് യുഡിഎഫ് നേതൃത്വം 15,000 വോട്ടിന്റെ വിജയം പ്രവചിച്ചിരുന്ന ഇടുക്കിയിൽ വോട്ടെണ്ണിയപ്പോൾ ലഭിച്ചത് ഒന്നേമുക്കാൽ ലക്ഷം വോട്ടിന്റെ ഭൂരിപക്ഷമായിരുന്നു. വളരെ ദുർബ്ബലമായ സംഘടനാസംവിധാനം, പ്രതിപക്ഷധർമ്മം പോലും നിറവേറ്റാനാകാതെ കഴിവുകേടിന്റെ പ്രതീകമായി മാറിയ സ്ഥിതി ഇവയൊക്കെ യുഡിഎഫിന് പ്രതികൂലമായി ഉണ്ടായിരുന്ന ശക്തമായ ഘടകങ്ങളായിരുന്നു. എന്നിട്ടും യുഡിഎഫ് പത്തുമണ്ഡലങ്ങളിൽ ഒരു ലക്ഷത്തിലധികം ഭൂരിപക്ഷം നേടി വിജയിച്ചു. രണ്ടു മണ്ഡലങ്ങളിൽ ഭൂരിപക്ഷം 2 ലക്ഷത്തിനു മേലെയാണ്. എൽഡിഎഫ് ജയിച്ച ഒരേയൊരു മണ്ഡലത്തിൽ ഭൂരിപക്ഷമാകട്ടെ പതിനായിരത്തിൽത്താഴെയും. ഇത്തരമൊരു കണ്ണഞ്ചിപ്പിക്കുന്ന വിജയം എങ്ങിനെയാണ് യുഡിഎഫിന് ലഭിച്ചത്. അത്രമേൽ ജനാനുകൂലമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ സംവിധാനമായി യുഡിഎഫ് മാറി എന്ന് ഇത് അർത്ഥമാക്കുന്നുണ്ടോ? നേർബുദ്ധിയുള്ള ഒരാളും കേരളത്തിൽ അങ്ങിനെ ചിന്തിക്കുന്നതേയില്ല. യഥാർത്ഥത്തിൽ ചത്തുകെട്ടു കിടന്ന യുഡിഎഫിന്റെ തലയിൽ ജനങ്ങൾ വിജയം കൊണ്ടിടുകയാണ് ചെയ്തത്.

യുഡിഎഫ് അനുകൂലമായ വിധിയെഴുതാൻ ജനങ്ങളെ പ്രേരിപ്പിക്കുംവിധം ജനാനുകൂലമായ രാഷ്ട്രീയം കൈയാളുന്ന മുന്നണിയല്ലല്ലോ അവർ. സ്വകാര്യമൂലധന ശക്തികൾക്കുവേണ്ടിയും ജനങ്ങളെ വൻതോതിൽ കൈയൊഴിഞ്ഞും നടത്തുന്ന ഭരണം മാത്രമാണ് അവരുടെ ചരിത്രം. സ്വാർത്ഥനേട്ടങ്ങൾക്കായി ഏതറ്റം വരെയും പോകുന്ന, ഭാഗ്യാന്വേഷണത്തിന്റെ രാഷ്ട്രീയം മാത്രം പയറ്റുന്ന കോൺഗ്രസ്സിനും യുഡിഎഫ് ഘടകകക്ഷികൾക്കും ജനങ്ങൾക്കിടയിൽ വൻതോതിൽ വിശ്വാസ്യത നഷ്ടപ്പെട്ട സാഹചര്യമുണ്ട്. ജനവിരുദ്ധ രാഷ്ട്രീയത്തിന്റെ വക്താക്കളെന്ന നിലയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനാൽ ജനങ്ങൾക്ക് യുഡിഎഫിൽ ഒരു പ്രതീക്ഷയുമില്ല. എങ്കിലും ജനങ്ങൾ വൻതോതിൽ യുഡിഎഫിന് വോട്ടു ചെയ്തു. യുഡിഎഫ് എന്ന രാഷ്ട്രീയ സംവിധാനത്തിലുള്ള ജനങ്ങളുടെ വിശ്വാസമല്ല, മറിച്ച് യുഡിഎഫിന്റെ രാഷ്ട്രീയ എതിരാളികളോടുള്ള പ്രതിഷേധവും വെറുപ്പും ഭയവും യുഡിഎഫിന് വോട്ടുചെയ്യാൻ ജനങ്ങളെ-പ്രത്യേകിച്ചും ന്യൂനപക്ഷങ്ങളെ-നിർബ്ബന്ധിതരാക്കി. കോൺഗ്രസ്സ് അനുകൂല വോട്ടിംഗ് എന്നതല്ല, ബിജെപി-എൽഡിഎഫ് വിരുദ്ധ വോട്ടിംഗാണ് കേരളത്തിൽ നടന്നത്.

വൻതോതിൽ വോട്ടുചോർന്നിട്ടുള്ളത് എൽഡിഎഫിൽ നിന്നുമാണ്. 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ച 43 ശതമാനം വോട്ട് 35 ശതമാനമായി എൽഡിഎഫിന് കുറയുകയാണ് ഉണ്ടായത്. അതായത് 8 ശതമാനം വോട്ട് ഇടതുമുന്നണിക്കു നഷ്ടപ്പെട്ടു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടിൽ 5 ശതമാനവും. 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ചതിനേക്കാൾ 0.6% വർദ്ധനവ് മാത്രമേ ബിജെപിക്ക് സൃഷ്ടിക്കാനായുള്ളൂ. എന്നാൽ യുഡിഎഫിന്റെ നേട്ടം 8.65% ആണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലഭിച്ചതിനേക്കാൾ 5.26 ശതമാനവും. കുറച്ചുനാളുകളായി കേരളത്തിലെ ഇടതു-വലതു മുന്നണികൾക്കിടയിൽ നിലനിന്നുവരുന്ന രണ്ടോ മൂന്നോ ശതമാനത്തിന്റെ നേരിയ വോട്ടുവ്യത്യാസം ഇത്തവണ വലിയ തോതിൽ മാറുകയാണുണ്ടായത്. 2004ൽ ഒരു സീറ്റിൽ മാത്രം ഒതുങ്ങിക്കൊണ്ട് ദയനീയ പരാജയം യുഡിഎഫ് ഏറ്റുവാങ്ങുമ്പോഴും വോട്ടു വ്യത്യാസം 5.62 ശ

*(ശേഷം 5-ാം പേജിൽ)*

# കേരളത്തിൽ ബിജെപി വിരുദ്ധ വികാരം യുഡിഎഫിന് മുതൽക്കൂട്ടായി

*(4-ാം പേജിൽ നിന്ന്)*

തമാനം മാത്രമായിരുന്നു. എന്നാൽ ഇത്തവണ എൽഡിഎഫ് നേടിയതിനേക്കാൾ 12.16 ശതമാനം വോട്ടാണ് യുഡിഎഫ് നേടിയത്. ജയിക്കുന്ന മുന്നണിക്ക് പതിവായി ലഭിക്കാറുള്ളത് ഏറിയാൽ 4 ലക്ഷത്തിന്റെ വരെ മാത്രം അധികവോട്ടാണ്. എന്നാൽ ഇത്തവണ യുഡിഎഫിന് ലഭിച്ചിട്ടുള്ള അധികവോട്ടാകട്ടെ 24 ലക്ഷത്തിനുമേലെയാണ്. ഇത്രയും കനപ്പെട്ട ഒരു വിജയം യുഡിഎഫിന് എങ്ങിനെ ഉണ്ടായി എന്നത് വസ്തുനിഷ്ഠമായി പരിശോധിക്കപ്പെടേണ്ടതാണ്.

ബിജെപി അനുവർത്തിക്കുന്ന ആക്രമണോൽസുകമായ വർഗ്ഗീയതയും അന്യമതവിദ്വേഷവും ന്യൂനപക്ഷ വിഭാഗങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ഭീതി അളക്കാനാവാത്തതാണ്. പശുവിന്റെ പേരിൽ രാജ്യമെമ്പാടും പാവപ്പെട്ട മനുഷ്യരെ തല്ലിക്കൊന്നു. ഭരിക്കുന്ന പാർട്ടിയെയും ഭരണത്തിന്റെ നയങ്ങളെയും വിമർശിക്കുക എന്നാൽ രാജ്യവിരുദ്ധ പ്രവർത്തനമായി ചിത്രീകരിക്കപ്പെടുന്ന ഭയജനകമായ സാഹചര്യം കഴിഞ്ഞ 5 വർഷത്തെ മോദി ഭരണത്തിലൂടെ സൃഷ്ടിക്കപ്പെട്ടു. സംഘപരിവാർ മുന്നോട്ടുവയ്ക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള രാജ്യസ്നേഹം തങ്ങൾക്കുണ്ടെന്നു ഓരോ നിമിഷവും സ്വയം സാക്ഷ്യപ്പെടുത്തിക്കൊണ്ടും ബോദ്ധ്യപ്പെടുത്തിക്കൊണ്ടും മാത്രമേ ജീവൻ സംരക്ഷിക്കാനാവൂ എന്ന സ്ഥിതി ന്യൂനപക്ഷങ്ങൾക്കുണ്ടായിരിക്കുന്നു. ജനാധിപത്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും വേണ്ടി ശബ്ദമുയർത്തിയവരെ തോക്കിന്നിരയാക്കി. വിയോജിപ്പിന്റെ ശബ്ദങ്ങൾക്ക് ഇടമില്ലാത്ത രാജ്യമായി ഇൻഡ്യ മാറി. സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ ഇന്നോളമുണ്ടായിട്ടില്ലാത്ത വിധം ന്യൂനപക്ഷങ്ങൾ സ്വന്തം രാജ്യത്ത് അന്യരാക്കപ്പെട്ടു. നിർഭയമായ, അഭിമാനകരമായ സാമൂഹ്യജീവിതം സാദ്ധ്യമാക്കാൻ ബിജെപിയെ എവ്വിധവും പുറത്താക്കുക എന്നതായിരുന്ന ജനങ്ങളുടെ മുമ്പിലെ - പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗങ്ങളുടെ മുമ്പിലെ - ഏകമാർഗ്ഗം. ദേശീയതലത്തിൽ പ്രസ്തുത ദൗത്യം നിറവേറ്റാൻ കോൺഗ്രസ്സിനു പരമാവധി എംപിമാരെ നൽകുക എന്ന സാധാരണ രാഷ്ട്രീയയുക്തി ജനങ്ങളിൽ ഒരു വലിയ വിഭാഗം സ്വീകരിച്ചു. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ന്യൂനപക്ഷ ധ്രുവീകരണത്തിന് അത് വഴിയൊരുക്കി. യുഡിഎഫിന്റെ വലിയ വിജയത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇതാണ്.

തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലുൾപ്പടെ കോൺഗ്രസ്സുമായും മുസ്ലീം ലീഗുമായും തെരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കി സിപിഐ(എം)ഉം സിപിഐയും തെരഞ്ഞെടുപ്പിനെ നേരിട്ടത്, സംസ്ഥാനത്ത് സിപിഐ(എം) സ്വീകരിക്കുന്ന കോൺഗ്രസ്സ് വിരുദ്ധ രാഷ്ട്രീയം കാപട്യമാണെന്ന് ചിന്തിക്കാൻ സാധാരണജനങ്ങളെ പ്രേരിപ്പിച്ചു. ആഴമാർന്ന രാഷ്ട്രീയ വിലയിരുത്തലിനു തയ്യാറാകാത്തവരായ സാധാരണജനങ്ങളെ സംബന്ധിച്ചിടത്തോളം ശക്തമായ കോൺഗ്രസ്സ് വിരുദ്ധ നിലപാട് സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകാത്ത സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെട്ടു. കോൺഗ്രസ്സിന് അനുകൂലമായ വോട്ടിംഗിൽ അധാർമ്മികമായി ഒന്നുമില്ല എന്ന അന്തരീക്ഷം സൃഷ്ടിക്കാൻ ഇത് ഇടവരുത്തി. വ്യക്തവും വ്യതിരിക്തവുമായ ഇടതുരാഷ്ട്രീയം ശക്തമായി സ്ഥാപിക്കപ്പെടാതെ പോവുകകൂടി ചെയ്തതോടെ യുഡിഎഫ് വിജയത്തിന് വഴി തെളിഞ്ഞു.

ഇരുമുന്നണിക്കും മാറി മാറി വോട്ടുചെയ്യുന്ന ഒരു ചെറുശതമാനം ആരെ അനുകൂലിക്കുമോ അവർക്കാണ് സാധാരണനിലയിൽ വിജയം ഉണ്ടാകാറുള്ളത് - ഒരു തരംഗം സൃഷ്ടിക്കാനുള്ള മറ്റ് പ്രബലമായ കാരണങ്ങൾ ഒന്നുമില്ലെങ്കിൽ. ഈ ചെറുവിഭാഗം ഇത്തവണ യുഡിഎഫിനോടൊപ്പം നിന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഇപ്പോൾ ദൃശ്യമായിരിക്കുന്ന അളവിലുള്ള വലിയ വിജയം സൃഷ്ടിക്കാൻ ഈ ചാഞ്ചാടി നിൽക്കുന്ന വിഭാഗത്തിന് ആവില്ല. അതിലും വ്യാപ്തിയേറിയ, ഒരു മാറ്റം ഇത്തവണ സംഭവിച്ചിരിക്കുന്നുവെന്ന് സംശയാതീതമായി വിലയിരുത്താം. കാലങ്ങളായി ഇടതുമുന്നണിക്ക് അനുകൂലമായി വോട്ടുചെയ്യുന്ന ജനങ്ങളിൽ അത്ര ചെറുതല്ലാത്ത ഒരു വിഭാഗം അവരെ കൈയൊഴിയുന്നുവെന്നതാണ് ഗൗരവതരമായ ഈ മാറ്റം. കേരളത്തിന്റെ ഇടതുമനോഘടന വീണ്ടും ദുർബ്ബലമാകുന്നുവെന്നതിന്റെ പ്രതിഫലനമാണിത്. ഇടതുരാഷ്ട്രീയത്തിന്റെ മനോഭാവത്തിൽനിന്നും അകന്നുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിൽ വലിയൊരു പങ്ക് ഇന്ന് കോൺഗ്രസ്സിന് അനുകൂലമായി നിലകൊണ്ടെങ്കിൽ, നാളെ ഇതിലും തീവ്രമായ വലതുപാളയത്തിലേക്ക് പോയിക്കൂട എന്നില്ല.

ഇത്രമേൽ ഒരു വോട്ടുചോർച്ച ഇടതുമുന്നണിക്കുണ്ടായത് എന്തുകൊണ്ടാണ്? സത്യസന്ധമായി വിലയിരുത്താനും പോരായ്മകൾ പരിഹരിക്കാനും സിപിഐ(എം) നയിക്കുന്ന ഇടതുമുന്നണി തയ്യാറാകുന്നില്ലെങ്കിൽ കേരളത്തിന്റെ ഇടതു - ജനാധിപത്യ മുന്നേറ്റം വലിയ തിരിച്ചടികളെ നേരിടേണ്ടിവരും. ബംഗാൾ നൽകുന്ന പാഠം അതാണ്.

ഇടതു മൂല്യങ്ങളെയും രാഷ്ട്രീയത്തെയും ഏതാണ്ട് പൂർണ്ണമായും തിരസ്കരിച്ചിരിക്കുന്ന, സംസ്ഥാനത്തെ എൽഡിഎഫ് ഭരണം ഇപ്രകാരമൊരു വിധിയെഴുത്തിന് ജനങ്ങളെ പ്രേരിപ്പിച്ചിരിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ്. കേന്ദ്രത്തിന്റെ ജിഎസ്ടി, കൂടുതൽ ശക്തമായി സംസ്ഥാനത്തെ ജനങ്ങളുടെ ശിരസ്സിൽ അടിച്ചേൽപ്പിച്ചും പെട്രോളിന്റെ നികുതി വർദ്ധിപ്പിച്ചും നട്ടെല്ല് തകർക്കുന്ന വിലക്കയറ്റത്തിന് ഇടവരുത്തിയത്, വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യമുതലാളിമാരെ ചട്ടങ്ങളും കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് കൈയയച്ച് സഹായിച്ചത്, റോഡ് വികസനത്തിന്റെ പേരിൽ സാധാരണ ജനങ്ങളെ കുടിയൊഴിപ്പിക്കാൻ കാട്ടിയ വ്യഗ്രത, ജനങ്ങളുടെ പൊതുസ്വത്തായ വനവും ഭൂമിയും വൻകിടമുതലാളിമാക്ക് അധീനപ്പെടുത്താനായി കോടതികളിൽ ഉൾപ്പടെ നടത്തുന്ന നിർലജ്ജമായ ഒത്താശകൾ, മറുവശത്ത് തല ചായ്ക്കാൻ ഇടം ചോദിക്കുന്ന ആദിവാസി-ദരിദ്ര ജനവിഭാഗങ്ങളോടും ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു സമരം നടത്തുന്ന സാധാരണജനങ്ങളോടും കാട്ടുന്ന അക്രമവും ധിക്കാരവും അവഗണനയും, തെരുവാധാരമാക്കപ്പെടുന്ന കരാർ തൊഴിലാളികൾ, യുഡിഎഫ് ഭരണം നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി തുടരുന്നത്, അഹന്തയും അധികാരമത്തും തലയ്ക്കുപിടിച്ച പെരുമാറ്റങ്ങൾ, രാഷ്ട്രീയ എതിരാളികളെ വകവരുത്തുന്ന ജനാധിപത്യധ്വംസനത്തിന്റെ രാഷ്ട്രീയം ഇപ്രകാരമുള്ള എണ്ണമറ്റ ജനവിരുദ്ധ നടപടികളിലൂടെയും സമീപനങ്ങളിലൂടെയും ജനങ്ങളുടെ പ്രതിഷേധത്തിനു പാത്രമായ സർക്കാരിനെ നയിക്കുന്ന ഇടതുമുന്നണിയാണ് തെരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീകരിച്ചത്. സ്വാഭാവികമായും രാഷ്ട്രീയബോധത്തിന്റെയും നയങ്ങളുടെയും അടിസ്ഥാനത്തിൽ വോട്ടു ചെയ്യുന്ന ജനവിഭാഗങ്ങളുടെ വിധിയെഴുത്തിന് ഇവയൊക്കെ ആധാരമാവുകയും ചെയ്തു.

ശബരിമല വിഷയം സിപിഐ(എം) കൈകാര്യം ചെയ്തത് വളരെ സങ്കുചിതമായ പാർലമെന്ററി ലക്ഷ്യത്തോടെയായിരുന്നുവെന്ന് അപ്പോൾത്തന്നെ ഞങ്ങൾ ചൂണ്ടിക്കാട്ടിയതാണ്. പരമാവധി മുതലെടുക്കാൻ അവസരം നൽകി, ബിജെപിയെ ഒരു ശക്തിയായി അവതരിപ്പിച്ച് യുഡിഎഫിന്റെ വോട്ട് ക്ഷയിപ്പിക്കുക എന്നതായിരുന്നുസിപിഐ(എം)ന്റെ ലക്ഷ്യം. അതു തിരിച്ചടിക്കുകയാണുണ്ടായത്. സാധാരക്കാരായ മതവിശ്വാസികളിൽ കൂടുതൽ ആക്രമണോൽസുകമായി ചിന്തിക്കുന്ന ഒരു പരിമിത വിഭാഗത്തിന്റെ പിന്തുണ നേടാൻ ബിജെപിക്ക് കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലഭിച്ചതിലേറെ വോട്ട് നേടാൻ അവർക്കു കഴിഞ്ഞതിന്റെ ഒരു കാരണവും അതുതന്നെയാണ്. ശബരിമലയെ മുൻനിർത്തി സിപിഐ(എം) അനുവർത്തിച്ച നിലപാട് വഴി കേരളത്തിന്റെ മതേതരമനോഘടനയ്ക്കുമേൽ സൃഷ്ടിച്ച ആഘാതമെന്തെന്ന്, മോദി ഭരണത്തിനെതിരെയുള്ള ശക്തമായ ജനവികാരമെന്ന പ്രതികൂല ഘടകത്തെയും മറികടന്ന് ബിജെപി നേടിയ 16 ശതമാനം വോട്ട് വ്യക്തമാക്കുന്നു. എന്നാൽ മതവിശ്വാസത്തെ ഉപയോഗിച്ച് രാഷ്ട്രീയ നേട്ടം സൃഷ്ടിക്കാൻ ബിജെപി ശ്രമിക്കുകയാണെന്ന് തിരിച്ചറിഞ്ഞ കടുത്ത നിലപാടുകളില്ലാത്ത മതവിശ്വാസികളിലെ വലിയൊരുവിഭാഗവും യുഡിഎഫിനെ പിന്തുണയ്ക്കുകയാണ് ചെയ്തത്. അതിൽ നല്ലൊരു പങ്ക് ഇടതുവോട്ടർമാരാണെന്നുള്ളതും സിപിഐ(എം)ന്റെ വോട്ടു നഷ്ടം വ്യക്തമാക്കുന്നു. മതവിശ്വാസത്തെ ആധാരമാക്കി വോട്ട് ചെയ്യാൻ വലിയൊരു വിഭാഗം ജനങ്ങൾ പ്രേരിതരായി എന്ന അപചയമാണ് ഇതിന്റെ ആത്യന്തിക ഫലം. ഈ സാഹചര്യം സൃഷ്ടിച്ചതിൽ സിപിഐ(എം) നാണ് കൂടുതൽ പങ്ക്, കോൺഗ്രസ്സ് നേതൃത്വത്തിനും ഒട്ടും കുറയാത്ത പങ്കുണ്ട്.

കേരളത്തിലെ തെരഞ്ഞെടുപ്പ് ഫലം സാമൂഹ്യപുരോഗതിയെ ഗൗരവപൂർവ്വം കാണുന്നവർക്കും ഇടതുവിശ്വാസികൾക്കും ആശങ്ക ജനിപ്പിക്കുന്നതാണ്. കേരളം ആപൽക്കരമായ ഒരു തിരിച്ചുപോക്കിലാണ്. മതാന്ധതയും മതവൈരിയും കത്തിയാളിക്കുന്ന ശക്തികൾ സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സമൂഹത്തിൽ ഇരുട്ടുപരത്തുകയാണ്. സാമൂഹ്യനന്മയ്ക്കും ഉയർന്ന ജനാധിപത്യ-മതേതര മൂല്യങ്ങൾക്കുംവേണ്ടി പോരടിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഇടതുപ്രസ്ഥാനങ്ങൾ വളരെ സങ്കുചിതമായ പാർലമെന്ററി അധികാര രാഷ്ട്രീയത്തിന്റെ മാർഗ്ഗത്തിൽ ഉന്നതമായതെല്ലാം വലിച്ചെറിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ ജനങ്ങളുടെ അവകാശപ്പോരാട്ടങ്ങൾ, ജനാധിപത്യമുന്നേറ്റങ്ങൾ, ഉയർന്ന സംസ്കാരത്തിന്റെ പ്രതിപ്രവാഹങ്ങൾ - ഇവ സൃഷ്ടിക്കാൻ ഇനി ഒരു നിമിഷം പോലും വൈകാനാകില്ല. എത്ര ശ്രമകരമെങ്കിലും ഈ ദൗത്യം നിറവേറ്റാൻ ജനാധിപത്യ വിശ്വാസികളും മനുഷ്യസ്നേഹികളും മുന്നോട്ടുവന്നാൽ ഈ അന്ധകാരം നമുക്ക് മാറ്റിയെടുക്കാൻ കഴിയും. വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിന്തുണയില്ലാതെ, ജാതിക്കും മതത്തിനും അതീതമായി, ജനങ്ങൾ സ്വന്തം കരുത്തിൽ പടുത്തുയർത്തിയ നിരവധി ജനകീയ പ്രക്ഷോഭങ്ങൾ വിജയം വരിക്കുന്നത് സമീപകാലത്തെ ആവേശകരമായ അനുഭവമാണ്. ജനകീയ പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് ഇടതു-ജനാധിപത്യ പ്രസ്ഥാനങ്ങൾ മടങ്ങിവന്നാൽ ഈ മുന്നേറ്റങ്ങൾ കൂടുതൽ ശക്തിപ്പെടും. സാമൂഹ്യാന്തരീക്ഷമാകെ ഉയർന്ന മൂല്യങ്ങളാൽ പ്രകാശം നിറഞ്ഞതാകും. ജനങ്ങളുടെ സാഹോദര്യവും ഐക്യവും ആർക്കും ഭേദിക്കാനാവാത്തവിധം കൂടുതൽ ദൃഢമാകും. മതേതരമായ ജീവിതവീക്ഷണം ജനങ്ങളെയാകെ ഒന്നിപ്പിക്കുന്ന ശക്തമായ സാമൂഹ്യഘടകമായി ഉയർന്നുവരും. ഒരു വിഭാഗവും അവരുടെ മതവിശ്വാസത്തിന്റെപേരിൽ അകറ്റിനിർത്തപ്പെടാത്ത, ആക്രമിക്കപ്പെടാത്ത സാഹചര്യം അങ്ങിനെ മാത്രമേ ഉയർന്നുവരൂ. സാമൂഹ്യസുരക്ഷിതത്വം ഏതെങ്കിലും രാഷ്ട്രീയപ്രസ്ഥാനം ഔദാര്യമായി നൽകുന്നതല്ലെന്ന് ന്യൂനപക്ഷങ്ങൾ തിരിച്ചറിയണം. ജനാധിപത്യ-മതേതര മൂല്യങ്ങൾ ദൃഢമായി സ്ഥാപിക്കപ്പെട്ട ഒരു സമൂഹത്തിൽ മാത്രമേ അഭിമാനകരമായ ജീവിതം സാദ്ധ്യമാകൂ. അതിനായി സമർപ്പിതമായി പ്രയത്നിക്കുവാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഏവരോടും അഭ്യർത്ഥിക്കുന്നു. ■

**ബിജെപിയെ എവ്വിധവും പുറത്താക്കുക എന്നതായിരുന്ന ജനങ്ങളുടെ മുമ്പിലെ-പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗങ്ങളുടെ മുമ്പിലെ-ഏകമാർഗ്ഗം. ദേശീയതലത്തിൽ പ്രസ്തുത ദൗത്യം നിറവേറ്റാൻ കോൺഗ്രസ്സിനു പരമാവധി എം.പിമാരെ നൽകുക എന്ന സാധാരണ രാഷ്ട്രീയയുക്തി ജനങ്ങളിൽ ഒരു വലിയ വിഭാഗം സ്വീകരിച്ചു. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ന്യൂനപക്ഷ ധ്രുവീകരണത്തിന് അത് വഴിയൊരുക്കി. യുഡിഎഫിന്റെ വലിയ വിജയത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇതാണ്.**

# യൂണിവേഴ്സിറ്റി കോളേജിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ പ്രതിഷേധപ്രസ്ഥാനം രൂപപ്പെടുന്നു

**ക**ലാലയങ്ങളിലെ സ്വാതന്ത്ര്യനിഷേധത്തിന് ഒരു ഇര കൂടി പിറന്നിരിക്കുന്നു. സംഘടനാ സ്വാതന്ത്ര്യനിഷേധത്തിന്റെ ഇരയല്ല; സംഘടന, വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്നതിന്റെ ഇരയാണ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ആത്മഹത്യാശ്രമം നടത്തിയ വിദ്യാർത്ഥിനി. കാലങ്ങളായി കടുത്ത മനുഷ്യാവകാശലംഘനങ്ങൾ അരങ്ങേറുന്ന കലാലയമാണ് തലസ്ഥാനത്തെ ഹൃദയ ഭൂമിയിൽ നിലകൊള്ളുന്ന ആ കോളേജ്. നൂറ്റാണ്ടിലേറെ പാരമ്പര്യമുള്ള 'ചരിത്രമുറങ്ങുന്ന' യൂണിവേഴ്സിറ്റി കോളേജിൽ സ്വപ്നങ്ങൾ നിലച്ചിട്ട് കാലമേറെയായി. അക്ഷരാർത്ഥത്തിൽ ചരിത്രം അവിടെ ഉറങ്ങുകയാണ്.

ഒന്നാം വർഷം ബിഎസ്സി കെമിസ്ട്രി പഠിക്കാൻ വളരെയേറെ പ്രതീക്ഷയോടെയാണ് ആ വിദ്യാർത്ഥിനി യൂണിവേഴ്സിറ്റി കോളേജിന്റെ കവാടം കടന്നെത്തിയത്. എന്നാൽ, കടുത്ത നിരാശയാണ് ആ കുട്ടിയെ എതിരേറ്റത്. അക്കാദമിക സാഹചര്യങ്ങളുടെ അപര്യാപ്തതകളോ, അധ്യാപകരുടെ ഭാഗത്ത് നിന്നുള്ള പെരുമാറ്റ ദൂഷ്യമോ, ഇന്റേണൽ അസസ്മെന്റു പോലുമോ അല്ല അവളിൽ ആത്മസംഘർഷം സൃഷ്ടിച്ചത്. കലാലയങ്ങളിൽ അപ്രമാദിത്വം സ്ഥാപിച്ച് അരങ്ങു വാഴുന്ന അക്രമി സംഘത്തിന്റെ നിരന്തരമായ ശല്യം മൂലമാണ് ആത്മഹത്യാ കുറിപ്പ് തയ്യാറാക്കി മരിക്കാൻ ആ വിദ്യാർത്ഥിനി ശ്രമിച്ചത്. രണ്ടു പേജുള്ള ആ കുറിപ്പിൽ നിറയെ എസ്എഫ്ഐ പ്രവർത്തകരുടെ അസഹനീയമായ പെരുമാറ്റമാണ് വർണ്ണിച്ചിട്ടുള്ളത്.

എസ്എഫ്ഐയുടെ സ്വേച്ഛാധിപത്യം അടിമുടി നിലനിൽക്കുന്ന ഒരു കലാലയത്തിൽ അവരുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് എല്ലാ വിദ്യാർത്ഥികളും പെരുമാറണമെന്ന ജനാധിപത്യ വിരുദ്ധത സഹനത്തിന്റെ എല്ലാ സീമകളും കടന്നിരിക്കുന്നുവെന്നതിന് ഇതിൽപ്പരം ഒരു തെളിവാവശ്യമില്ല. എസ്എഫ്ഐ യൂണിറ്റ് സെക്രട്ടറിയുടെ അനുവാദമില്ലാതെ ലൈബ്രറിയിൽ പോകാൻ വിദ്യാർത്ഥികൾക്ക് കഴിയില്ലായെന്ന് കേട്ടാൽ വിശ്വസിക്കാനാവുമോ? അതാണ് സാഹചര്യമെന്ന് പറയുന്ന വിദ്യാർത്ഥികൾ ഭയവിഹ്വലരായിട്ടാണ് അത് സൂചിപ്പിക്കുന്നത് പോലും. പക്ഷേ, തുറന്നു പറയാൻ എന്തുകൊണ്ട് വിദ്യാർത്ഥികൾ ധൈര്യം കാട്ടുന്നില്ല? കാരണം, പ്രതിഷേധിക്കുന്നവർക്ക് ഈ കോളേജിൽ തുടർ പഠനം അസാധ്യമാകുമെന്നതുതന്നെയാണ്.

എങ്കിൽ എന്തുകൊണ്ട് നിങ്ങൾ അധ്യാപകരോട് പരാതിപ്പെടുന്നില്ലായെന്ന ചോദ്യത്തിന്, അദ്ധ്യാപകർ തങ്ങളെക്കാൾ മോശം അവസ്ഥയിലാണ് കഴിയുന്നതെന്നാണ് ഒരു വിദ്യാർത്ഥി പറഞ്ഞത്. സംഘടനയുടെ നേതൃനിരയിൽ പ്രവർത്തിക്കുന്ന ഒരു സംഘമാണ് അവിടെ കാര്യങ്ങൾ തീരുമാനിക്കുന്നത്. അതിനെ ചോദ്യം ചെയ്യാൻ ഒരദ്ധ്യാപകനും തയ്യാറാകില്ല. എത്രമേൽ ദുഃഖകരമായ അവസ്ഥാവിശേഷം!

എസ്എഫ്ഐയുടെ മുഖപത്രമായ 'സ്റ്റുഡന്റി'ന്റെ വരിക്കാരാകാൻ സർവ്വവിദ്യാർത്ഥികളും നിർബന്ധിതരാണ് ആ ക്യാമ്പസ്സിൽ. വാർഷിക വരിസംഖ്യ എല്ലാ വിദ്യാർത്ഥികളും നൽകിയിരിക്കണം. അങ്ങനെയല്ലാത്തവർക്ക് നിരന്തരമായ ശകാരം കേൾക്കേണ്ടി വരുമത്രെ! ഒരു ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥിയ്ക്ക് മറ്റൊരു ഡിപ്പാർട്ടുമെന്റിലെ വിദ്യാർത്ഥിയെ കാണണമെങ്കിൽ കാരണം വിശദീകരിയ്ക്കണം. അല്ലെങ്കിൽ ചേട്ടൻമാർ ദേഷ്യപ്പെടുമെന്നതിനാൽ അതിനും കീഴ്വഴങ്ങുന്ന വിദ്യർത്ഥികളാണ് അവിടെയുള്ളതെന്നറിയുമ്പോൾ തല താഴ്ത്താതെ നിർവ്വാഹമില്ല.

ഗുണ്ടായിസം ഒരു ആൺമേൽക്കോയ്മയുടെ മാത്രം സൃഷ്ടിയല്ല അവിടെ. പെൺകുട്ടികളെ മാനസികമായി കൈകാര്യം ചെയ്യാൻ പെൺഗുണ്ടകളും ആ കോളേജിലുണ്ട്. ആത്മഹത്യാ ശ്രമം നടത്തിയ വിദ്യാർത്ഥിനി നേരിട്ട മാനസിക പീഡനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ മേൽപ്പറഞ്ഞ പെൺകോയ്മകളുടെ മുഷ്ക്കുമുണ്ടായിരുന്നു.





മേയ് 10ന് തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് ഹാളിൽ ചേർന്ന പൗരസംഗമത്തിൽ സേവ് എഡ്യൂക്കേഷൻ കമ്മറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ പ്രസംഗിക്കുന്നു

തിരുവനന്തപുരം ആർട്സ് കോളേജിലും സമാനമായ സാഹചര്യത്തിലൂടെയാണ് വിദ്യാർത്ഥികൾ കടന്നു പോകുന്നത്. കലാലയമെന്ന് അവയെ വിളിയ്ക്കാനാവില്ല. വിദ്യാർത്ഥികളുടെ തടവറകളായി പല കലാലയങ്ങളും മാറിയിരിക്കുന്നുവെന്ന വസ്തുതയ്ക്ക് നേരെ കണ്ണടയ്ക്കുന്നത്, വ്യക്തിത്വങ്ങൾ രൂപപ്പെടേണ്ട ഭാവി തലമുറയോട് സമൂഹം ചെയ്യുന്ന അപരാധമായിരിക്കും. സ്വാശ്രയ സ്ഥാപനമായ പാമ്പാടി നെഹ്റു കോളേജിലെ ഇടിമുറിക്കെതിരെ കേരള മനഃസാക്ഷിയുണർന്നതാണ്. ആ ഇടിമുറിയിലെ പീഡനങ്ങൾ മാനേജ്മെന്റുകളുടെ വകയായിരുന്നുവെന്നതിനാൽ, വിദ്യാർത്ഥി സംഘടനകൾ രൂപപ്പെട്ടാൽ മാത്രമേ അത്തരം മനുഷ്യാവകാശ ലംഘനങ്ങൾക്ക് തടയിടാനാകൂ എന്ന വസ്തുത ചൂണ്ടിക്കാണിക്കപ്പെട്ടു. തീർച്ചയായും ജനാധിപത്യാന്തരീക്ഷം നിലനിൽക്കണമെങ്കിൽ വിദ്യാർത്ഥികൾക്ക് സംഘടനാ സ്വാതന്ത്ര്യം ആവശ്യമാണ്. അത് സംരക്ഷിക്കപ്പെടുക തന്നെ വേണം. എന്നാൽ, ആ സംഘടനാ സ്വാതന്ത്ര്യത്തെയും പൗരസ്വാതന്ത്ര്യത്തെയും സ്വേച്ഛാപരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു സംഘടന തങ്ങളുടെ വിശേഷാവകാശമാക്കി മാറ്റിയാൽ അവിടെ മരിക്കുന്നത് സ്വാതന്ത്ര്യം തന്നെയാണ്. യൂണിവേഴ്സിറ്റി കോളേജിൽ സംഘടനാ സ്വാതന്ത്ര്യം മാത്രമല്ല, പൗരസ്വാതന്ത്ര്യവും ഹനിക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യാവകാശമെന്നാൽ വിദ്യാർത്ഥിയ്ക്ക്/പൗരന് സ്വതന്ത്രമായി സംസാരിക്കാനുള്ള അവകാശമെന്നാണർത്ഥം. ആ സംസാരത്തിൽ രാഷ്ട്രീയവും ഉൾപ്പെടുന്നു.

എൺപതുകളിൽ, എതിരാളികളെ, രാഷ്ട്രീയ കാരണങ്ങളാൽ ആക്രമിക്കുന്ന ഒരു സംഘമായിരുന്നു അവിടെയുണ്ടായിരുന്നത്. എന്നാൽ, ഇന്ന് രാഷ്ട്രീയം പേരിനു പോലും ആ കലാലയത്തിൽ നമുക്ക് കാണാനാവില്ല. ഒരു രാഷ്ട്രീയവുമില്ലാത്ത നിസ്സഹായരായ അനേകം വിദ്യാർത്ഥികളാണ് പീഡനങ്ങൾക്കും താഡനങ്ങൾക്കും ഇരകളായി, വ്യക്തിത്വം നഷ്ടപ്പെട്ട്,

(ശേഷം 7–ാം പേജിൽ)

## പൗരസംഗമം അംഗീകരിച്ച പ്രഖ്യാപനം

**കാ**ലം കൈയൊപ്പ് ചാർത്തിയ, നൂറ്റമ്പത് വർഷത്തെ പാരമ്പര്യമുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പതിറ്റാണ്ടുകളായി നടക്കുന്ന നഗ്നമായ മനുഷ്യാവകാശലംഘനങ്ങൾക്ക് അറുതിവരുത്താനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ഒരു ചെറുസംഘം വരുന്ന അക്രമികളുടെ പിടിയിലാണ് മഹത്തായ പാരമ്പര്യമുണ്ടായിരുന്ന യൂണിവേഴ്സിറ്റി കോളേജ്. ആ പാരമ്പര്യത്തിനും നന്മകളുടെ പൈതൃകത്തിനും ഇപ്പോൾ ഒരു നൈരന്തര്യമില്ലാതായിരിക്കുന്നു. എസ്എഫ്ഐ എന്ന പേരിലുള്ള വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ഏകഛത്രാധിപത്യത്തിന് കീഴിൽ ആ കോളേജിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ഭയവിഹ്വലരാണ്. പേരിന് പോലും ജനാധിപത്യാവകാശങ്ങൾ അവിടെ നിലനിൽക്കുന്നില്ല.

ആധുനിക കാലഘട്ടത്തിൽ കേരളം പോലൊരു നാട്ടിൽ സങ്കൽപ്പിക്കാൻ പോലുമാകാത്ത വിധത്തിലുള്ള കാര്യങ്ങളാണ് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമെതിരെ ഒരു സംഘം അക്രമികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്നാം വർഷ ബിഎസ്സി വിദ്യാർത്ഥിനി പീഡനങ്ങൾ സഹിയ്ക്കവയ്യാതെ തയ്യാറാക്കിയ ആത്മഹത്യാക്കുറിപ്പിൽ പറയുന്ന കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. എസ്എഫ്ഐ നേതാക്കളുടെ അനുമതിയില്ലാതെ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി പഠിക്കാനോ ഏതെങ്കിലും സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ കഴിയില്ലായെന്ന അത്യന്തം ഗുരുതരമായ സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാണ്. ചോദ്യം ചെയ്യുന്ന അദ്ധ്യാപകരെ ഭീഷണിപ്പെടുത്തുന്നു. വിദ്യാർത്ഥികൾ നൽകുന്ന പരാതികളിന്മേൽ ഒരു നടപടിയും അധികാരികൾ സ്വീകരിക്കുന്നുമില്ല.

എസ്എഫ്ഐയുടെ സ്റ്റുഡന്റ് മാഗസിന്റെ വാർഷിക വരിസംഖ്യയെടുക്കാൻ പണം നിർബന്ധമായി നൽകണം. പിരിവ് നൽകാത്ത വിദ്യാർത്ഥികളെ ഇടിമുറിയിൽ മർദ്ദിക്കുന്നത് നിത്യസംഭവമാണ്. അസഹനീയമായ പീഡനങ്ങൾ മൂലം നൂറ് കണക്കിന് വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചുപോവുകയോ, ട്രാൻസ്ഫർ വാങ്ങിപോവുകയോ ചെയ്യുന്നു.

ഈ സാഹചര്യത്തിൽ, പ്രബുദ്ധ സമൂഹം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും രക്ഷിക്കുവാൻ മുന്നിട്ടിറങ്ങണമെന്ന് ഈ പൗരസമ്മേളനം ആഹ്വാനം ചെയ്യുന്നു. യൂണിവേഴ്സിറ്റി കോളേജിൽ നടമാടുന്ന മനുഷ്യത്വവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായി അന്വേഷിക്കാൻ സ്വതന്ത്ര ജൂഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയോഗിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി പഠിക്കുവാനും വ്യത്യസ്ത സംഘടനകളിൽ പ്രവർത്തിക്കുവാനും അദ്ധ്യാപകർക്ക് പഠിപ്പിക്കുവാനും നിർഭയം അഭിപ്രായങ്ങൾ പങ്ക് വെയ്ക്കാനും കഴിയുന്ന ജനാധിപത്യാന്തരീക്ഷം പുനഃസ്ഥാപിക്കുന്നതുവരെ പൗരസമൂഹം ജാഗ്രതയോടെ നിലയുറപ്പിക്കും. അക്രമികളെ മുഴുവൻ കോളേജ് ക്യാമ്പസ്സിൽനിന്ന് പുറത്താക്കാൻ സർവ്വകലാശാല അധികൃതർ നടപടി സ്വീകരിക്കണം. പെൺകുട്ടിക്കെതിരെ ആത്മഹത്യാശ്രമത്തിന് നിയമവിരുദ്ധമായി കേസെടുത്ത നടപടി പിൻവലിക്കണം. കുറ്റക്കാരായ മുഴുവൻ എസ്എഫ്ഐ പ്രവർത്തകരെയും അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരണം. യൂണിവേഴ്സിറ്റി കോളേജിലെ ഭയാനകമായ അന്തരീക്ഷത്തെക്കുറിച്ചും പൗരാവകാശഹത്യയെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജനകീയ ജൂഡീഷ്യൽ വസ്തുതാന്വേഷണ കമ്മീഷനെ നിയോഗിക്കും.

പൊതുസമൂഹം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും ഒപ്പമുണ്ടെന്ന് ഈ സംഗമം പ്രഖ്യാപിക്കുന്നു. ആത്മഹത്യാശ്രമം നടത്തി യൂണിവേഴ്സിറ്റി കോളേജിലെ അവസ്ഥ പുറംലോകത്തെ അറിയിച്ച വിദ്യാർത്ഥിനിയ്ക്ക് ഈ പൗരസമൂഹ സംഗമം സർവ്വവിധ ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു. ■

# യൂണിവേഴ്സിറ്റി കോളേജ്: ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗം വിദ്യാർത്ഥിസംഘടനകൾ ബഹിഷ്ക്കരിച്ചു

ഉന്നതവിദ്യാഭ്യാസ മന്ത്രി കെ.ടി.ജലീൽ വിളിച്ചുചേർത്തയോഗത്തിൽ യൂണിവഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനിയുടെ ആത്മഹത്യയെ തുടർന്ന് പുറത്തുവന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ വിസമ്മതിച്ചതിനെ തുടർന്ന് എഐഡിഎസ്ഒ ബഹിഷ്ക്കരിച്ചു. വിദ്യാർത്ഥിനിയുടെ ആത്മഹത്യാക്കുറിപ്പ് പ്രാഥമികമായ തെളിവായി സ്വീകരിച്ചുകൊണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുക, യൂണിവേഴ്സിറ്റി കോളേജിലെ ജനാധിപത്യലംഘനങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുക, വിദ്യാർത്ഥിനിക്ക് നേരെ ആത്മഹത്യശ്രമത്തിന് ചുമത്തിയിരിക്കുന്ന കേസ് പിൻവലിക്കുക, വിദ്യാർത്ഥിനിയുടെ തുടർപഠനത്തിന് സാഹചര്യമൊരുക്കുക എന്നീ ആവശ്യങ്ങൾ എഐഡിഎസ്ഒ ഉന്നയിച്ചെങ്കിലും പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുവാൻ മന്ത്രി തയ്യാറായില്ല. മാത്രമല്ല, ഒന്നരമണിക്കൂർ യാത്ര ചെയ്യേണ്ടതുകൊണ്ടാണ് പെൺകുട്ടി ടിസിക്ക് അപേക്ഷിച്ചതെന്ന നിരുത്തരവാദപരമായ നിലപാടാണ് മന്ത്രി സ്വീകരിച്ചത്. ഈ വിഷയം ഇവിടെ ചർച്ച ചെയ്യേണ്ടതില്ലെന്ന എസ്എഫ്ഐ പ്രതിനിധിയുടെ വാദത്തെ മന്ത്രി അംഗീകരിക്കുകയും ചെയ്തു. ഈ നിലപാടുകളിൽ പ്രതിഷേധിച്ച് എഐഡിഎസ്ഒ പ്രതിനിധികൾ ചർച്ച ബഹിഷ്ക്കരിച്ചു. കെഎസ്‌യു, എംഎസ്എഫ് എന്നീ സംഘടനകളും ചർച്ച ബഹിഷ്ക്കരിച്ചു.

സ്വകാര്യസർവ്വകലാശാലകളുടെ കടന്നുവരവിന് അനുരോധമായ വിധത്തിൽ കൂടുതൽ കോളേജുകൾക്ക് സ്വയംഭരണം നൽകണമെന്ന നിലപാടിലും അതിനുള്ള നിയമങ്ങൾ ലഘൂകരിക്കണമെന്നുമുള്ള മന്ത്രിയുടെ സമീപനത്തിലും എഐഡിഎസ്ഒ പ്രതിഷേധിച്ചു. റൂസ പ്രോജക്ടിന്റെ നടത്തിപ്പ് നിർത്തിവെയ്ക്കണമെന്നും കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകരുതെന്നും നിലവിൽ കോളേജുകൾക്ക് നൽകിയിരിക്കുന്ന സ്വയംഭരണ പദവി കൂടി പിൻവലിച്ചുകൊണ്ട് സർവകലാശാലകളെ സംരക്ഷിക്കണമെന്നും എഐഡിഎസ്ഒ ആവശ്യപ്പെട്ടു. ഗവേഷണമേഖലയിലെയും, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലെയും, പാരലൽ വിദ്യാഭ്യാസരംഗത്തെയും വിഷയങ്ങളും ചർച്ചയിൽ ഉന്നയിച്ചു. മുൻകൂട്ടി അജണ്ട അറിയിക്കാതെ വിദ്യാർത്ഥി സംഘടനകളുടെ യോഗം വിളിച്ചുചേർത്തതിലും ശക്തമായ വിമർശനമുണ്ടായി.

കലാലയങ്ങളിലെ ജനാധിപത്യ അന്തരീക്ഷവും വിദ്യാർത്ഥികളുടെ മനുഷ്യാവകാശങ്ങളും സംരക്ഷിക്കുക, ഓട്ടോണമസ് കോളേജ് സമ്പ്രദായം അവസാനിപ്പിക്കുക എന്നീ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് സമരം ശക്തമാക്കുമെന്നും എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ എ.ഷൈജു, എസ്.അലീന എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ■




**മുടക്കമില്ലാതെ കുടിവെള്ളം വിതരണം ചെയ്യുക, പൈപ്പുപൊട്ടലിന് ശാശ്വത പരിഹാരം കാണുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് മേയ് 18ന് ആലപ്പുഴ വാട്ടർ അതോറിറ്റി ഓഫീസിലേയ്ക്ക് നടന്ന പ്രതിഷേധ മാർച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.**

## യൂണിവേഴ്സിറ്റി കോളേജ്...

*(6-ാം പേജിൽ നിന്ന്)*

അക്കാദമികമായി പരാജയപ്പെട്ട്, ഭയത്തിനടിമകളായി, ജാഥകളിൽ ആടുകളെപ്പോലെ അണിനിരക്കാൻ നിർബന്ധിതരായി കഴിഞ്ഞുകൂടുന്നത്.

ഫാസിസത്തിനെതിരെ മുറവിളി കൂട്ടുന്നവർ യഥാർത്ഥ ഫാസിസത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി കലാലയങ്ങൾ ഏകപക്ഷീയമായി ഭരിക്കുന്നുവെന്നത് ജനാധിപത്യകേരളം എത്രകാലം കണ്ടില്ലെന്നുനടിക്കും? കലാലയങ്ങൾ സ്വാതന്ത്ര്യവിഹായസുകളാകണം . ഭയരഹിതമാകണം അവിടം. സത്യാന്വേഷണ സപര്യകളാണ് കലാലയങ്ങളുടെ ജീവൻ. ആശയസംവാദങ്ങളാണ് കേരളത്തെ കേരളമാക്കിയതെന്നു മറക്കരുത്. പ്രബുദ്ധതയുടെ ഉയിരും ഉണർവും സ്വതന്ത്രകലാലയങ്ങൾ സൃഷ്ടിച്ചതാണ്. എന്നാൽ, സർഗവസന്തത്തിന്റെ ആ നാളുകൾ അസ്തമിച്ചിട്ട് കാലമെത്രയോ കഴിഞ്ഞു. അക്രമത്തിന്റെയും ജനാധിപത്യവിരുദ്ധതയുടെയും രാഷ്ട്രീയം കലാലയങ്ങളെ ഏറെക്കൂറെ നിശ്ചലമാക്കി മാറ്റിയിരിക്കുന്നു. ആരാണ് അതിനുത്തരവാദികൾ?

സംഘടനാസ്വതന്ത്ര്യം അവിടെ നിൽക്കട്ടെ, വിദ്യാർത്ഥികളുടെ പൗരാവകാശങ്ങൾ സംരക്ഷിക്കാൻ പോലും കഴിയുന്നില്ലെങ്കിൽ പിന്നെ കലാലയങ്ങൾ എന്ന സങ്കൽപ്പം പോലും വ്യർത്ഥമല്ലേ? യഥാർത്ഥത്തിൽ, വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യം നൽകാൻ ചുമതലപ്പെട്ട സംഘടനകൾ, അത് കവർന്നെടുക്കുന്ന കവർച്ചക്കാരെപ്പോലെയായാൽ എന്തുചെയ്യും. വാസ്തവത്തിൽ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യത്തെ തടയുന്ന വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നത് സംഘടിത വിദ്യാർത്ഥി സംഘടനകൾ തന്നെയാണ്. വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കാനുള്ള ചട്ടുകങ്ങളായി അവർ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്ന് പറയാതെ വയ്യ.

അത്തരമൊരു സാഹചര്യത്തിൽ, സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെയും പൊതുപ്രവർത്തകരുടെയും മുൻകൈയിൽ വിദ്യാഭ്യാസ സ്നേഹികളും പൂർവ്വവിദ്യാർത്ഥികളും അദ്ധ്യാപകരിൽ ചിലരും ചേർന്ന് സേവ് യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പയിൻ കമ്മിറ്റിക്ക് രൂപം നൽകി.

ആ സംഘടനയുടെ ആഭിമുഖ്യത്തിൽ മേയ് 10-ാം തീയതി തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് ഹാളിൽ ഒരു പൗരസംഗമം വിളിച്ചുചേർത്തു. വി.എം.സുധീരൻ ഉദ്ഘാടനം ചെയ്ത ആ പൗരസംഗമത്തിൽ ക്യാമ്പയിൻ കമ്മിറ്റി ചെയർമാൻ ആർ.എസ്.ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. പൗരസംഗമത്തിലെ മുഖ്യപ്രമേയം കെ.എം.ഷാജഹാൻ അവതരിപ്പിച്ചു. പൂർവ്വവിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന വലിയ സദസ്സ് ഒന്നടങ്കം കൈയടിച്ച് പാസ്സാക്കിയ പ്രമേയം സമ്മേളനത്തിന്റെ പ്രഖ്യാപനമായി. വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി പഠിക്കാനും വ്യത്യസ്ത സംഘടനകളിൽ പ്രവർത്തിക്കുവാനും അധ്യാപകർക്ക് പഠിപ്പിക്കാനും നിർഭയം അഭിപ്രായങ്ങൾ പങ്ക് വെയ്ക്കാനും കഴിയുന്ന ജനാധിപത്യാന്തരീക്ഷം പുനഃസ്ഥാപിയ്ക്കപ്പെടുന്നതുവരെ പൗരസമൂഹം ജാഗ്രതയോടെ നിലയുറപ്പിക്കുമെന്ന് സംഗമം പ്രഖ്യാപിച്ചു.

സംഗമത്തിന്റെ പ്രധാന തീരുമാനം, ഉയർന്നുവന്ന പരാതികൾ അന്വേഷിക്കാൻ ഒരു സ്വതന്ത്ര ജനകീയാന്വേഷണ കമ്മീഷനെ നിയോഗിക്കുമെന്നതായിരുന്നു. സംഗമത്തിൽ യൂണിവേഴ്സിറ്റി കോളേജിലെ മുൻ പ്രിൻസിപ്പാൾ പ്രൊഫ. മോളി മെഴ്സലിൻ, മുൻ പ്രിൻസിപ്പാളും മനുഷ്യാവകാശ കമ്മിഷൻ മുൻ അംഗവുമായ പ്രൊഫ.എസ്.വർഗ്ഗീസ്, മുൻ അധ്യാപകൻ റ്റി.പി.ശങ്കരൻകുട്ടി, മുൻ ഗുജറാത്ത് കേഡർ ഡിജിപി ആർ.ബി. ശ്രീകുമാർ, കെഎസ്‌യു സംസ്ഥാന പ്രസിഡന്റ് കെ.എം.അഭിജിത്ത്, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനു ബേബി, എഐഡിഎസ്ഒ മുൻ നേതാവ് എസ്.ശ്രീകുമാർ, പൂർവ്വവിദ്യാർത്ഥികളായ ബി.എസ്.എമിൽ, അജു എന്നിവർ പ്രസംഗിച്ചു.

### മെയ് 20ന് സ്വതന്ത്ര ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ നിയോഗിക്കപ്പെട്ടു

പ്രധാനമായും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ അവയുടെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി സേവ് യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പയിൻ കമ്മിറ്റി മെയ് 20ന് സ്വതന്ത്ര ജനകീയ ജുഡീഷ്യൽ കമ്മീഷനെ പ്രഖ്യാപിച്ചു.

കമ്മീഷന്റെ ചെയർമാൻ ഹൈക്കോടതിയിലെ തലമുതിർന്ന റിട്ടയേർഡ് ജസ്റ്റിസ് പി.കെ.ഷംസുദ്ദീനാണ്. അംഗങ്ങളായി മുൻ മനുഷ്യാവകാശ കമ്മീഷൻ അംഗവും യൂണിവേഴ്സിറ്റി കോളേജ് മുൻ പ്രിൻസിപ്പാളുമായ പ്രൊഫ.എസ്.വർഗ്ഗീസ്, കേരള സർവ്വകലാശാലയിലെ മുൻ സിൻഡിക്കേറ്റ് അംഗവും ബയോടെക്നോളജി വിഭാഗം മുൻ മേധാവിയുമായ ഡോ.വി.തങ്കമണി, ബാലാവകാശ കമ്മീഷൻ മുൻ അംഗമായ അഡ്വ.ജെ.സന്ധ്യ എന്നിവരും മെമ്പർ സെക്രട്ടറിയായി യൂണിവേഴ്സിറ്റി കോളേജിലെ റിട്ടയേർഡ് പ്രൊഫ. എ.ജി.ജോർജ്ജും ഉൾപ്പെടുന്ന കമ്മീഷനെ പ്രസ്സ് ക്ലബ്ബിൽ നടന്ന വാർത്താ സമ്മേളനത്തിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ പ്രഖ്യാപിച്ചു. വാർത്താസമ്മേളനത്തിൽ യുണിവേഴ്സിറ്റി കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ. മോളി മെഴ്സലിൻ, വിജയകുമാർ എന്നിവരും പങ്കെടുത്തു.

### കമ്മീഷൻ സംസ്ഥാന തലത്തിൽ കലാലയങ്ങളിൽ അന്വേഷണം നടത്തും

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് അന്വേഷിക്കാനായി നിയമിതമായ ജനകീയ സ്വതന്ത്ര ജൂഡീഷ്യൽ അന്വേഷണ കമ്മീഷന്റെ ആദ്യയോഗം കമ്മീഷൻ ചെയർമാൻ കൂടിയായ ജസ്റ്റിസ് പി.കെ ഷംസുദ്ദീന്റെ കൊച്ചിയിലെ വസതിയിൽ ചേർന്നു. കമ്മീഷന്റെ അന്വേഷണ പരിധിയിൽ വരേണ്ട വിഷയങ്ങൾ യോഗം തീരുമാനിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെയും സംസ്ഥാനത്തെ ഇതര ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും യൂണിയൻ പ്രവർത്തനങ്ങളും കലാലയാന്തരീക്ഷവും അക്കാദമിക സാഹചര്യങ്ങളും പ്രവേശനത്തിലെ പ്രശ്നങ്ങളുമൊക്കെ ബഹുജനങ്ങളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

വിദ്യാഭ്യാസമേഖലയിലെ വ്യക്തിത്വങ്ങളിൽനിന്നും കമ്മീഷൻ തെളിവുകൾ സമാഹരിക്കും. ജൂൺ 14, 15 തീയതികളിൽ തിരുവനന്തപുരത്ത് ആദ്യ തെളിവെടുപ്പ് ഗസ്റ്റ് ഹൗസിൽ നടക്കും. കോളേജ് പ്രിൻസിപ്പാൾമാർ, അധ്യാപകർ, വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാർത്ഥി-അധ്യാപക സംഘടനകൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, രാഷ്ട്രീയ നേതാക്കൾ, ബഹുജനങ്ങൾ എന്നിവർക്ക് തെളിവ് നൽകാം.

തെളിവുകൾ നൽകുന്ന വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മേൽവിലാസം അതീവരഹസ്യമായി സൂക്ഷിക്കുമെന്ന് ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ അറിയിച്ചു. ജൂലൈ 31ന് റിപ്പോർട്ട് പ്രസിദ്ധീകരിക്കും. ■

# സാമ്രാജ്യത്വശക്തികളുടെ കൊടുംക്രൂരതകളും ആഗോള തീവ്രവാദവും

**കുറഞ്ഞത് 290 പേരുടെ മരണത്തിനും ഏതാണ്ട് 500 പേരുടെ പരിക്കുകൾക്കും ഇടയാക്കിക്കൊണ്ട് ഇക്കഴിഞ്ഞ ഏപ്രിൽ 21ന് ശ്രീലങ്കയിലെ പള്ളികളെയും മുന്തിയ ഹോട്ടലുകളെയും തകർത്തുകളഞ്ഞ, കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ എട്ടു സ്ഫോടനങ്ങൾ നടക്കുകയുണ്ടായി. ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ചിലെ രണ്ടുമുസ്ലീം പള്ളികളിൽ മാർച്ച് 15ന് നടന്ന 50 പേരുടെ കിരാതമായ കൊലപാതകം കഴിഞ്ഞ് ഒരു മാസത്തിനുശേഷമാണ് ഇതുനടന്നത്. ഇസ്ലാമിക മതമൗലിക സംഘടനയായ ഐഎസ്(ഇസ്ലാമിക സ്റ്റേറ്റ്)ന്റെ ആറു ചാവേറുകളാണ് ശ്രീലങ്കയിലെ സ്ഫോടനം നടത്തിയതെന്നും വെള്ളക്കാരുടെ അധീശത്വ ഗ്രൂപ്പുകളുമായി ബന്ധമുള്ള ഒരാളാണ് ന്യൂസിലാന്റ് സ്ഫോടനത്തിന് ഉത്തരവാദിയെന്നും റിപ്പോർട്ടുകളുണ്ട്.**



വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ സ്ഫോടനപരമ്പരകളും പരക്കെയുള്ള വെടിവയ്പ്പുകളും മുൻപും നടന്നിട്ടുണ്ട്. 2005ൽ തിരക്കേറിയ സമയത്ത് ലണ്ടൻ റയിൽ യാത്ര സംവിധാനങ്ങളിൽ ഭീകരാക്രമണം നടന്നിട്ടുണ്ട്. ഒരേ സമയം നടന്ന സ്ഫോടനങ്ങൾ വഴി 56പേർ മരിക്കുകയും 700 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വീണ്ടും 2017 സെപ്റ്റംബറിൽ ലണ്ടനിലെ മർമ്മ പ്രധാനമായ ഭൂഗർഭറയിൽ സംവിധാനത്തിൽ 'ബക്കറ്റ് ബോംബ്' പൊട്ടി 29 പേർക്ക് ഗുരുതരമായ പരിക്കേറ്റു. ആ വർഷം ബ്രിട്ടണിൽ നടന്ന അഞ്ചാമത്തെ ഭീകരാക്രമണമായിരുന്നു അത്.

2015 നവംബറിൽ തോക്കുധാരികളായ ഒരു സംഘം ചാവേർ ബോംബർമാർ പാരീസിൽ ഒരു സംഗീതശാലയും ഒരു പ്രധാന സ്റ്റേഡിയവും നിരവധി ഹോട്ടലുകളും ബാറുകളും ഒരേസമയം സ്ഫോടനത്തിനിരയാക്കുകയും 130 പേരെ കൊല്ലുകയും നിരവധിയാളുകളെ പരിക്കേൽപ്പിക്കുകയും ചെയ്തു. 2016 ലെ വേനൽക്കാലത്ത് 80 പേരുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണത്തിനുശേഷം ജർമ്മനി തുടരാക്രമണങ്ങളെക്കുറിച്ചുള്ള ഭീതിയിലാണ്. ബ്രസ്സൽസ് അന്താരാഷ്ട്ര വിമാനത്താവളത്തിലും ബെൽജിയത്തിലെ സിറ്റി മെട്രോ സ്റ്റേഷനിലും നടന്ന ഭീകരാക്രമണങ്ങളിൽ 31 പേരെങ്കിലും വധിക്കപ്പെടുകയും അനേകംപേർക്ക് ഗുരുതരങ്ങളായ പരിക്കുകളേൽക്കുകയും ചെയ്തു. നിരവധി നിരപരാധികളുടെ പ്രാണനെടുത്ത രണ്ടു പ്രധാന ഭീകരാക്രമണങ്ങൾ, 1993ലും പിന്നീട് 2008ലും മുംബൈയിൽ നടക്കുകയുണ്ടായി. 2007ൽ ഡൽഹി-ലാഹോർ സംഝോധ എക്സ്പ്രസ്സിൽ സ്ഥാപിച്ച സ്ഫോടകവസ്തുക്കൾ പൊട്ടിത്തെറിച്ച് 68 പേർ മരിക്കുകയും ഏറെ പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. 2006 സെപ്റ്റംബറിലും 2008ലും മഹാരാഷ്ട്രയിലെ മലെഗാവ് പട്ടണത്തിലെ ഒരു മുസ്ലീം പള്ളിക്കുസമീപം നടന്ന രണ്ടു സ്ഫോടനങ്ങളിൽ ഓരോന്നും അമ്പതിലധികം ആളുകളുടെ മരണത്തിനിടയാക്കിയിട്ടുണ്ട്. 2017 മെയ്മാസത്തിൽ ഹൈദരാബാദ് മക്കാ മസ്ജിദിൽ നടന്ന രണ്ടു സ്ഫോടനങ്ങളും രാജസ്ഥാനിലെ അജ്മീർ ദർഗാ ശരീഫിൽ നടന്ന മറ്റൊരു വൻ സ്ഫോടനവും ഇരുപതിലധികം പേരെ കൊല്ലുകയുണ്ടായി. 2014 ഡിസംബറിൽ ആയുധധാരികളായ ആറുഭീകരർ, പാകിസ്ഥാനിലെ വടക്കു പടിഞ്ഞാറൻ നഗരമായ പെഷവാറിലെ ആർമി പബ്ലിക് സ്കൂളിലേയ്ക്ക് നുഴഞ്ഞു കയറി 149പേരെ വെടിയുണ്ടയ്ക്കിരയാക്കി. അതിൽ 132 പേരും എട്ടിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള സ്കൂൾ കുട്ടികളായിരുന്നു.

നാളിതുവരെയായി അഫ്ഗാനിസ്ഥാൻ, കെനിയ, നൈജീരിയ, സൊമാലിയ, ഇറാഖ്, ലിബിയ, മാലി, ബർക്കിനഫാസോ, സിറിയ തുടങ്ങിയ രാജ്യങ്ങളിലായി ആയിരക്കണക്കിന് ഭീകരാക്രമണങ്ങൾ നടന്നിട്ടുണ്ട്. ഈ പ്രധാന സംഭവങ്ങൾക്കൊപ്പംതന്നെ ഈയടുത്ത കാലത്ത് ലാഹോറിലെ മതപരമായ ഒരു പുണ്യസങ്കേതത്തിനടുത്ത് നടന്നതുപോലുള്ള ഒറ്റപ്പെട്ട അനേകം സ്ഫോടനങ്ങളും, അമേരിക്കയിലെയും മറ്റു പാശ്ചാത്യരാജ്യങ്ങളിലെയും കൗമാരക്കാരായ വിദ്യാർത്ഥികളുൾപ്പെടെയുള്ള, കാഞ്ചിവലിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന മാനസിക വൈകല്യമുള്ളവർ നടത്തുന്ന ലക്ഷ്യമില്ലാതെയുള്ള വെടിവയ്പ്പുകളും അശരണരായ പൗരന്മാരെ കൊല്ലുന്ന നീചവൃത്തി നിസ്സാരമായ ഒന്നാണെന്നമട്ടിൽ, നിർബാധം നടന്നുവരികയാണ്. ഈ സൂചനകൾ അശുഭകരവും സാഹചര്യം അങ്ങേയറ്റം ഗുരുതരവും വിഷമിപ്പിക്കുന്നതുമാണ്.

### ആക്രമണങ്ങൾക്കും കൊലപാതകത്തിനും പിന്നിലെ ശക്തികൾ

'ഭീകര'രും 'ഭീകരവാദി'കളുമൊക്കെ തങ്ങളുടെ ശത്രുക്കളെന്നു കരുതുന്നവരോട് കണക്കു തീർക്കാൻ നിരപരാധികൾക്കുനേരെ വെളിവില്ലാത്ത ആക്രമണങ്ങളും ദയാരഹിതമായ കൊലപാതകങ്ങളും നടത്തുന്നവരാണ്. ഇത്തരം ഒളിപ്രവർത്തനങ്ങൾ നടത്തുന്നതിൽ തങ്ങൾക്കുള്ള ശക്തിയിലും വൈദഗ്ദ്ധ്യത്തിലും ഡംഭുകാട്ടുന്നവരുമാണവർ.

വർദ്ധിച്ചുവരുന്ന ഈ ഭീകരാക്രമണങ്ങളുടെ കാരണമായി പുറമേയ്ക്ക് ചൂണ്ടിക്കാണിക്കപ്പെടുന്നത് വളർന്നുവരുന്ന മതതീവ്രവാദവും വംശീയവും മതപരവുമായ കാലുഷ്യങ്ങളും സെമിറ്റിക് മതങ്ങളോടുള്ള വിരോധവുമൊക്കെയാണ്. കാരണം ഇത്തരം വികലവും വിഷലിപ്തവുമായ ചിന്തകൾ വച്ചുപുലർത്തുന്ന ശക്തികൾ, ഈവിധമുള്ള ആസൂത്രിതാക്രമണങ്ങളുടെയും കൂട്ടക്കൊലകളുടെയും ഉത്തരവാദിത്തം അഭിമാനപൂർവ്വം ഏറ്റെടുക്കുന്നതായി കാണുന്നു. അതുമാത്രമല്ല, ഒളിവിൽ നടക്കുന്ന ഇത്തരം സ്ഫോടനങ്ങൾ ഇപ്പോൾ മതസ്ഥാപനങ്ങൾക്കും പുണ്യമന്ദിരങ്ങൾക്കും നേരെ തിരിയുന്നതായും കാണുന്നു. ഇത് മതമൗലികവാദ ഗ്രൂപ്പുകളുടെ പങ്കാളിത്തത്തെയാണ് സൂചിപ്പിക്കുന്നത്. തീവ്രവാദവും മതമൗലിക നിഷ്ഠുരതയും ഏതെങ്കിലുമൊരു പ്രത്യേകമതവുമായിമാത്രം ബന്ധപ്പെട്ടതല്ലെങ്കിൽക്കൂടി. എല്ലാ മത-വംശീയ ഭ്രാന്തുകളുടെയും പൊതുസ്വഭാവമായി ഇന്നതു മാറിയിരിക്കുന്നു.

ഇസ്ലാമികമൗലികവാദഗ്രൂപ്പുകളായ താലിബാൻ, അൽ-ഖയ്ദ, ഐഎസ്, അൽ-ഷബാബ്, ലഷ്ക്കർ-ഇ-തൊയ്ബ, ബോകോ ഹറാം, ജയ്ഷെ-മൊഹമ്മദ്, തെഹ്രികി താലിബാൻ പാകിസ്ഥാൻ(റ്റിറ്റിപി) എന്നിവരോടൊപ്പം വെള്ളക്കാരുടെ അധീശത്വത്തിൽ വിശ്വസിക്കുന്ന കൂ ക്ലക്സ് ക്ലാൻ, ജർമ്മനിയിലും മറ്റിടങ്ങളിലുമുള്ള നവനാസി സംഘങ്ങൾ, എൽടിടിഇ, ആർഎസ്എസ് നേതൃത്വത്തിലുള്ള സംഘപരിവാറിനോട് ചേർന്നു നിൽക്കുന്ന 'അവിനവ് ഭാരത്' തുടങ്ങിയ സംഘങ്ങളെയുംപോലുള്ള ദേശഭ്രാന്ത് മൂത്തവർ-ഇവരെല്ലാവരുംതന്നെ സ്ഫോടനങ്ങൾ ആസൂത്രണം ചെയ്യുകയും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള നിരപരാധികളെ ലാക്കാക്കിയുള്ള കൂട്ടക്കൊലകൾ നടത്തുകയും ചെയ്യുന്നതായി നാം കാണുന്നു. അതിനാൽ ഭീകരാക്രമണമെന്നത് ഇസ്ലാമിക മൗലികവാദത്തിന്റെ മാത്രം നീക്കിയിരിപ്പൊന്നുമല്ല, തൽപ്പരകക്ഷികൾ അങ്ങനെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നുവെങ്കിൽക്കൂടി. അത് വംശീയ ഗ്രൂപ്പുകളും വർഗ്ഗീയ ഭ്രാന്തന്മാരും ദേശഭ്രാന്തുമൂത്തവരും ഹിന്ദുത്വ ക്രിമിനലുകളുമെല്ലാം നടത്തുന്ന ആക്രമണങ്ങൾക്കു കൂടി ബാധകമാണ്. കൂടാതെ ലോകത്തറിയപ്പെടുന്ന കുറച്ച് ആഗോള ഭീകരഗ്രൂപ്പുകൾക്കുപുറമേ നിരവധി വംശീയ-പ്രാദേശിക-അതിദേശീയ-വിഘടനവാദ-മൗലികവാദ-തീവ്രവാദ സംഘങ്ങളും തങ്ങളുടെ ലക്ഷ്യം നേടാനായി നിരവധി സ്ഫോടനങ്ങളും കൂട്ടക്കൊലകളും നടത്തുന്നതായും കാണാം.

### ഭീകരവാദ പ്രവർത്തനങ്ങളുടെ കുതിച്ചുചാട്ടത്തിന്റെ കാരണം

നിരപരാധികളായ സാധാരണക്കാരെ എളുപ്പത്തിൽ കീഴടക്കാവുന്ന ലക്ഷ്യങ്ങളായി കണ്ടുകൊണ്ട് ഒന്നിനുപിറകെ ഒന്നായി നടക്കുന്ന ആസൂത്രിതാക്രമണങ്ങളും ക്രൂരമായ രക്തച്ചൊരിച്ചിലുകളും ലോകവ്യാപകമായി പ്രതിഷേധത്തിനും ദുഃഖാചരണത്തിനും തിരികൊളുത്തുന്നു. പക്ഷേ കേവലം ദുഃഖിക്കുകയും, ഓരോ ദുരന്തങ്ങൾക്കുംശേഷം ദുഖിതരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമായില്ല. പാടവത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന ഈ കൂട്ടക്കൊലകളോടുള്ള പൊള്ളയായ പ്രതികരണങ്ങൾ ഈ നിഷ്ഠുരകൃത്യങ്ങൾക്ക് കടിഞ്ഞാണിടില്ല. കാരണം, ആഗോള ഭീകരവാദം ശൂന്യതയിൽ നിന്നുയിരെടുക്കുന്നതല്ല, നിശ്ചിതമായ കാരണങ്ങൾ കൊണ്ടുടലെടുക്കുന്നതാണ്. ചരിത്രവസ്തുതകളുടെയും, നിലനിൽക്കുന്ന സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളോടും ചരിത്രഗതിയോടും ബന്ധപ്പെടുത്തിയുള്ള ആ വസ്തുതകളുടെ യുക്തിപരമായ വിശകലനത്തിന്റെയും, അടിസ്ഥാനത്തിൽ വളർന്നുവരുന്ന ഭീകരാക്രമണങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ച് നാം പര്യാലോചിക്കേണ്ടതുണ്ട്. യഥോചിതമായ ഒരു പരിഹാരമാർഗ്ഗം അപ്പോൾ മാത്രമേ നമുക്ക് കണ്ടെത്താൻ കഴിയൂ.

മാനുഷികഭാവങ്ങളും യുക്തിചിന്തയും മനസ്സിൽനിന്നൊഴിഞ്ഞുപോകുകയും തൽസ്ഥാനത്ത് അന്ധമായ വിശ്വാസങ്ങളുടെയും ഭ്രാന്തമായ പ്രബോധനങ്ങളുടെയും യാഥാസ്ഥിതികത്വം കുടിയേറുകയും ചെയ്യുമ്പോഴാണ് ഒരാൾ സ്വയം സ്ഫോടനത്തിന് ഇരയായിക്കൊണ്ടുപോലും ഇത്തരം ക്രൂരതകളിലേർപ്പെടുന്നത് എന്നു മനസ്സിലാക്കുന്നതിന് വലിയ ബുദ്ധിയുടെ ആവശ്യമില്ല. ഇത്തരം അപമാനവീകരണത്തിന്റെയും നടുക്കുന്ന മൂല്യപ്രതിസന്ധികളുടെയും മൂലകാരണങ്ങളിലേയ്ക്ക് നമുക്ക് ആദ്യമായി പോകേണ്ടിവരും. അതിനായി ചരിത്രം അൽപ്പം മറിച്ചു നോക്കേണ്ടതായും വരും.

ജനാധിപത്യം എന്ന ചെല്ലപ്പേരിൽ അറിയപ്പെടുന്ന മുതലാളിത്ത വ്യവസ്ഥയിലാണ് നാം ജീവിക്കുന്നത് എന്ന് നമുക്കെല്ലാവർക്കുമറിയാം. ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിലൂടെ പഴഞ്ചനും ഏകാധിപത്യപരവുമായ ജന്മിത്ത-നാടുവാഴിത്ത ഭരണക്രമത്തെ കടപുഴക്കി പുതിയൊരു സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ശക്തിയായി സ്വയം അവരോധിക്കുന്ന കാലത്ത് മുതലാളിത്തം ഒരു വളരുന്ന ശക്തിയായിരുന്നു. പഴയ വ്യവസ്ഥയുടെ മതാന്ധതയ്ക്കും വിജ്ഞാനവിരോധത്തിനും പകരം അത് നവംനവങ്ങളായ മാനവികമൂല്യങ്ങളും ധാർമ്മിക-നൈതിക ഘടനയും ആവിഷ്ക്കരിക്കുകയും അന്നുവരെ നിലനിന്നിരുന്ന മതസംഹിതകളെയും വിശ്വാസ പ്രമാണങ്ങളെയും ദൈവസങ്കൽപ്പങ്ങളെയും നിഷേധിക്കുകയും ചെയ്തു.

ഉയർന്നുവരുന്ന മുതലാളിത്തത്തിന്റെ സാംസ്കാരിക ഉപരിഘടനയെന്ന നിലയിൽ, ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിന്റെ പൂർത്തീകരണത്തിന് മുന്നോടിയായ നവോത്ഥാനം ഈ മാനവിക മൂല്യങ്ങളെ പരിരക്ഷിക്കുകയും ശാസ്ത്രീയ ചിന്താഗതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ മൂല്യങ്ങൾ 'സമത്വം', 'സാഹോദര്യം', 'സ്വാതന്ത്ര്യം' എന്നീ ഉദാത്ത സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ, വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും സ്ത്രീസ്വാതന്ത്ര്യത്തെയും സ്നേഹിക്കാനുള്ള സ്വാതന്ത്ര്യത്തെയും അംഗീകരിച്ചുകൊണ്ട്, പഴയ യാഥാസ്ഥിതിക ഏകാധിപത്യത്തിനെതിരെ പുതിയ ജനാധിപത്യ വ്യവസ്ഥയിൽ ജീവിതത്തെ നയിക്കുവാനും ചിട്ടപ്പെടുത്തുവാനുമുള്ള വെളിച്ചം വീശലായി മാറി.

മുളപൊട്ടിവരുന്ന ബൂർഷ്വാ മാനവികതയുടെ ഏറ്റവും മുൻപന്തിയിലുള്ള വീക്ഷണമായ മതേതര

(ശേഷം 9-ാം പേജിൽ)

# ഭീകരവാദം ജനിക്കുന്നത് സാമ്രാജ്യത്വ–മുതലാളിത്ത കൂടാരത്തിൽനിന്ന്

(8-ാം പേജിൽ നിന്ന്)

മാനവികത, യാതൊരു പ്രകൃത്യാതീത ശക്തിയെയും അംഗീകരിക്കാതിരിക്കുക എന്ന സങ്കൽപ്പത്തെ ശക്തമായി പിന്താങ്ങുകയും ബൂർഷ്വാ ജനാധിപത്യത്തിന്റെ പ്രയോക്താക്കൾ, മതം സാമൂഹിക-രാഷ്ട്രീയ ജീവിതത്തിലും ഭരണകൂട വ്യവഹാരങ്ങളിലും ഇടപെടില്ല എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മതം വ്യക്തിഗത വിശ്വാസങ്ങളുടെ പരിധിക്കുള്ളിൽത്തന്നെ ഒതുങ്ങി നിൽക്കും. വിശ്വാസികളും അവിശ്വാസികളും സമൂഹത്തിൽ തുല്യതയോടെ നിലകൊള്ളുകയും സാഹോദര്യത്തോടെ സന്തോഷപൂർവ്വം നിലകൊള്ളുകയും ചെയ്യും.

അത്തരം പ്രഖ്യാപിത സമത്വ സങ്കൽപ്പങ്ങൾക്കെല്ലാം അൽപ്പായുസ്സു മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാരണം, കാലഹരണപ്പെട്ടതും പിന്തിരിപ്പനുമായ ജന്മിത്തവുമായി താരതമ്യപ്പെടുത്തുമ്പോൾ മുതലാളിത്തം പുരോഗമനപരവും അതിനാൽ ഒരു ചരിത്രഘട്ടത്തിൽ സാമൂഹിക മുന്നേറ്റത്തെ പ്രചോദിപ്പിക്കുന്നതുമായിരുന്നുവെങ്കിലും അതും മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തിലധിഷ്ഠിതമായിരുന്നു. നാടുവാഴി പ്രഭുക്കളുടെയും രാജാധിപത്യത്തിന്റെയും സ്ഥാനത്ത് ഉയർന്നുവരുന്ന ബൂർഷ്വാസി, ഉൽപ്പാദനോപാധികളുടെമേൽ ആധിപത്യം സ്ഥാപിക്കുകയും ബൂർഷ്വാ ഉടമകൾക്കു ലാഭം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സമ്പദ്‌വ്യവസ്ഥയെ നിയന്ത്രണവിധേയമാക്കുകയും ചെയ്തു. അതായത്, മുതലാളിത്തത്തിനകത്തുതന്നെ സഹജമായ ഒരു അസമത്വം നിലനിന്നിരുന്നു. സമ്പദ് രംഗത്തെ നിയന്ത്രിക്കുന്നവർ രാഷ്ട്രീയത്തെയും സാമൂഹിക ജീവിതത്തെയും സംസ്കാരത്തെയും കൂടി നിയന്ത്രിക്കുമെന്ന് രാഷ്ട്രീയ സമ്പദ് ശാസ്ത്രം പഠിക്കുന്ന ഏവർക്കുമറിയാം മുതലാളിത്തത്തിന്റെ ആദ്യഘട്ടങ്ങളിൽ വ്യത്യസ്ത മുതലാളിമാർ തമ്മിൽ സ്വതന്ത്രമത്സരം നിലനിന്നിരുന്നു. 'ലെസ്സെ ഫെയർ' എന്നറിയപ്പെടുന്ന ഈ സ്വതന്ത്രമത്സരത്തിന്റെ ഘട്ടത്തിൽ ബൂർഷ്വാ അർത്ഥത്തിലുള്ള കുറച്ചു സമത്വവും സ്വാതന്ത്ര്യവും അനുവദിക്കപ്പെടുകയും മതശാഠ്യങ്ങളെയും മറ്റു പിന്തിരിപ്പൻ ചിന്തകളെയും ബൂർഷ്വാസി എതിർക്കുകയും ചെയ്തിരുന്നു.

എന്നാൽ തടയാൻ കഴിയാത്ത ചരിത്രഗതിയുടെ പ്രയാണത്തിൽ മുതലാളിത്തം കുത്തക സ്വഭാവമാർജ്ജിക്കുന്ന ഘട്ടത്തിലെത്തിയതോടെ ഒരു വ്യവസ്ഥയെന്ന നിലയിൽ ജീർണ്ണിക്കാൻ തുടങ്ങി. അതിന്റെ പുരോഗമനത്തിന്റെ കാലത്ത് അനുവർത്തിച്ചിരുന്ന മതത്തോടുള്ള കലഹമുൾപ്പെടെയുള്ള എല്ലാ ജനാധിപത്യമൂല്യങ്ങളും സങ്കൽപ്പങ്ങളും തത്വങ്ങളും കീഴ്‌വഴക്കങ്ങളും കാൽക്കീഴിലിട്ടരയ്ക്കാൻ തുടങ്ങി. മുതലാളിത്തം സാമ്രാജ്യത്വഘട്ടത്തിലേയ്ക്ക് പ്രവേശിച്ചതോടെ അത് മരണാസന്നവും അങ്ങേയറ്റം പിന്തിരിപ്പനും സാമൂഹിക പുരോഗതിക്കുമുമ്പിലെ തടസ്സവുമായി മാറുകയും ചെയ്തു. അനിഷേധ്യമായ ശാസ്ത്രീയ വിശകലനത്തിലൂടെ മഹാനായ കാൾമാർക്സ് സാമൂഹ്യ വികാസനിയമങ്ങൾ പ്രകാരം അനിവാര്യമെന്നു സ്ഥാപിച്ച, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെക്കുറിച്ചുള്ള ഭയാശങ്കകൾമൂലം ഭരണമുതലാളിവർഗ്ഗം അതിന്റെ മുഴുവൻ ആയുധശേഖരവും ഈ വിപ്ലവമുന്നേറ്റത്തെ തടയാനായി അണിനിരത്തി. ജനങ്ങളുടെ, പ്രത്യേകിച്ച് വിപ്ലവം നയിക്കാൻ ചരിത്രപരമായി നിയോഗിക്കപ്പെട്ട തൊഴിലാളി വർഗ്ഗത്തിന്റെ ധാർമ്മിക നട്ടെല്ല് തകരാത്തിടത്തോളം, ചിന്താ പ്രക്രിയയുടെ മൂർച്ച നഷ്ടപ്പെടാത്തിടത്തോളം, സാമൂഹിക ജീവിതത്തിൽനിന്ന് മാനുഷികഗുണങ്ങളും മാനവികമായ ഉൾക്കാഴ്ചകളും മൃദുല വികാരങ്ങളും അപ്രത്യക്ഷമാകാത്തിടത്തോളം കാലം ഈ അനിവാര്യമായ വിപ്ലവത്തെ തടയാൻ കഴിയില്ലെന്ന് ബൂർഷ്വാസിക്ക് അറിയാം. അതുകൊണ്ട് ബൂർഷ്വാസി തങ്ങൾതന്നെ ഒരു കാലത്ത് എതിർത്തിരുന്ന മതത്തെയും മറ്റു പിന്തിരിപ്പൻ ചിന്താഗതികളെയും തിരികെക്കൊണ്ടുവരാൻ തുടങ്ങുകയും കഴിയാവുന്നിടത്തോളം ഊതിപ്പെരുപ്പിക്കുകയും ചെയ്തുകൊണ്ട് ശാസ്ത്രീയ മനോഘടനയെ തകർത്ത് ഫാസിസം സ്ഥാപിച്ചെടുക്കാനുള്ള നിലമൊരുക്കുകയും ചെയ്യുകയാണ്.

പക്ഷേ സോവിയറ്റ് വിപ്ലവത്തിന്റെ വിജയവും പുതിയൊരു യുഗപ്പിറവിയും ബൂർഷ്വാസിയുടെ ഈ കുതന്ത്രത്തെ തകിടം മറിച്ചു. 'മനുഷ്യസമൂഹം ആഗ്രഹിച്ചിരുന്ന പുതിയ നാഗരികത' എന്ന് സോവിയറ്റ് സോഷ്യലിസത്തെ റൊമെയ്ൻ റോളണ്ട്, ഐൻസ്റ്റൈൻ, ബർണാഡ്ഷാ, രവീന്ദ്രനാഥ ടാഗോർ തുടങ്ങിയവരുൾപ്പെടെ ലോകത്തെ പ്രഗത്ഭമതികളായ വ്യക്തിത്വങ്ങളൊന്നൊഴിയാതെ പ്രകീർത്തിച്ചു. അതിനെത്തുടർന്ന് മർദ്ദക, പിന്തിപ്പൻ മുതലാളിത്ത-സാമ്രാജ്യത്വത്തിന് അഭിലഷണീയമായ ബദലായി, ശക്തമായ ഒരു സോഷ്യലിസ്റ്റ് ചേരി ഉയർന്നുവന്നു. സോവിയറ്റ് സോഷ്യലിസം പൂർണ്ണ പ്രഭയിൽ നിൽക്കുകയും സോഷ്യലിസ്റ്റ് ചേരി അതിന്റെ മുഴുവൻ കരുത്തും കീർത്തിയും പ്രകടിപ്പിക്കുകയും ചെയ്തപ്പോൾ, മാർക്സിസം-ലെനിനിസമെന്ന ഉദാത്ത ദർശനം സാമ്രാജ്യത്വ-മുതലാളിത്ത ആക്രമണങ്ങൾക്കെതിരെ ലോകവ്യാപകമായി ചൂഷിത ജനകോടികളെ ഉണർത്തിവിട്ടു. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആക്കം വർദ്ധിക്കുകയും കോളനിരാജ്യങ്ങളിലെ സാമ്രാജ്യത്വ വിരുദ്ധ ദേശീയ വിമോചനപ്പോരാട്ടങ്ങൾ ഒന്നൊന്നായി വിജയത്തിലേക്കെത്തുകയും ചെയ്തു. ലോകത്തെമ്പാടുമുള്ള അദ്ധ്വാനിക്കുന്നവർ എല്ലാത്തരത്തിലുമുള്ള അക്രമങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെയുള്ള പ്രക്ഷോഭണത്തിൽ തിളച്ചുമറിയുകയായിരുന്നു. ഉയർന്നുവരുന്ന ജനസമരത്തിന്റെ സാഹചര്യത്തിൽ ഉയർന്ന മാനവികമൂല്യങ്ങളും തൊഴിലാളിവർഗ്ഗനൈതികതയും ധാർമ്മികതയും വളരുകയും ജനങ്ങളുടെയാകെ സാംസ്കാരിക-നൈതിക ധാരണകൾ ഉയർന്ന തലത്തിലെത്തുകയും ചെയ്തു. ജനങ്ങളെ ഉള്ളിൽനിന്നേ ദുർബ്ബലപ്പെടുത്താനും വൈജ്ഞാനിക അന്ധകാരത്തിന്റെ പടുകുഴിയിലേക്കവരെ തള്ളിയിടാനുമുള്ള മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ പദ്ധതികളെ തടഞ്ഞുകൊണ്ടിരുന്നത് ഇതാണ്.

**ഒളിവിൽ നടക്കുന്ന സ്ഫോടനങ്ങൾ ഇപ്പോൾ മതസ്ഥാപനങ്ങൾക്കും പുണ്യമന്ദിരങ്ങൾക്കും നേരെ തിരിയുന്നതായും കാണുന്നു. ഇത് മതമൗലികവാദ ഗ്രൂപ്പുകളുടെ പങ്കാളിത്തത്തെയാണ് സൂചിപ്പിക്കുന്നത്. തീവ്രവാദവും മതമൗലിക നിഷ്ഠുരതയും ഏതെങ്കിലുമൊരു പ്രത്യേകമതവുമായിമാത്രം ബന്ധപ്പെട്ടതല്ല. എല്ലാ മത-വംശീയ ഭ്രാന്തുകളുടെയും പൊതുസ്വഭാവമായി ഇതു മാറിയിരിക്കുന്നു.**

ലെനിന്റെ അർഹനായ പിൻഗാമിയും സോഷ്യലിസ്റ്റ് പുനഃർനിർമ്മാണത്തിന്റെ ശിൽപ്പിയും സോഷ്യലിസത്തിന്റെ വീറുറ്റ കാവൽഭടനും തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവുമായ സ്റ്റാലിൻ 1953ൽ നിര്യാതനായതിനെത്തുടർന്ന് ക്രൂഷ്ചേവിന്റെ നേതൃത്വത്തിലുള്ള വഞ്ചക പ്രതിവിപ്ലവ സംഘം സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലെത്തിയതോടെ ലോകസാഹചര്യം ഒരു പിന്നോട്ടടി നേരിടാൻ തുടങ്ങി. പരാജയപ്പെടുത്തപ്പെട്ടിരുന്നുവെങ്കിലും തുടച്ചുനീക്കപ്പെടാതിരുന്ന റഷ്യൻമണ്ണിലെ മുതലാളിത്തമാണ് ഈ പ്രതിവിപ്ലവ സംഘത്തിന് രൂപം കൊടുത്തതും പിന്തുണ നൽകിയതും. സോഷ്യലിസ്റ്റ് തത്വങ്ങളും നയങ്ങളും പിന്നോട്ടേയ്ക്ക് തിരിച്ചുവിട്ടുകൊണ്ടും പ്രതിവിപ്ലവകരമായ എല്ലാ ആശയങ്ങളെയും മാർക്സിസം-ലെനിനിസമായി അംഗീകരിച്ച് ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിച്ചുകൊണ്ടും, പ്രതിവിപ്ലവം നടത്തി മുതലാളിത്തത്തെ പുനഃസ്ഥാപിക്കാനുമുള്ള നിശ്ചിതമായ പദ്ധതി രഹസ്യമായി നടപ്പാക്കുകയായിരുന്നു പ്രതിവിപ്ലവ-പിന്തിരിപ്പൻ സംഘം. അതൊടൊപ്പം തന്നെ ഈ സംഘം സ്റ്റാലിന്റെ ആധികാരികതയുടെ അടിത്തറ തകർക്കാൻ അദ്ദേഹത്തിനെതിരെ ഒരു വിദ്വേഷപ്രചാരണം അഴിച്ചുവിടുകയും സമൂഹത്തിന്റെ ഓർമ്മയിൽനിന്ന് സ്റ്റാലിനെ മായിച്ചുകളയാനുള്ള നിരവധി നടപടികളെടുക്കുകയും ചെയ്തു.

ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളും എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായിരുന്ന സഖാവ് ശിബ്‌ദാസ്ഘോഷ്, ക്രൂഷ്ചേവിന്റെ പ്രതിവിപ്ലവ സംഘത്തിന്റെ ഇരുണ്ട നീക്കങ്ങൾ ഉടനടി ശ്രദ്ധിക്കുകയും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും സോവിയറ്റ് ജനതയ്ക്കും മുന്നറിയിപ്പ് നൽകുകയും ചെയ്തു. അദ്ദേഹം ചൂണ്ടിക്കാട്ടി, 'സ്റ്റാലിന്റെ ആധികാരികതയെ തകർക്കാനുള്ള ശ്രമം വസ്തുനിഷ്ഠമായി ലെനിനെത്തന്നെ നിഷേധിക്കുന്നതാണ്.' ആ മുന്നറിയിപ്പ് പ്രവാചകസ്വഭാവമുള്ളതായിരുന്നു. എന്തെന്നാൽ പ്രതിവിപ്ലവസംഘം അധികാരം കൈയാളിയതിനുശേഷം അന്തർദ്ദേശീയ കമ്മ്യുണിസ്റ്റ് പ്രസ്ഥാനത്തിന്റെയും സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങളുടെയും പ്രചാരവും ഉത്സാഹവും പിൻവാങ്ങാൻ തുടങ്ങി.

ആഞ്ഞടിക്കുന്ന പ്രക്ഷോഭണങ്ങളുടെ, സാംസ്കാരിക പരിതസ്ഥിതിയുടെ അഭാവവും പ്രതിവിപ്ലവശക്തികൾ അധികാരം പിടിച്ചടക്കിയതിനാൽ ലക്ഷ്യമില്ലാതെയുഴലുന്ന പൊരുതുന്ന ജനങ്ങളുടെ തദനുബന്ധമായ നിരാശയും പിന്തിരിപ്പൻ ചിന്താഗതികൾക്ക് വേരുറപ്പിക്കാനുള്ള ഫലഭൂയിഷ്ഠമായ മണ്ണൊരുക്കുകയും ജനതയെ ഉള്ളിൽനിന്ന് ഷണ്ഠീകരിക്കുകയും ചെയ്തു. മൂല്യപ്രതിസന്ധിയോടൊപ്പം സോവിയറ്റ് പാർട്ടിയുടെയും ഭരണകൂടത്തിന്റെയും തലപ്പത്തേയ്ക്കുള്ള പ്രതിവിപ്ലവകാരികളുടെ കടന്നുവരവ്, സാമ്രാജ്യത്വ-മുതലാളിത്തത്തിന് എല്ലാത്തരത്തിലുമുള്ള വിജ്ഞാനവിരുദ്ധ-മതനവീകരണ-യഥാസ്ഥിതിക ചിന്താഗതികളെയും പോറ്റിവളർത്താനും ധാർമ്മിക മൂല്യങ്ങളുടെ നേർക്ക് സർവ്വശക്തിയുമുള്ള ആക്രമണമഴിച്ചുവിടാ

(ശേഷം 10-ാം പേജിൽ)



**സർക്കാർ എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി പ്രീ പ്രൈമറിയെ അംഗീകരിക്കുക, സർക്കാർ നിരക്കിലുള്ള ശമ്പളം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രീ പ്രൈമറി ടീച്ചേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ കളട്രേറ്റിനുമുന്നിൽ നടന്ന പട്ടിണിസമരം കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു**

# ഐഎസ്– അമേരിക്കൻ പിന്തുണയുള്ള കൊടുംഭീകരസംഘം

*(9-ാം പേജിൽ നിന്ന്)*

നും ലോകംമുഴുവനും തങ്ങളുടെ സ്വാധീനവും നിയന്ത്രണവും ഉറപ്പാക്കുന്ന പദ്ധതികളാവിഷ്‌ക്കരിക്കാനുമുള്ള പരിശ്രമങ്ങൾക്ക് പുത്തനുണർവ്വു നൽകിയിരിക്കുന്നു.

അവസാനമായി ശക്തിമത്തായ അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കോളനികളിലെയും ലോകത്തെ മറ്റു പ്രദേശങ്ങളിലെയും സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളും ഇന്ന് വമ്പൻ തിരിച്ചടി നേരിടുകയും ഏതാണ്ട് കെട്ടടങ്ങുകയും ചെയ്തിരിക്കുന്നു. അങ്ങനെ ആധുനിക നാഗരികത ലോകത്തിന് കാണിച്ചുകൊടുത്ത പ്രകാശദീപം മങ്ങിയില്ലാതാകുന്നു, അത് പ്രദാനം ചെയ്ത വമ്പിച്ച പ്രതീക്ഷകളും. തത്ഫലമായി ചൂഷിത ജനത നൈരാശ്യത്തിലേയ്ക്ക് കൂപ്പുകുത്തുകയും ചെയ്തിരിക്കുന്നു.

**സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ കൂടാരത്തിൽനിന്നാണ് ഭീകരവാദത്തിന്റെ ജനനം**

ചരിത്രത്തിന്റെ ഈ ഘട്ടത്തിലാണ് യുഎസ് സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ കാര്യപരിപാടിയിലേയ്ക്ക്, വംശീയ, വർഗ്ഗീയ, ജാതീയ സംഘർഷങ്ങളെ വളർത്തുന്നതും, നിസ്സാരകാരണങ്ങളുടെ പേരിൽ ഒന്നല്ലെങ്കിൽ മറ്റൊരു രാജ്യത്തിനുനേർക്ക് നേരിട്ടുള്ള സൈനികാക്രമണങ്ങൾ നടത്തുന്നതും, ഭരണാധികാരികളെ മാറ്റാനായി അട്ടിമറി നടത്തുന്നതും, ആഭ്യന്തരയുദ്ധം രൂപപ്പെടുത്തുന്നതുപോലുള്ള കൊടിയ കുറ്റകൃത്യങ്ങൾ കടന്നുവരുന്നത്.

യഥാർത്ഥത്തിൽ, 1950കളുടെ അവസാനംതൊട്ട് ആഫ്രിക്കയും ലാറ്റിനമേരിക്കയും യുഎസ് സാമ്രാജ്യത്വത്തിന്റെയും കൂട്ടാളികളുടെയും വൻതോതിലുള്ള കൊള്ളയും പൈശാചികതയും നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വർണ്ണം, വജ്രം, അമൂല്യ ലോഹങ്ങൾ തുടങ്ങിയവയുൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളുടെ അന്തമില്ലാത്ത കലവറയായ ആഫ്രിക്കയിൽ തങ്ങളുടെ കഴുകൻ കണ്ണുകൾ വച്ച യുഎസ് സാമ്രാജ്യത്വവും സഹചാരികളും പ്രാദേശിക ജനതയെ പരസ്പരനശീകരണസംഘർഷങ്ങളിൽ തളച്ചിടാൻ അവരുടെ വംശീയ വൈജാത്യങ്ങളെ ഊതിക്കത്തിച്ചു. സാമ്രാജ്യത്വ ശക്തികളുടെ കടിഞ്ഞാണില്ലാത്ത കൊള്ളയ്ക്കും കവർച്ചയ്ക്കും അടിച്ചമർത്തലിനുമെതിരെ ഒറ്റക്കെട്ടായി അണിനിരക്കാതിരിക്കാനായി, ആധുനിക ജനാധിപത്യ ധാരണകളുടെയും വിജ്ഞാനത്തിന്റെയും തലത്തിൽനിന്നും അവരെ പരമാവധി അകറ്റിനിർത്തുകയും ചെയ്തു. ആഫ്രിക്ക അവസാനിക്കാത്ത വർഗ്ഗീയ സംഘർഷങ്ങളുടെ പിടിയിലാണ്; അതിനാൽ ജനാധിപത്യം സ്ഥാപിക്കാൻ അന്താരാഷ്ട്ര ഇടപെടൽ അവിടെ വേണ്ടതാണെന്നുള്ള വ്യാജപ്രചാരണം അഴിച്ചുവിട്ടാണ് ഈ സാമ്രാജ്യത്വ ശക്തികൾ ഇത് സാധിച്ചെടുത്തത്.

എത്യോപ്യ, കെനിയ, സൊമാലിയ, സുഡാൻ, ടാൻസാനിയ, ഉഗാണ്ട, റുവാണ്ട, വടക്കൻ നൈജീരിയ, കോട്ടെ-ഡി-ഐവൊർ, സാമ്രാജ്യത്വ ഹീനപദ്ധതികളുടെ വീരഗാഥകൾ ഇവയെയെല്ലാം വലയം ചെയ്തിരിക്കുന്നു. യുഎസ് മേധാവിത്വത്തെയോ വ്യാപനശ്രമത്തെയോ എതിർക്കാൻ ധൈര്യം കാണിക്കുന്നവരെ അധികാരത്തിൽനിന്നു വലിച്ചു താഴെയിടുകയോ, കുപ്രസിദ്ധരായ സിഐഎ നയിക്കുന്ന ചാര അട്ടിമറി സംഘത്തെ ഉപയോഗിച്ച് വധിക്കുകയോ ചെയ്യും. നിരവധി ആഫ്രിക്കൻ കോളനി രാജ്യങ്ങളിലെ വളർന്നുവരുന്ന ദേശീയ വിമോചന സമരങ്ങളിൽ നിന്ന് ആവേശംകൊണ്ട സ്വാതന്ത്ര്യപ്രസ്ഥാനത്തിലെ പ്രമുഖനേതാവും സ്വതന്ത്രകോംഗോയിലെ ആദ്യ പ്രസിഡന്റും സാമ്രാജ്യത്വവിരുദ്ധ ദേശീയ വിമോചനസമരങ്ങളിലെ സുപ്രധാന വ്യക്തിയുമായിരുന്ന പാട്രിസ് ലുമുംബ 1958ൽ ക്രൂരമായി വധിക്കപ്പെട്ടു. ലുമുംബയെ വധിക്കാൻ സിഐഎയോട് യുഎസ് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു എന്ന്, അന്വേഷണത്തിനായുള്ള 'ചർച്ച് കമ്മിറ്റി'ക്ക് മുമ്പാകെ സാക്ഷിയായി ഹാജരായ സിഐഎയുടെ മുൻ ഡെപ്യൂട്ടി ഡയറക്ടർ സമ്മതിച്ചു.

ആധിപത്യം ഉറപ്പാക്കാൻ ഭീകരവാദത്തെ ആയുധമായി ഉപയോഗിക്കാൻ അഹോരാത്രം അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന യുഎസ് സാമ്രാജ്യത്വകഴുകൻമാർക്ക് ലാറ്റിനമേരിക്കയും ഒരു വേട്ടക്കളമാണ്. ഫോർട്ട് ബെന്നിംഗ് ജോർജ്ജിയയിൽ യുഎസ് സാമ്രാജ്യത്വം ഹിംസയ്ക്കായുള്ള അക്കാദമി (മരമലാല്യ ീള ലീ്യൗല) അഥവാ 'കൊലയാളി സ്കൂൾ' എന്ന പേരിൽ ഒരു സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ ഡയറക്ടറായിരുന്ന കേണൽ ബസ്റ്റൺ പറഞ്ഞത്, ലാറ്റിനമേരിക്കയിൽ യുഎസ് താൽപര്യങ്ങൾക്കും അതിന്റെ സൈനികാവശ്യങ്ങൾക്കുമനുസൃതമായി ഭരിക്കാൻ കഴിയുന്ന ഭരണാധികാരികളെ സൃഷ്ടിക്കാൻ സൈനികമായതുൾപ്പെടെയുള്ള പരിശീലനം അവർക്ക് നൽകാറുണ്ടെന്നാണ്. പനാമയിലെ യഥാർത്ഥ കൊലയാളി പ്രസിഡന്റായിരുന്ന കുപ്രസിദ്ധനായ മാനുവൽ അന്റോണിയോ നോറിയേഗ മൊറേനോ, ഗ്വാട്ടിമലയിൽ 1980ലെ കൂട്ട നരഹത്യ നടത്തിയ ഹെക്ടർ ഗ്രമാസെ, കഴിഞ്ഞ സൈനിക ഭരണകാലത്ത് അർജന്റീനയിലെ ജനറലും പ്രസിഡന്റുമായിരുന്ന ലിയോ പോൾഡോ ഫോർചുനാറ്റോ ഗൾട്ടിയേരി തുടങ്ങിയവരെല്ലാംതന്നെ ഈ സ്കൂളിൽനിന്ന് പരിശീലനം നേടിയവരായിരുന്നു.

യുഎസ് സാമ്രാജ്യത്വത്തിന്റെയും കൂട്ടാളികളുടെയും ആഗോള ഭീകരവാദത്തെക്കുറിച്ചു സൂചിപ്പിക്കാൻ ധൈര്യം കാട്ടിയ എൽസാൽവദോറിലെ പാതിരിയായ ഫാദർ മാർട്ടിൻ ബാറോ ക്രൂരമായി വധിക്കപ്പെട്ടു. പെറുവിലെയും ഹോണ്ടുറാസിലെയും മരണസംഘങ്ങളും മേൽപ്പറഞ്ഞ ഫോർട്ട് ബെന്നിംഗ് സ്കൂളിൽനിന്ന് പരിശീലനം നേടിയവരാണ്. ഹെയ്ത്തിയിലെ രഹസ്യ കൊലയാളിപ്പോലീസ് മേധാവി ആയിരുന്ന ടൺടൺ മാകൗട്ട് സിഐഎയാൽ പരിശീലിപ്പിക്കപ്പെട്ടയാളാണ്. 2.5ലക്ഷം ഹെയ്ത്തി ജനങ്ങളെയാണ് ഇയാൾ കൊലപ്പെടുത്തിയിട്ടുള്ളത്. ബൊളീവിയയിൽ യുഎസ് നിർദ്ദേശങ്ങൾക്കനുസരിച്ച് 180 തവണ ഭരണമാറ്റമുണ്ടായിട്ടുണ്ട്. യുഎസ് സാമ്രാജ്യത്വവും കൂട്ടാളികളും ഏതെല്ലാം വിധത്തിൽ ഭീകരവാദപ്രവർത്തനങ്ങളുമായും അട്ടിമറികളുമായും ബന്ധപ്പെട്ടിരിക്കുന്നു എന്നു സാക്ഷ്യപ്പെടുത്തുന്ന ഏതാനും ഉദാഹരണങ്ങൾ മാത്രമാണിത്. സോവിയറ്റ് യൂണിയനിൽ ക്രൂഷ്ചേവിന്റെ പ്രതിവിപ്ലവ സംഘം എത്രത്തോളം സോഷ്യലിസ്റ്റ് വിരുദ്ധ നയങ്ങൾ പിന്തുടർന്നോ അത്രത്തോളം യുഎസ് സാമ്രാജ്യത്വത്തിന് 'പണവും അക്രമങ്ങളും', 'തോക്കിൻമുനയിൽ ജനാധിപത്യം കയറ്റിയയയ്ക്കുക' എന്നീ ഹീനനയങ്ങളുടെ നടത്തിപ്പിന് ഉത്തേജനം കിട്ടി.

> **മാനുഷികഭാവങ്ങളും യുക്തിചിന്തയും മനസ്സിൽനിന്നൊഴിഞ്ഞുപോകുകയും തൽസ്ഥാനത്ത് അന്ധമായ വിശ്വാസങ്ങളുടെയും ഭ്രാന്തമായ പ്രബോധനങ്ങളുടെയും യാഥാസ്ഥിതികത്വം കുടിയേറുകയും ചെയ്യുമ്പോഴാണ് ഒരാൾ സ്വയം സ്ഫോടനത്തിന് ഇരയായിക്കൊണ്ടുപോലും ഇത്തരം ക്രൂരതകളിലേർപ്പെടുന്നത് എന്നു മനസ്സിലാക്കുന്നതിന് വലിയ ബുദ്ധിയുടെ ആവശ്യമില്ല. ഇത്തരം അപമാനവീകരണത്തിന്റെയും നടുക്കുന്ന മൂല്യപ്രതിസന്ധികളുടെയും മൂലകാരണങ്ങൾ പരിശോധിക്കണം.**

**ഏകധ്രുവലോകത്തിൽ ആഗോള ഭീകരവാദത്തിന്റെ വ്യാപനം**

ലോകസാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ പ്രേരണയിലും സഹായത്തിലും തിരുത്തൽവാദ ഗൂഢാലോചനയാൽ നടന്ന സോവിയറ്റ് സോഷ്യലിസത്തിന്റെയും, തുടർന്ന് ശക്തമായിരുന്ന സോഷ്യലിസ്റ്റ് ക്യാമ്പിന്റെതന്നെയും തകർച്ചയ്ക്കുശേഷം യുഎസിന്റെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ എവ്വിധത്തിലുമുള്ള ദുഷ്ചെയ്തികളിലൂടെയും ജനങ്ങളുടെമേൽ മർദ്ദനവും ചൂഷണവും അടിച്ചേൽപ്പിക്കാനുള്ള കുടിലമായ വർഗ്ഗതന്ത്രങ്ങൾ കടിഞ്ഞാണില്ലാതെ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളെ യന്ത്രപ്പാവകളെപ്പോലെയാക്കാൻ, സംസ്കാരത്തിന്റെയും മൂല്യങ്ങളുടെയും നൈതികതയുടെയും ധാർമ്മികതയുടെയും മണ്ഡലങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന മാരകമായ ആക്രമണങ്ങളുടെ വീറുകൂടിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ ധാർമ്മിക നട്ടെല്ലു തകർക്കാനും അവരുടെ ചിന്താപ്രക്രിയയുടെ മുനയൊടിക്കാനും യുക്തിയുടെ ശബ്ദങ്ങളെ ഒതുക്കി, മാനുഷിക ഗുണങ്ങൾ, മനുഷ്യചേതന, മൃദുലവികാരങ്ങൾ എന്നിവയുടെയെല്ലാം അവസാനതരിപോലും തുടച്ചുനീക്കുവാനുള്ള ശ്രമങ്ങൾ വർദ്ധിച്ചിരിക്കുന്നു. ചിന്താപ്രക്രിയയെ മരവിപ്പിക്കാനും മനുഷ്യമനസ്സിൽ എല്ലാത്തരത്തിലുമുള്ള ജീർണ്ണാശയങ്ങൾ നിറയ്ക്കുവാനുമുള്ള ശ്രമങ്ങൾക്കൊപ്പംതന്നെ സാമ്രാജ്യത്വ-മുതലാളിത്തം, ജാതി-മത-വംശ-വർഗ്ഗീയതകളുടെ അടിസ്ഥാനത്തിലുള്ള വിഭാഗീയതകളും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഐക്യത്തിന് വിള്ളലേൽപ്പിക്കാനുള്ള പദ്ധതികളും ഒരുക്കിക്കൊണ്ടിരിക്കുന്നു. മൂല്യങ്ങളും മനുഷ്യഭാവങ്ങളുമൊഴിഞ്ഞ ഒരു അയുക്തിക മനസ്സ്, വിഘടനവാദം, മതഭ്രാന്ത്, ധാർമ്മികാധ:പതനം തുടങ്ങിയ അധമവികാരങ്ങൾക്ക് എളുപ്പം കയറിച്ചെല്ലാവുന്ന ഇടമാണെന്ന വർക്കറിയാം. ഈ ചിന്താശൂന്യതയും അന്ധവികാരങ്ങളും മനുഷ്യരെ കീഴടക്കിക്കഴിഞ്ഞാൽ അവർ വിഭാഗീയവും വിലക്ഷണവുമായ മാനസിക ഘടനയിലേയ്ക്ക് എളുപ്പത്തിൽ വീണുപോകുമെന്നും അതുവഴി സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ചൂഷണവ്യവസ്ഥയ്ക്കെതിരെ അനിവാര്യമായും നടക്കേണ്ട വിപ്ലവസമരത്തെ കഴിയുന്നത്ര നീട്ടിക്കൊണ്ടുപോകാമെന്നുമവർ കണക്കുകൂട്ടുന്നു.

ജനങ്ങൾ രണ്ടുവശത്തുനിന്നും ആക്രമണങ്ങൾ നേരിടുന്നു. ഒരു ഭാഗത്തുനിന്ന് സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ നിർദ്ദയ സാമ്പത്തികാക്രമണങ്ങൾ അവരെ സർവ്വനാശത്തിന്റെ ഗർത്തത്തിലേയ്ക്ക് തള്ളിവിടുന്നു. വർദ്ധിച്ചുവരുന്ന ദാരിദ്ര്യവും കഷ്ടപ്പാടുകളും അവരെ ദീനമായ നിസ്സഹായാവസ്ഥയിലേയ്ക്കോ വിധിവിശ്വാസത്തിലേയ്ക്കോ തള്ളിവിടുകയും ലക്ഷ്യമില്ലാതെ ദൈന്യയിലുഴലുവാൻ വിടുകയും ചെയ്യുന്നു. ഇതോടൊപ്പം, ഇപ്പോൾ മൃതപ്രായമായ മുതലാളിത്തത്തിൽ ഒരു വിശേഷാവകാശമായി മാറിയ ബൂർഷ്വാ വ്യക്തിവാദം ജീവിതത്തിന്റെ ഓജസ്സുമുഴുവനും കാർന്നുതിന്നുന്നു. ജനങ്ങളെ സമൂഹത്തിൽനിന്ന് അന്യവത്ക്കരിക്കുകയും സ്വന്തം ജീവിതത്തിനും സമൂഹത്തിനുമുണ്ടാകുന്ന കെടുതികളെ പരിഗണിക്കാതെ തോന്നിയതെന്തും ചെയ്യുന്ന മനോഘടന അവരിൽ സൃഷ്ടിക്കുകയും ചെയ്യുന്നു. സ്വയം നശീകരണത്തിലേയ്ക്കാണിവയെല്ലാം നയിക്കുന്നത്. ധാർമ്മിക-നൈതിക വൈകല്യങ്ങളും അനിയന്ത്രിതമായ മൂല്യപ്രതിസന്ധിയും ഈ സ്വയം നശീകരണപ്രക്രിയ വേഗത്തിലാക്കുന്നു. മാനവികസത്തയുടെ ആസൂത്രിതമായ തകർച്ചയിലേയ്ക്കും മൂല്യപ്രതിസന്ധിയുടെ അതിദ്രുത വ്യാപനത്തിലേയ്ക്കുമാണ് സാമ്രാജ്യത്വ-മുതലാളിത്തം തങ്ങളുടെ കുടിലപദ്ധതികൾ ആവിഷ്‌ക്കരിക്കുന്നത്. ആഗോള ഭീകരവാദത്തിന്റെയും ഭീകരവാദ സംവിധാനങ്ങളുടെയും പ്രചാരം ഇതിന്റെ അനിവാര്യഫലമാണ്.

ആഗോള തീവ്രവാദത്തിന്റെ ആവിർഭാവത്തിന്റെയും പെട്ടെന്നുള്ള വ്യാപനത്തിന്റെയും പശ്ചാത്തലമിതാണ്. സാമ്രാജ്യത്വ-മതുലാളിത്തം പ്രത്യേകിച്ച് യുഎസ് സാമ്രാജ്യത്വം, മറ്റുള്ളവരെ സ്വന്തം ചൊൽപ്പടിയിൽ നിർത്താൻ എത്ര ആർത്തിയോടെ തങ്ങളുടെ വ്യാപന നയങ്ങളെ പിന്തുടരുന്നുവോ അത്രതന്നെ കുപ്രസിദ്ധ ഭീകരവാദിസംഘങ്ങളുടെ ലോകമെമ്പാടുമുള്ള ഒന്നിനുപിറകെ ഒന്നായുള്ള രൂപീകരണവും കാണാനാകുന്നു. ആഫ്രിക്കയ്ക്കും ലാറ്റിനമേരിക്കയ്ക്കും ശേഷം യുഎസ് സാമ്രാജ്യത്വത്തിന്റെയും കൂട്ടാളികളുടെയും മുഖ്യലക്ഷ്യം എണ്ണ സമൃദ്ധമായ മധ്യകിഴക്കൻ (ാശററഹല ലമെേ) പ്രവിശ്യയാണ്. ബലപ്രയോഗത്തിലൂടെ എണ്ണപ്പാടങ്ങൾ കൈയടക്കുന്നതിനൊപ്പം ഭൗമ-രാഷ്ട്രീയ പരിഗണനയിൽ തന്ത്രപ്രധാനമായ സ്ഥലങ്ങളിലുള്ള രാജ്യങ്ങളുടെ മേൽ കണ്ണുവയ്ക്കുകയും ചെയ്യുന്നു. ജനാധിപത്യപരമായ തെരഞ്ഞെടുക്കപ്പെട്ട, സോവിയറ്റ് പിന്തുണയ

*(ശേഷം 11-ാം പേജിൽ)*

# പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ച തടയാൻ ഭീകരസംഘങ്ങളെ ഉപകരണമാക്കുന്നു

*(10-ാം പേജിൽ നിന്ന്)*

ണ്ടായിരുന്ന അഫ്ഗാനിസ്ഥാൻ ഗവൺമെന്റിനെ യുഎസ് സാമ്രാജ്യത്വം താഴെയിറക്കുന്നതോടെയാണിത് തുടങ്ങുന്നത്. പ്രതിവിപ്ലവ ക്രുഷ്ചേവ് സംഘത്തിന്റെ വികലവും അങ്ങേയറ്റം തെറ്റായതുമായ നയങ്ങളെയും നിലപാടുകളെയും മുതലെടുത്തുകൊണ്ട് യുഎസ് സാമ്രാജ്യത്വം 1970കളിൽ തങ്ങളുടെ ചാരസംഘങ്ങളുടെ സഹായത്തോടെ അഫ്ഗാനിസ്ഥാനിൽ നുഴഞ്ഞുകയറുകയും അവിടുത്തെ ആഭ്യന്തരകാര്യങ്ങളിലിടപെടുകയും ചെയ്യാൻ തുടങ്ങി. ആദ്യമേതന്നെ അഫ്ഗാനിസ്ഥാനിലെ മതേതര ജനാധിപത്യ ശക്തികളെ അവർ കീഴടക്കി. അവിടെത്തന്നെയുണ്ടായിരുന്ന മതമൗലികവാദ ചിന്താഗതികളെ ഊതിപ്പെരുപ്പിക്കുകയും, അഫ്ഗാൻ ജനതയുടെ സമരോത്സുകതയെ ഈ മതഭ്രാന്തും വിജ്ഞാനവിരുദ്ധ മനോഭാവവുമായി ഉദ്ഗ്രഥിക്കുകയും ചെയ്തു. ഈ നീചശ്രമങ്ങളുടെ ഭാഗമായി സിഐഎയുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണയോടെ ഇസ്ലാമിക മൗലികവാദ സംഘങ്ങളുടെ കൂട്ടാളിയായി മുജാഹുദ്ദീൻ എന്ന സംഘടന രൂപം കൊണ്ടു. സിഐഎയുടെതന്നെ രേഖകളിൽ സമ്മതിക്കുന്നതുപോലെ പെന്റഗൺ മേധാവികൾ പരസ്പരം പോരടിക്കുന്ന കലാപസംഘങ്ങളെയും മുജഹുദ്ദീനിനുള്ളിൽത്തന്നെയുള്ള വ്യത്യസ്ത ഗ്രൂപ്പുകളെയും ഉത്തേജിപ്പിക്കുകയുംചെയ്തു. പണവും ആയുധങ്ങളും ഉപഗ്രഹപരിശോധനാരേഖകളും രഹസ്യ രേഖകളും നൽകിക്കൊണ്ടും എന്തിന് പലപ്പോഴും പാകിസ്ഥാന്റെ സഹായത്തോടെ അഫ്ഗാൻ അഭയാർത്ഥികളിൽനിന്ന് തീവ്രവാദികളെ റിക്രൂട്ട് ചെയ്യാനും അവരെ പരിശീലിപ്പിക്കാനുമുള്ളസഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ടുപോലുമാണ് അവർ ഇതു നടപ്പിലാക്കിയത്. 1988ൽ ഒരു അഫ്ഗാൻ ഇതര മുജാഹുദ്ദീനായ ഒസാമ ബിൻ ലാദൻ ഇസ്ലാമിക മൗലികവാദികളുടെ മറ്റൊരു വിഷമയമായ സംഘമെന്ന നിലയിൽ അൽ ഖോയ്ദ സ്ഥാപിച്ചു. യുഎസ് സാമ്രാജ്യത്തിന്റെ പൂർണ്ണ അറിവോടെയും പിന്തുണയോടെയും അമേരിക്കയുടെയും സൗദി അറേബ്യയുടെയും സാമ്പത്തിക സഹായത്തോടെയുമാണിത് നടന്നത്. തുടക്കംമുതൽ തന്നെ അൽ ഖോയ്ദ സിഐഎയുമായി അടുത്ത ബന്ധം സ്ഥാപിച്ചു. തുടർന്ന് അത് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്ക് പടർന്നു. അറുപിന്തിരിപ്പനും വിജ്ഞാനവിരുദ്ധവുമായ ആശയങ്ങളുടെയും ചിന്തകളുടെയും അടിസ്ഥാനത്തിലുള്ള മുസ്ലീം മതമൗലികവാദത്തെ പ്രോത്സാഹിപ്പിക്കുകയും അതുവഴി എല്ലാത്തരം പുരോഗമനാശയങ്ങളെയും തകർക്കാനും തങ്ങളുടെവീക്ഷണങ്ങൾക്കെതിരെയുള്ള ഏതൊരു എതിർപ്പിനെയും ഉന്മൂലനം ചെയ്യാനും ആരംഭിച്ചു. അഫ്ഗാൻ മണ്ണ് സ്വന്തം കാൽക്കീഴിലാക്കുകയും ആഗോളഭീകരവാദ സംഘങ്ങൾ തങ്ങൾ നൽകുന്ന സഹായത്തെ ആശ്രയിക്കുകയും അവർക്കുള്ള പിന്തുണ സർവ്വാർത്ഥത്തിലും പ്രയോഗത്തിൽ വരികയും ചെയ്തു. അപ്പോൾ യുഎസ് സാമ്രാജ്യത്വത്തിന് തന്ത്രപ്രധാനമായ അഫ്ഗാൻ ഭൂമി സ്പ്രിംഗ് ബോർഡ് പോലെ ഉപയോഗിച്ചുകൊണ്ടും മുജാഹുദ്ദീൻ, അൽ ഖോയ്ദ തുടങ്ങിയ മതമൗലികസംഘങ്ങളെ ഏർപ്പെടുത്തി, ഏതുതരത്തിലുള്ള പുരോഗമനാശയങ്ങളുടെ മുളപൊട്ടലുകളെയും തടഞ്ഞുകൊണ്ടും മധ്യകിഴക്കൻ പ്രദേശത്തെ തങ്ങളുടെ നീരാളിപ്പിടുത്തത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനുള്ള മാർഗ്ഗം തുറന്നുകിട്ടി. ബ്രിട്ടീഷ് ഹൗസ് ഓഫ് കോമ്മൺസിൽ മുൻ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറിയായ റോബിൻ കുക്ക് പറഞ്ഞത്, അൽ ഖോയ്ദ, സിഐഎ പോലുള്ള പാശ്ചാത്യ ഇന്റലിജൻസ് ഏജൻസികളുടെ സൃഷ്ടിയാണെന്നും സൗദി അറേബ്യയാണ് അവർക്ക് ഫണ്ട് നൽകുന്നത് എന്നുമാണ്. 1980കളിൽ മുജാഹുദ്ദീനുകൾ പിന്തുണയ്ക്കുന്ന ഒരു സർക്കാരിനെ അഫ്ഗാനിസ്ഥാനിൽ അധികാരത്തിൽ അവരോധിച്ചിരുന്നു. എങ്കിലും യുദ്ധ പ്രഭുക്കളുടെയിടയിലുള്ള അധികാരത്തർക്കങ്ങളുടെ ഭീഷണമായ ആവർത്തനം നീണ്ടുനിൽക്കുന്ന സായുധ കലാപങ്ങളിലേയ്ക്ക് നയിക്കുകയും രാഷ്ട്രീയ അരാജകത്വം സൃഷ്ടിക്കുകയും അന്തിമമായി വിവിധ പ്രാദേശിക യുദ്ധപ്രഭുക്കളുടെ കീഴിലുള്ള വ്യത്യസ്ത പ്രദേശങ്ങളായി രാജ്യം വിഘടിതമാകുകയും ചെയ്തു. ഇത്തരം കലങ്ങിമറിയലുകൾക്കിടയിൽ, 1990കളിൽ വീണ്ടും യുഎസ് സാമ്രാജ്യത്വത്തിന്റെയും പാകിസ്ഥാൻ ഭരണാധികാരികളുടെയും അനുഗ്രഹവും പിന്തുണയും സഹായവുംകൊണ്ട് താലിബാൻ സൈന്യം നിലവിൽവന്നു. അൽ ഖോയ്ദയുടെ മതമൗലികവാദനയങ്ങളോടും അടിച്ചമർത്തൽ രീതികളോടും സമ്പൂർണ്ണമായ ചേർച്ചയുള്ള താലിബാൻ സേന അവസാനം അഫ്ഗാനിസ്ഥാനിൽ സർക്കാർ അധികാരം പിടിച്ചെടുത്തു. മധ്യ കിഴക്കൻ മേഖലയിലെ ഭീകരവാദത്തിന്റെ വളർച്ചയെ തീവ്രതരമാക്കാനുള്ള പദ്ധതിയുമായി യുഎസ് ഭരണാധികാരികൾ രംഗത്തിറങ്ങി. അറബ് ജനങ്ങൾക്കിടയിൽ ഒരു വിഭാഗത്തെ മറ്റൊന്നിന് എതിരാക്കുന്നതിനായി ഇസ്ലാം മതവിശ്വാസം പിന്തുടരുന്നവരിൽ ഷിയാകളും സുന്നികളുമായുള്ള വിടവ് വർദ്ധിപ്പിക്കാൻ ഉപജാപങ്ങൾ നടത്തുകയും, അതുവഴി അറബ് ലോകത്ത് ഒരു സമസ്ത അറബിദേശീയവികാരത്തിന്റെയടിസ്ഥാനത്തിലുള്ള സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭണങ്ങൾ വളരുന്നതിനെ തടയുകയും ചെയ്തു.

**ഭീകരവാദം എന്നത് ഒരു ലക്ഷണമാണെന്നും മധ്യകിഴക്കൻ മേഖലയിലെ യുഎസ് സാമ്രാജ്യത്വഗൂഢതന്ത്രങ്ങൾ അർബുദമാണെന്നും ഇപ്പോൾ ഐഎസ്(ഇസ്ലാമിക് സ്റ്റേറ്റ്) എന്നു പുനർനാമകരണം ചെയ്യപ്പെട്ട ഐഎസ്ഐഎസ്(ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആന്റ് സിറിയ) ന്റെ രൂപീകരണത്തോടെ വീണ്ടും തെളിഞ്ഞിരിക്കുകയാണ്. അൽ ഖോയ്ദ എന്ന പേരിൽ ഈ സംഘം 2004ൽ ആണ് ഇറാഖിൽ രൂപം കൊണ്ടത്. രണ്ടുവർഷത്തിനുശേഷം ഐഎസ്ഐഎസ് എന്ന് പുനർമുദ്രണം ചെയ്യപ്പെട്ടു.**

### ഐഎസ്-യുഎസ് പിന്തുണയോടെയുള്ള കൊടുംഭീകരസംഘങ്ങളുടെ പട്ടികയിലെ ഏറ്റവും പുതിയത്

ഭീകരവാദം എന്നത് ഒരു ലക്ഷണമാണെന്നും മധ്യകിഴക്കൻ മേഖലയിലെ യുഎസ് സാമ്രാജ്യത്വഗൂഢതന്ത്രങ്ങൾ അർബുദമാണെന്നും ഇപ്പോൾ ഐഎസ്(ഇസ്ലാമിക് സ്റ്റേറ്റ്) എന്നു പുനർനാമകരണം ചെയ്യപ്പെട്ട ഐഎസ്ഐഎസ്(ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആന്റ് സിറിയ) ന്റെ രൂപീകരണത്തോടെ വീണ്ടും തെളിഞ്ഞിരിക്കുകയാണ്. അൽ ഖോയ്ദ എന്ന പേരിൽ ഈ സംഘം 2004ൽ ആണ് ഇറാഖിൽ രൂപം കൊണ്ടത്. രണ്ടുവർഷത്തിനുശേഷം ഐഎസ്ഐഎസ് എന്ന് പുനർമുദ്രണം ചെയ്യപ്പെട്ടു. ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ, മൃഗീയ കൊലപാതകങ്ങളുടെയും കടുത്ത ധാർഷ്ട്യത്തിന്റെയും പേപിടിച്ച മതമൗലികവാദത്തിന്റെയും തട്ടിക്കൊണ്ടുപോകലിന്റെയും സ്ത്രീകളെയും കുട്ടികളെയും വിൽക്കുന്നതിന്റെയും മാനഭംഗപ്പെടുത്തുന്നതിന്റെയും അത്യന്താധുനികമായ ആയുധങ്ങൾ സംഭരിക്കുന്നതിന്റെയും ഒക്കെ ഏറ്റവും ഭീഷണമായ ഒരു ഭീകരവാദ സംഘമായി അത് മാറി. മാധ്യമപ്രവർത്തകരുടെയും ജീവകാരുണ്യ പ്രവർത്തകരുടെയും ശിരഛേദനം, കടുത്ത ശരി അത്ത് നിയമങ്ങളോട് ചേർന്നുപോകാത്ത നിരപരാധികളായ പൗരന്മാരെ വധിക്കുന്നത്, മുസ്ലീമിതര സ്ത്രീകളെയും കുട്ടികളെയും ബന്ദികളാക്കി ലൈംഗിക വേഴ്ചക്കായി ഉപയോഗിക്കുന്നത് തുടങ്ങി അവരുടെ എല്ലാ ക്രൂരകൃത്യങ്ങളെയും ഐഎസ് ഭീകരർ ദൈവത്തിന്റെ നാമത്തിൽ ന്യായീകരിക്കുകയാണ് ചെയ്യുന്നത്. ഏറ്റവും ആധുനികമായ ആയുധങ്ങൾ സഹിതം ഇറാഖിന്റെയും പിന്നീട് സിറിയയുടെയും വിസ്തൃതമായ പ്രദേശത്ത് ഐഎസ് ആധിപത്യമുറപ്പിച്ചിരുന്നു. വേട്ടനായ്ക്കളെപ്പോലുള്ള ഈ ഭീകരവാദ സംഘം തങ്ങൾക്കുതോന്നുന്നതെന്തും ചെയ്യുന്ന ഒരു ഭരണകൂടമെന്നതുപോലെ തന്നെയാണ് പെരുമാറുന്നത്. ഐഎസിനും മറ്റു ഭീകരവാദസംഘങ്ങൾക്കുമെതിരെ യുദ്ധം നടത്തുന്നു എന്ന് നടിച്ച പെന്റഗൺ യുദ്ധവെറിയൻമാർ യഥാർത്ഥത്തിൽ രഹസ്യമായി അവർക്ക് ആയുധങ്ങളും ധനവും നൽകുകയായിരുന്നു എന്നാണ് വസ്തുതകൾ തെളിയിക്കുന്നത്.

ഇറാഖ് അധിനിവേശത്തിനുശേഷം അമേരിക്കൻ തിട്ടൂരങ്ങൾക്ക് വഴങ്ങാതിരിക്കുന്ന അസാദ് ഭരിക്കുന്ന സിറിയയിലേയ്ക്കാണ് യുഎസ് സാമ്രാജ്യത്വം തിരിഞ്ഞിരിക്കുന്നത്. സിറിയയിൽ അശാന്തി സൃഷ്ടിക്കാനായി സായുധരായ മതസംഘങ്ങളെ അവിടെ സ്ഥാപിക്കുന്നതിനോടൊപ്പം ആ ഗവൺമെന്റ് സുന്നികളെ അടിച്ചമർത്തുകയാണ് എന്ന് പ്രചരിപ്പിച്ചുകൊണ്ട് വളരെ കൗശലപൂർവ്വം യുഎസ് സാമ്രാജ്യത്വം അസാദ് ഗവൺമെന്റിനെ അട്ടിമറിക്കാൻ ഐഎസിനെ ഏർപ്പെടുത്തിയിരിക്കുകയാണ്. സാമ്പത്തിക-രാഷ്ട്രീയ ലക്ഷ്യങ്ങളോടെ അമേരിക്ക സിറിയയിൽ കണ്ണുവച്ചനാൾമുതൽ പുറത്തുവരുന്ന തെളിവുകൾ കാണിക്കുന്നത്, പെന്റഗൺ ഭരണാധികാരികളും സിഐഎയും തങ്ങളുടെ 'സുഹൃത് രാഷ്ട്രങ്ങളായ' സൗദി അറേബ്യയും തുർക്കിയും വഴി ഐഎസിന് ആയുധങ്ങളും ധനവും എത്തിച്ചുകൊടുക്കുകയായിരുന്നു എന്നാണ്.

ഇറാഖിലെ ജനകീയ ശക്തികളുടെ ഒരു ഗ്രൂപ്പ് യുഎസ് സേനയുടെ ഹെലികോപ്ടർ വെടിവച്ചിടുകയുണ്ടായി. ഐഎസിനായി കൊണ്ടുപോയിരുന്ന ആയുധങ്ങളായിരുന്നു അതിലെന്നാണ് കണ്ടെത്തിയത്. ഇറാഖ് പാർലമെന്റിന്റെ ദേശീയ സുരക്ഷാ മേധാവി പറഞ്ഞത് അമേരിക്കൻ അപ്പാച്ചെ ഹെലികോപ്റ്ററുകൾ വിമാനവേധ ആയുധങ്ങൾ ഉൾപ്പെടെയുള്ള പടക്കോപ്പുകളും ഭക്ഷ്യവസ്തുക്കളും ഐഎസിന് ഇട്ടുകൊടുക്കുന്നതിന്റെ ഫോട്ടോഗ്രാഫുകളും രേഖകളും തന്റെ കൈവശം ഉണ്ട് എന്നാണ്. 2012ൽ ലിബിയയിൽ ഗദ്ദാഫി ഭരണം അവസാനിച്ചതിനുശേഷം, ലിബിയൻ സംഭരണകേന്ദ്രങ്ങളിൽനിന്ന് സിറിയയിലേയ്ക്ക് ഐഎസിന് ആയുധങ്ങൾ കടത്തുന്നതിനായി, ബ്രിട്ടീഷ് രഹസ്യാന്വേഷണ ഏജൻസിയായ എംഐ6, സിഐഎയുമായി ചേർന്നു പ്രവർത്തിച്ചിരുന്നു എന്ന് റിപ്പോർട്ടുകളുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ യുഎസ് സാമ്രാജ്യത്വം, മധ്യകിഴക്കൻ മേഖലയിൽ തങ്ങളുടെ ശത്രുക്കളെ ആക്രമിക്കാൻ ഐഎസിനെ ഉപയോഗിക്കുകയാണ്. വിദേശത്ത് യുഎസ് സൈനിക ഇടപെടലിന് സാധൂകരണം നേടാനും സ്വന്തം നാട്ടിൽ സമ്പദ് രംഗത്തിന്റെ സൈനികവത്ക്കരണത്തെയും വ്യക്തിജീവിതത്തിലേയ്ക്ക് കടന്നുകയറുന്ന ആഭ്യന്തരമേൽനോട്ടത്തെയും ന്യായീകരിക്കാനുതകുംവിധം ഒരു ആന്തരികഭീഷണി ഇളക്കിവിടാനുമാണ് ഇതുവഴിയവർ ലക്ഷ്യമാക്കുന്നത്.

സ്റ്റാലിന്റെയും മാവോയുടെയും കാലത്തിനുശേഷവും നിരവധി ദൗർബല്യങ്ങളോടെയെങ്കിലും ഒരു പ്രതിരോധ കവചംപോലെ നിലനിന്നിരുന്ന സോഷ്യലിസ്റ്റ് ചേരിയുടെ പിൻവാങ്ങലിനുശേഷമുള്ള ഏകധ്രുവലോകത്ത് ഭീകരവാദമെന്നത് സാമ്രാജ്യത്വമുതലാളിത്തത്തിന്റെ സൃഷ്ടിയാണെന്നും അതിന്റെ രൗദ്രതയ്ക്കും വന്യമായ നടപടികൾക്കും വലിയ ഉത്തേജനം ലഭിക്കുന്നുണ്ടെന്നും ഇതുവഴി വ്യക്തമായിരിക്കുകയാണ്. നാം നേരത്തെ ചൂണ്ടിക്കാട്ടിയ മാനുഷിക മൂല്യങ്ങളുടെയും മാനവസത്തയുടെയും അതിവേഗത്തിലുള്ള പിൻവാങ്ങലിന്റെ സാഹചര്യത്തിൽ, തക്കം പാർത്തിരിക്കുന്ന മുതലാളിത്ത-സാമ്രാജ്യത്വം അവയെ എല്ലാത്തരത്തിലുമുള്ള വിഷലിപ്തമായ നിഗൂഢവാദ- മതമൗലികവാദ-വർഗ്ഗീയ-വംശീയ മനോഘടനകളുടെ അന്ധമാർഗ്ഗത്തിലേയ്ക്ക് വഴിതിരിച്ചുവിടുകയും അങ്ങനെ ആഗോള ഭീകരവാദത്തിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.

മതത്തെ മൗലികവാദവും മതഭ്രാന്തുമായി തുലനം ചെയ്യാനുള്ള കൗശലപൂർണ്ണമായ ശ്രമങ്ങളും നടക്കുന്നു. ഒരേമതത്തെ അംഗീകരിക്കുന്നവർതന്നെ പരസ്പരം കൊല്ലുന്ന തരത്തിലേയ്ക്ക് മതമൗലികവാദ വെറി വളർന്നിരിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകളും അരക്ഷി

*(ശേഷം 12-ാം പേജിൽ)*

# തീവ്രവാദ പ്രവർത്തനങ്ങൾക്ക് പ്രതിവിധി സാമ്രാജ്യത്വ – വിരുദ്ധ പ്രക്ഷോഭങ്ങൾ

*(11-ാം പേജിൽ നിന്ന്)*

താവസ്ഥയും അനിശ്ചിതഭാവിയും മൂല്യപ്രതിസന്ധിയുമെല്ലാംമൂലം നിരാശയിൽ ഉഴലുന്ന, മയക്കുമരുന്നിലേയ്ക്കും ലൈംഗിക അരാജകത്വത്തിലേയ്ക്കും അതുപോലുള്ള ജീവിതം നശിപ്പിക്കുന്ന സ്വഭാവരീതികളിലേയ്ക്കും വഴുതിവീഴുന്ന ധാരാളം ചെറുപ്പക്കാർ കുറ്റവാസനയുടെ മനോഭാവം പ്രകടിപ്പിച്ചു തുടങ്ങുന്നുണ്ട്. ഈ ചെറുപ്പക്കാർ ഭീകരവാദ സംഘങ്ങളുടെ വലയിലകപ്പെടുകയും വർഗ്ഗീയ-മൗലികവാദ-വംശവെറിയാൽ സ്വബോധം നഷ്ടപ്പെട്ട് പിന്നീട് സ്ഫോടനങ്ങളും ആക്രമണങ്ങളും ദയാരഹിതമായ കൊലപാതകങ്ങളും നടത്താൻ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. നിരപരാധികളെ കൊല്ലുന്നതോ ഒരു കൂട്ടം ആളുകളെ കശാപ്പുചെയ്യുന്നതോപോലും ഇവരുടെ ഹൃദയത്തിൽ ഒരലയും സൃഷ്ടിക്കുന്നില്ല. മതഭ്രാന്തും മതമൗലികവാദവും കൊലപാതകമനോഘടനയുമെല്ലാം അവരുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു. ഈ പ്രക്രിയയിൽ സ്വയം പൊട്ടിച്ചിതറി മരിക്കുന്നതും ഉചിതമായ ഒന്നായാണിവർ കാണുന്നത്. ഈ അപമാനവീകരണ പ്രക്രിയ ഫാസിസത്തിന്റെ നങ്കൂരമിടലാണ്; തങ്ങളുടെ ചൂഷകഭരണം തുടർന്നുകൊണ്ടുപോകാനുള്ള സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ അവസാന പിടിവള്ളിയും. എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാഷ്ട്രങ്ങളിലെയും ഒരു പൊതുസവിശേഷതയാണ് ഇന്ന് ഫാസിസം.

**സാമ്രാജ്യത്വ ഗൂഢപദ്ധതികൾ നടപ്പാക്കുന്നതിനെ ഈ ഭീകര സംഘങ്ങൾ എങ്ങനെയാണ് സഹായിക്കുന്നത്?**

ഭീകരവാദത്തിന്റെ വ്യാപനത്തിൽ, യുഎസ് സാമ്രാജ്യത്വവും അവരുടെ ചാരസംഘടനകളും തങ്ങളുടെ ലക്ഷ്യം നേടിയെടുക്കാനുള്ള സൗകര്യപ്രദമായ ഒരു ഉപകരണത്തെയാണ് കാണുന്നത്. നികൃഷ്ടമായ സ്വന്തം വർഗ്ഗതാൽപര്യത്തിന് ചേർന്നു നിർക്കുന്നതാണ് ഈ തന്ത്രമെന്ന് മറ്റുസാമ്രാജ്യത്വ ശക്തികളും മനസ്സിലാക്കിയിട്ടുണ്ട്. ഒന്നാമതായി. മധ്യ കിഴക്കൻ മേഖലയിലെ വിവിധ ഇസ്ലാമിക രാജ്യങ്ങളിൽ തങ്ങളുടെ പുത്തൻ കൊളോണിയൽ ചൂഷണം ഉറപ്പിച്ചെടുക്കാൻ അവർക്കു കഴിഞ്ഞിരിക്കുന്നു. രണ്ടാമതായി, വിജ്ഞാനവിരോധത്തിന്റെയും മതമൗലികവാദത്തിന്റെയും അന്ധകൂപങ്ങളിലേയ്ക്ക് ജനങ്ങളുടെ മനസ്സിനെ ഒതുക്കിക്കൊണ്ടും ഏതുനിമിഷവും സംഭവിക്കാവുന്ന ഒരു ഭീകരാക്രമണത്തെക്കുറിച്ചുള്ള ഭീതിയുടേതായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും ഏതുവിധത്തിലുമുള്ള പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയെയും വിഫലമാക്കാനവർക്കു കഴിയുന്നു. മൂന്നാമതായി, ഭീകരാക്രമണം എന്ന ഉമ്മാക്കി കാണിച്ചുകൊണ്ട് തങ്ങളുടെ വരുതിയിൽ നിൽക്കാത്ത ഭരണാധികാരികളുള്ള രാജ്യങ്ങളിൽ നിഷ്ഠൂരമായ സൈനിക ആക്രമണങ്ങൾ നടത്താനുള്ള അവകാശം ഈ സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്കു ലഭിക്കുന്നു. നാലാമതായി, ഭരണ അട്ടിമറി, ആഭ്യന്തരയുദ്ധം, വംശീയ കലാപം എന്നിങ്ങനെ മറ്റുരാജ്യങ്ങളിൽ ഒളിവിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം സാമ്രാജ്യത്വ ശക്തികൾക്ക് ഈ ഭീകരവാദി ഗ്രൂപ്പുകളുടെ തലയിൽ കെട്ടിവയ്ക്കാനും പിന്നീട് ഈ കൃത്യങ്ങളെല്ലാം ഭീകരവാദികൾ ചെയ്തതാണ് എന്നു പറഞ്ഞ് കാപട്യത്തോടെ അവയോടുള്ള എതിർപ്പ് പ്രകടിപ്പിക്കാനും കഴിയുന്നു. അഞ്ചാമതായി, സമ്പദ്‌രംഗത്തിന്റെ സൈനികവൽക്കരണത്തിന്റെ ഫലമായി ഉൽപ്പാദനം ഗണ്യമായി വർദ്ധിച്ച ആയുധങ്ങളുടെ ഒരു വലിയ വിപണിയാണ് ഈ ഭീകരവാദസംഘങ്ങൾ തുറന്നിരിക്കുന്നത്. യുഎസ് സാമ്രാജ്യത്വത്തിന്റെ വ്യവസായ-സൈനിക കൂട്ടുകെട്ട് കൂട്ടിവച്ചിരിക്കുന്ന ആയുധശേഖരം കൈയൊഴിയുന്നതിന് പുതിയൊരു മാർഗ്ഗവും ഇതുവഴി കണ്ടെത്തിയിരിക്കുന്നു. അവസാനമായി, ഭീകരതയ്ക്കെതിരെയുള്ള യുദ്ധം എന്ന മുദ്രാവാക്യം യഥാർത്ഥത്തിൽ ഏറ്റവും ആധുനികവും അപകടകരവുമായ ഭീമാകാരമായ യുഎസ് സൈനിക ശക്തിയെ നിലനിർത്തിക്കൊണ്ടുപോകാനുള്ള ന്യായീകരണവും ഭീകരാക്രമണങ്ങൾക്കെതിരെയെന്ന പേരിൽ നടക്കുന്ന മുൻകൂർ ആക്രമണങ്ങളെ സാധൂകരിക്കാനുള്ള വഴിയുമായി മാറുന്നു. 2001 ഒക്ടോബറിൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ഡബ്ല്യു. ബുഷ് ഭീകരതയ്ക്കെതിരെയുള്ള യുദ്ധം പ്രഖ്യാപിച്ചതുമുതൽ അമേരിക്കൻ നികുതി ദായകർ 6.6 ട്രില്യൺ ഡോളറാണ് നൽകിയിട്ടുള്ളത്. അതായത് ഭീകരവാദസംഘടനകളുടെ വളർച്ച അമേരിക്കൻ സാമ്രാജ്യത്വത്തിനും സഹയാത്രികർക്കും സാമ്പത്തികവും രാഷ്ട്രീയവുമായ നേട്ടങ്ങൾ നൽകിയെന്നത് വ്യക്തമാണ്.

> **അറുപിന്തിരിപ്പനും കരുണയില്ലാത്ത ചൂഷകസ്വഭാവവുമുള്ള മനുഷ്യത്വരഹിതമായ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ഉൽപ്പന്നമാണ് ഭരണകൂട ഭീകരത. ഈ ഏകധ്രുവ ലോകത്തിൽ അത് തടസ്സങ്ങളേതുമില്ലാതെ വർദ്ധിച്ചും വരുന്നു. ജനതാൽപര്യത്തിന്റെ വീക്ഷണകോണിൽനിന്നു നോക്കുമ്പോൾ ആക്രമണങ്ങളും ജീർണ്ണിച്ച വിഭാഗീയ ചിന്തകളും പ്രചരിപ്പിക്കാനുള്ള ഭീകരവാദ സംഘങ്ങളുടെ വളർച്ച, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ തടയാനുള്ള മുതലാളിത്ത-സാമ്രാജ്യത്വ ശക്തികളുടെ വിശാലമായ പദ്ധതികളുടെ ഭാഗമാണ്.**

**ഭരണകൂടഭീകരതയുടെ ഭീതിജനകമായ വളർച്ച**

ഉയർന്നുപൊങ്ങുന്ന ഭീകരവാദത്തിന്റെ ഉത്ഭവത്തെയും അതിനെ നേരിടാനുള്ള വഴികളെക്കുറിച്ചുമാലോചിക്കുമ്പോൾ, സാമ്രാജ്യത്വ-മുതലാളിത്ത ഭരണാധികാരികൾ എതിർസ്വരങ്ങളെ അമർച്ച ചെയ്യാൻ ഉപയോഗിച്ചുവരുന്ന ഭരണകൂടഭീകരതയുടെ വളർച്ചയെക്കുറിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്. വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങൾ, ഒളിവിലുള്ള കൊലകൾ, ജയിലിനുള്ളിലും കസ്റ്റഡിയിലുമുള്ള കുറ്റാരോപിതരുടെ കൊലപാതകങ്ങൾ ഇവയെല്ലാം ഭരണകൂടഭീകരതയാണ്. സർക്കാർ പിന്തുണയോടെയുള്ള കൊലപാതകങ്ങളും വംശഹത്യകളുമെല്ലാം ഭരണകൂടഭീകരതതന്നെ. ഇന്ത്യയിലെയും മറ്റുനിരവധി മുതലാളിത്ത-സാമ്രാജ്യത്വരാഷ്ട്രങ്ങളിലെയും ജനങ്ങൾ ഭരണകൂടഭീകരതയുടെതായ അനേകം കൃത്യങ്ങൾ കണ്ടിട്ടുണ്ട്. അതുകൊണ്ട് അറുപിന്തിരിപ്പനും കരുണയില്ലാത്ത ചൂഷകസ്വഭാവവുമുള്ള മനുഷ്യത്വരഹിതമായ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ഉൽപ്പന്നമാണ് ഭരണകൂട ഭീകരത. ഈ ഏകധ്രുവ ലോകത്തിൽ അത് തടസ്സങ്ങളേതുമില്ലാതെ വർദ്ധിച്ചും വരുന്നു. ജനതാൽപര്യത്തിന്റെ വീക്ഷണകോണിൽനിന്നു നോക്കുമ്പോൾ ആക്രമണങ്ങളും ജീർണ്ണിച്ച വിഭാഗീയ ചിന്തകളും പ്രചരിപ്പിക്കാനുള്ള ഭീകരവാദ സംഘങ്ങളുടെ വളർച്ച, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ തടയാനുള്ള മുതലാളിത്ത-സാമ്രാജ്യത്വ ശക്തികളുടെ വിശാലമായ പദ്ധതികളുടെ ഭാഗമാണ്.

**സംഘടിതമായ പ്രക്ഷോഭണങ്ങൾക്കുമാത്രമാണ് സംരക്ഷണം നൽകാൻ കഴിയുക**

ഈ അവസരത്തിൽ മറ്റുചിലതരം ആക്രമണങ്ങളെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതുണ്ട്. അവയുണ്ടാക്കുന്ന ദൂഷ്യഫലങ്ങളുടെ അടിസ്ഥാനത്തിൽ ഇവയും ഭീകരവാദത്തിന്റെ ഗണത്തിൽ പെടുത്താവുന്നവയാണ്. നിരന്തരപീഡനം, വംശീയതയെയും ജാതീയതയെയും മതവിശ്വാസങ്ങളെയും അധികരിച്ചുള്ള വിവേചനങ്ങളും അവഗണനകളും ന്യായമായ ജനാധിപത്യ പ്രക്ഷോഭണങ്ങളുടെമേലുള്ള സർക്കാരിന്റെ അടിച്ചമർത്തൽ ഇവയെല്ലാം ഭീകരവാദ ആക്രമണങ്ങളുടെ രൂപത്തിലുള്ള തിരിച്ചടികൾക്കു കാരണമാണ്.

ന്യൂനപക്ഷ വിഭാഗങ്ങളെയും കുടിയേറുന്നവരെയും മറ്റു ജനവിഭാഗവുമായി ഉദ്ഗ്രഥിക്കുന്നതിൽ വിവിധ രാഷ്ട്രങ്ങളിലുണ്ടായ പിഴവുകൾ അവരുടെ അന്യവത്ക്കരണത്തിലേയ്ക്കും പ്രാന്തവത്ക്കരണത്തിലേയ്ക്കും നയിക്കുന്നു. അത് പരാതികളിലേയ്ക്കും, ഉചിതമായ മാർനഗ്ഗിർദ്ദേശത്തിന്റെയും അവ പ്രകടിപ്പിക്കാനുള്ള ജനാധിപത്യ മാർഗ്ഗങ്ങളുടെയും അഭാവം നിമിത്തം ചില ഗ്രൂപ്പുകളെ അക്രമത്തിലേയ്ക്കും ഭീകരതയിലേയ്ക്കും നയിക്കും. അതുകൊണ്ട് സാമ്രാജ്യത്വ-മുതലാളിത്തം ഒരുക്കിയെടുക്കുന്ന ഭീകരവാദവും, ചിന്താക്കുഴപ്പത്തിലുള്ള തെറ്റിദ്ധരിക്കപ്പെട്ടവരും തെറ്റായി നയിക്കപ്പെട്ടവരും മുതലാളിത്ത ചൂഷണത്തിൽപ്പെട്ടു ഞെരുങ്ങുന്ന അസംതൃപ്തരായവരും നടത്തുന്ന ഭീകരപ്രവർത്തനങ്ങളും രണ്ടും രണ്ടായിട്ടു കാണണം. മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ കൂടാരത്തിൽ പിറന്ന, ജനങ്ങളെ വിഭജിക്കുന്നതും അവർക്ക് സത്യം എല്ലായ്പ്പോഴും ഒരു മരീചികയായി മാറുന്നതുമായ ഭീകരവാദം മനുഷ്യവംശത്തിന്റെ കടുത്ത ശത്രുവായ ശക്തികളുടെ സൃഷ്ടിയാണ്. മത-ഭാഷ- വംശീയ-ജാതി ഭേദങ്ങൾക്കെല്ലാമതീതമായി, ശരിയായ വിപ്ലവ നേതൃത്വത്തിനുകീഴിൽ ഉയർന്ന തൊഴിലാളിവർഗ്ഗ നൈതികതയുടെയും സംസ്കാരത്തിന്റെയുമടിസ്ഥാനത്തിൽ നടക്കുന്ന നീണ്ടുനിൽക്കുന്ന സംഘടിതമായ ഐക്യപ്രക്ഷോഭണങ്ങളിലൂടെ മാത്രമേ അതിനെ പരാജയപ്പെടുത്താൻ കഴിയൂ.

ഭരിക്കുന്ന മുതലാളിത്ത-സാമ്രാജ്യത്വത്തിനെതിരെ, പണിയെടുക്കുന്ന മുഴുവൻ ജനവിഭാഗങ്ങളുടെയും വമ്പൻ പ്രക്ഷോഭം സംഘടിപ്പിക്കുകയെന്നതാണ് ഇന്നത്തെ ആവശ്യകത ഉദ്ദേശരഹിതമായ ആക്രമണങ്ങളും കയ്പേറിയ ശത്രുതയുമെല്ലാം പൊരുതുന്ന ജനങ്ങളുടെ ഐക്യം തകർക്കാനും അത്തരം സമരം വളർന്നുവരുന്നതിനും ശക്തി പ്രാപിക്കുന്നതിനും തടസ്സമായി നിലനിൽക്കാനും മാത്രമേ സഹായിക്കൂ. സഖാവ് ശിബ്ദാസ് ഘോഷ് വികസിപ്പിച്ച, മാർക്സിസം-ലെനിനിസത്തെക്കുറിച്ചുള്ള അവബോധം ജനങ്ങൾക്കുണ്ടാകുമ്പോഴാണ് മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ ഗൂഢാലോചനയ്ക്കെതിരായ ബോധപൂർവ്വമായ പ്രക്ഷോഭണം സാധ്യമാകൂ. അവരുടെ പോരാട്ടത്തിലെ ഐക്യവും സാഹോദര്യവും ഐക്യദാർഢ്യവും കൂടുതൽ ഉറയ്ക്കുന്നത് അപ്പോഴാണ്. മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിനനുരോധമായി ശരിയായ പാതയിലൂടെ ജനങ്ങൾ നടത്തുന്ന സമരമാണ് ഈ ഏകധ്രുവലോകത്തിൽ സാമ്രാജ്യത്വ-മുതലാളിത്തം ഏർപ്പാടുചെയ്യുന്ന മതമൗലിക സംഘടനകൾ നടത്തുന്ന തീവ്രവാദപ്രവർത്തനങ്ങൾക്ക് പ്രതിവിധി.

അതേസമയം സാമ്രാജ്യത്വ വിരുദ്ധ സമാധാന പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള ജനകീയ സമരങ്ങൾ ഉയർന്നുവരികയും ശക്തി നേടുകയും ചെയ്യുമ്പോൾ, സഹകരണത്തിന്റെയും സൗഹൃദത്തിന്റേതുമായ ഊർജ്ജം പൊരുതുന്ന ജനവിഭാഗങ്ങൾക്കിടയിൽ പ്രസരിക്കുകയും ജാതി-മത-വർഗ്ഗീയ ഭേദങ്ങൾക്കതീതമായി ഒരു ഏകഭാവം അവരിൽ ഉടലെടുക്കുകയും ചെയ്യും. ഈ പ്രക്ഷോഭണത്തിന്റെ സാംസ്കാരിക പരിസരം ഭരണവർഗ്ഗവും അവരുടെ സേവകരും ജനങ്ങളിൽ കുത്തിവച്ച എല്ലാത്തരം വികലമാനസികാവസ്ഥകളെയും വിഭാഗീയ ചിന്തകളെയും തുടച്ചുനീക്കുന്നതുമായിരിക്കും.

അസംതൃപ്തിയിലേയ്ക്കും നിരാശയിലേയ്ക്കും തള്ളിവിടപ്പെട്ട ചൂഷിതരിലെ ഒരു വിഭാഗം അവരെ അമർച്ച ചെയ്യാനുള്ള ഭരണകൂട ഭീകരതയുടെ വർദ്ധിച്ച ഉപയോഗത്തിനെതിരെ തിരിച്ചടിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും ഭീകരതയുടെ വഴിയും ഉദ്ദേശരഹിതമായ ആക്രമണങ്ങളും ഒരു പരിഹാരവും കൊണ്ടുവരില്ല എന്ന സത്യം മനസ്സിലാക്കുകയും ചെയ്യും. ഈ ശരിയായ ധാരണയും രാഷ്ട്രീയ ബോധവും അവരെ എല്ലാ തെറ്റിദ്ധാരണകളിൽനിന്നകറ്റുകയും വർഗ്ഗീയ-മതമൗലികവാദ-വംശീയ-വിഘടന ഗ്രൂപ്പുകളാൽ തെറ്റായി നയിക്കപ്പെടുന്നതിൽനിന് തടയുകയും ചെയ്യും. അതുകൊണ്ട് ഭീകരവാദത്താൽ ഭയചകിതരാകാതെ അടിച്ചമർത്തപ്പെട്ട കഷ്ടപ്പെടുന്ന ജനങ്ങൾ സാമ്രാജ്യത്വ-മുതലാളിത്തത്തിനെതിരെ സമരൈക്യവും ബോധപൂർവ്വമായ പ്രവർത്തനവും ഉറപ്പാക്കിക്കൊണ്ട് പോരാടുകയാണ് വേണ്ടത്. ■

# ജി.എസ്.പത്മകുമാർ ഭവൻ

# തൊഴിലാളിവർഗ്ഗ സംസ്കാരത്തിന്റെ കരുത്തും ചൈതന്യവും പ്രകടിപ്പിച്ച സൃഷ്ടി

*(1-ാം പേജിൽ നിന്ന്)*

ണ്ട് മുപ്പത് ശതമാനം വരുന്ന, നിർമ്മാണത്തിന്റെ എല്ലാ മേഖലയിലും വൈഭവമുള്ള സഖാക്കൾ, അവശേഷിച്ച എല്ലാ സഖാക്കൾക്കും പരിശീലനം നൽകി. നിർമ്മാണസാമഗ്രികൾ വാങ്ങുക എന്നതുമാത്രമായിരുന്നു നിർമ്മാണച്ചെലവ്.

സ്ത്രീ-പുരുഷഭേദമെന്യേ, പ്രായഭേദമെന്യേ സഖാക്കൾ നടത്തിയ കഠിനാധ്വാനം ആരെയും അതിശയിപ്പിക്കുന്നതായിരുന്നു. ഉത്സവപ്രതീതിയിൽ നടന്ന വാർക്കപ്പണിയിൽ 140ഓളം സഖാക്കൾ പണിയെടുത്തു. ലക്ഷ്യബോധത്തോടെയുള്ള അധ്വാനം ആനന്ദകരമായ അനുഭവം ആണെന്ന് സഖാക്കൾ തെളിയിച്ചു. നിർമ്മാണ മധ്യേ സഹായത്തിന്റെ പല ഉറവിടങ്ങളും വഴികളും തുറക്കപ്പെട്ടു. നഗരത്തിലെ അറിയപ്പെടുന്ന മനുഷ്യകാരുണ്യ പ്രവർത്തകൻ പി.യു.തോമസിന്റെ നേതൃത്വത്തിൽ നവജീവൻ ട്രസ്റ്റ്, പണിയെടുക്കുന്ന സഖാക്കൾക്ക് ഒരു വർഷത്തിലധികമായി ഉച്ചഭക്ഷണം സൗജന്യമായി നൽകി. പാർട്ടിയോടുള്ള സാധാരണ ജനങ്ങളുടെ അകളങ്കമായ സ്നേഹം ഒരിക്കൽ കൂടി വെളിവാക്കപ്പെട്ടു. നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെ ലക്ഷക്കണക്കിന് രൂപയുടെ സംഭാവനകൾ ജനങ്ങൾ നൽകി. രാത്രിയും പകലും ഷിഫ്റ്റ് അടിസ്ഥാനത്തിൽ പണികൾ മുന്നേറി. തൊഴിലാളികളായ സഖാക്കൾ പകലന്തിയോളം കൂലിപ്പണിക്ക് പോയതിനുശേഷം രാത്രിയിൽ ഓഫീസ് നിർമ്മാണത്തിന് പരപ്രേരണ കൂടാതെ വന്നുകൊണ്ടിരുന്നു. പണി ചെയ്യുന്ന സഖാക്കൾ തന്നെ നിർമ്മാണസാമഗ്രികൾ വാങ്ങുന്നതിന് വേണ്ടി ജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുവാൻ വീടുകളും കടകളും കയറിയിറങ്ങി. സുഗമമായ ഒന്നായിരുന്നില്ല നിർമ്മാണ പ്രവർത്തനം. സാമ്പത്തികമടക്കമുള്ള പലതരം പ്രതിസന്ധികൾ പലപ്പോഴും പ്രത്യഭിമുഖം വന്നു. നമ്മുടെ പാർട്ടിയുടെ ചൈതന്യമായ തൊഴിലാളിവർഗ്ഗ സംസ്കാരത്തിലൂന്നിയ കൂട്ടായ്മകൊണ്ട് സഖാക്കൾ അതിനെ നേരിട്ടു. 669 ദിനരാത്രങ്ങൾ വിശ്രമരഹിതമായി സഖാക്കൾ അധ്വാനിച്ചു. എൻജിനീയറിംഗ് മുതൽ ഇഷ്ടികനിർമ്മാണം വരെ സന്നദ്ധപ്രവർത്തനത്തിലൂടെ നിർവ്വഹിക്കപ്പെട്ടു. ആകെ മുന്നൂറ്റമ്പതോളം സഖാക്കൾ സന്നദ്ധ പ്രവർത്തനത്തിൽ പങ്കാളികാളായി. അതിൽ അമ്പതോളം പേർ ഇതരജില്ലകളിൽ നിന്നുള്ളവരായിരുന്നു.

അത്യന്തം ക്ലേശകരമായ നിർമ്മാണപ്രവർത്തനങ്ങൾക്കിടയിലും രാഷ്ട്രീയ ദൗത്യങ്ങൾ നിറവേറ്റുന്നതിൽ സഖാക്കൾ ഒരു വീഴ്ചയും വരുത്തിയില്ല. നിർമ്മാണ പ്രവർത്തനത്തിനിടയിൽത്തന്നെയാണ് കോട്ടയം നഗരത്തിലെ ഭാരത് ആശുപത്രിയിലെ നഴ്സുമാർ യുണൈറ്റഡ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ സമരം ആരംഭിച്ചത്. പാർട്ടി ജില്ലാ കമ്മിറ്റി ആ സമരത്തെ സർവ്വാർത്ഥത്തിലും പിന്തുണച്ചു. എന്ന് മാത്രമല്ല, പണി പൂർത്തിയാകാത്ത നമ്മുടെ കെട്ടിടം നഴ്സുമാരുടെ സമര കേന്ദ്രമായി പ്രവർത്തിച്ചു. നഴ്സുമാർക്ക് രാത്രിയിൽ കഞ്ഞിയും പ്രഭാതത്തിൽ കടുംകാപ്പിയും വർക്ക് സൈറ്റിൽ നിന്നും സഖാക്കൾ എല്ലാദിവസവും എത്തിച്ചു. പണി പൂർത്തിയാകും മുൻപ് തന്നെ ജനകീയ സമര കേന്ദ്രമായി വർത്തിക്കുവാൻ ഓഫീസിന് സാധിച്ചു എന്നത് എടുത്തു പറയേണ്ട ഒന്നാണ്.



**സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷപ്രസംഗം നടത്തുന്നു**

കേരളത്തെ ഒന്നടങ്കം വിഴുങ്ങിയ മഹാപ്രളയത്തിൽ പാർട്ടി സംസ്ഥാന കമ്മിറ്റി നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ബേസ് ക്യാമ്പായി നിർമ്മാണം പൂർത്തിയാകാത്ത ഈ കെട്ടിടം മാസങ്ങളോളം പ്രവർത്തിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും പാർട്ടി സഖാക്കൾ അയച്ച ഭക്ഷ്യവസ്തുക്കളും തുണിത്തരങ്ങളും സൈറ്റിൽ സംഭരിക്കുകയും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വിതരണം നടത്തുകയും ചെയ്തു.

ശാസ്ത്രകേന്ദ്രം പ്രവർത്തിച്ചു തുടങ്ങുന്നതിനും മുമ്പ് നിർമ്മാണ വേളയിൽത്തന്നെ ജില്ലയിലെ നിരവധി കോളേജുകളിൽനിന്ന് വിദ്യാർത്ഥികൾ ചെറുസംഘങ്ങളായി വന്ന് ടെലിസ്കോപ്പ് നിർമ്മാണത്തിൽ പരിശീലനവും അടിസ്ഥാന ജ്യോതിശാസ്ത്രത്തിൽ ക്ലാസ്സും നേടി. എന്തുലക്ഷ്യത്തിനുവേണ്ടിയായിരുന്നുവോ ഈ മന്ദിരം നിർമ്മിച്ചത്, പണിപൂർത്തിയാകും മുമ്പേ പ്രസ്തുത ലക്ഷ്യങ്ങൾക്കായി കെട്ടിടം ഉപയോഗപ്പെടുത്തപ്പെട്ടു കഴിഞ്ഞിരുന്നു. ഒരു വർഷം മുമ്പ് നമ്മോട് വിടപറഞ്ഞ പാർട്ടിയുടെ കേന്ദ്ര സ്റ്റാഫ് അംഗവും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ജനകീയ ശാസ്ത്രസംഘടനയായ ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെ സംസ്ഥാന പ്രസിഡണ്ടുമായിരുന്ന **ജി.എസ്.പത്മകുമാറിന്റെ** സ്മരണയ്ക്കായി ഈ മന്ദിരം സമർപ്പിക്കുകയാണ്.

പാർട്ടിയുടെയും മുന്നണി സംഘടനകളുടെയും ജില്ലാ ഓഫീസുകൾ, ശാസ്ത്ര പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കുമായുള്ള ശാസ്ത്രകേന്ദ്രം, പാർട്ടി സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക കേന്ദ്രം, ലൈബ്രറി തുടങ്ങിയവ ഉൾപ്പെടുന്നതായിരിക്കും ജി.എസ് പത്മകുമാർ ഭവൻ.

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വാനനിരീക്ഷണത്തിനായി 16 ഇഞ്ച് വ്യാസമുള്ള ടെലിസ്കോപ്പും ശാസ്ത്രകേന്ദ്രത്തിന്റെ ഭാഗമായി സ്ഥാപിക്കും.

### പാർട്ടി പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ ഉദ്ഘാടനം ചെയ്തു

വിപ്ലവ പ്രവർത്തനത്തിന്റെ കേന്ദ്രമാണ് പാർട്ടി ഓഫീസ്. ജനകീയ സമരങ്ങൾ വളർത്തിയെടുക്കുവാനും ചർച്ചകളുടെയും പ്രത്യയശാസ്ത്ര പഠനങ്ങളുടെയും കേന്ദ്രമായും ഓഫീസ് വർത്തിക്കണം. ജനങ്ങളുടെ സംഭാവനയിലൂടെയും സഖാക്കളുടെ സന്നദ്ധപ്രവർത്തനത്തിലൂടെയും പണി തീർത്ത ഈ ഓഫീസ് സാമൂഹിക ഉടമസ്ഥതയിലുള്ള ഒന്നായിരിക്കും പാർട്ടി സ്ഥാപക ജനറൽ സെക്രട്ടറസഖാവ് ശിബ്ദാസ് ഘോഷിന്റെ വാക്കുകളെ ഓർമ്മിപ്പിച്ചുകൊണ്ട് ഉദ്ഘാടന പ്രസംഗത്തിൽ സഖാവ് കെ രാധാകൃഷ്ണ പറഞ്ഞു. പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും ജില്ലാ സെക്രട്ടറിയുമായ സഖാവ് ജയ്സൺ ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ കോട്ടയം എംഎൽഎ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് കെ.ശ്രീധർ, സംസ്ഥാന സെക്രട്ടറിയും കേന്ദ്രക്കമ്മിറ്റിയംഗവുമായ സഖാവ് വി.വേണുഗോപാൽ, എഐയുടിയുസി സംസ്ഥാന പ്രസിഡണ്ട് സഖാവ് ജെ. ഉദയഭാനു, സിപിഐ(എം) ജില്ലാകമ്മിറ്റി അംഗവും അർബൻ ബാങ്ക് പ്രസിഡണ്ടുമായ സഖാവ് അഡ്വ.കെ.അനിൽകുമാർ, സിപിഐ ജില്ലാ സെക്രട്ടറി സഖാവ് സി.കെ.ശശിധരൻ, യുഎൻഎ ദേശീയ പ്രസിഡണ്ട് ജാസ്മിൻ ഷാ, പ്രമുഖ അഭിഭാഷകൻ അഡ്വ.വി.കെ.സത്യവാൻ നായർ, ലോക് ജനതാദൾ സംസ്ഥാന സെക്രട്ടറിയും കെഎസ്ആർടിസി ഡ്രൈവേഴ്സ് യൂണിയൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റുമായ സണ്ണി തോമസ്, എസ്‌യുസിഐ(സി)തമിഴ്നാട് സംസ്ഥാന സെക്രട്ടറി സഖാവ് എ.രംഗസ്വാമി, ഐഎൻപിഎ സംസ്ഥാന വൈസ് പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, ജില്ലാ പഞ്ചായത്ത് അംഗം ജയേഷ് മോഹൻ, എസ്ഡിപിഐജില്ലാപ്രസിഡന്റ് യു.നവാസ്, എസ്‌യുസിഐ(സി) കർണ്ണാടക സംസ്ഥാന കമ്മിറ്റിയംഗം ശശിധർ, പ്രൊഫ.സി.എസ്.മേനോൻ, എൻസിപി ജില്ലാ പ്രസിഡണ്ട് കാണക്കാരി അരവിന്ദാക്ഷൻ, ട്രേഡ് യൂണിയൻ നേതാവ് പി.കെ.ആനന്ദക്കുട്ടൻ, ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് മോഹൻദാസ് ഉണ്ണിമഠം, ജനകീയ പ്രതിരോധ സമിതി കൊല്ലം ജില്ലാ പ്രസിഡണ്ട് എ.ജയിംസ്, ജോർജ്ജ് മുല്ലക്കര, ജോർജ്ജ് മാത്യു കൊടുമൺ എന്നിവർ പ്രസംഗിച്ചു.

എഐടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് ഉദയഭാനു ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സഖാവ് സി.കെ.ലൂക്കോസ് ഉൾപ്പെടെയുള്ള നേതാക്കന്മാർ കഠിനപ്രയത്നം നടത്തിയാണ് എസ്‌യുസിഐ(സി) കേരളത്തിൽ സംഘടിപ്പിച്ചത്. അദ്ദേഹത്തിന്റെ പിൻഗാമികളായ സഖാക്കളും ആദർശനിഷ്ഠമുറുകെപ്പിടിച്ച് മുന്നോട്ടു പോകുന്നു എന്നതിന് ഉത്തമ ഉദാഹരണമാണ് സന്നദ്ധപ്രവർത്തനത്തിലൂടെ പണിതുയർത്തിയ ഈ ഓഫീസ്. പ്രമുഖ അഭിഭാഷകൻ അഡ്വക്കേറ്റ് വി.കെ സത്യവാൻ നായർ ആശംസകൾ അർപ്പിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു, എല്ലാ പാർട്ടികൾക്കും മാതൃകയാണിത്. അസാധ്യമായത് സാധ്യമാക്കിയിരിക്കുന്നു എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകർ. എത്ര ആളുണ്ട് എന്നതല്ല ഉള്ള ആളുകളുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് പ്രധാനം എന്ന് ഞങ്ങൾ മനസ്സിലാക്കിയത് എസ്‌യുസിഐ എന്ന മഹത്തായ പ്രസ്ഥാനത്തിലൂടെയാണ്. ഓഫീസ് നിർമ്മാണത്തിൽ പങ്കെടുത്ത മുഴുവൻ സഖാക്കളെയും അഭിനന്ദിക്കുന്നു അതിനോടൊപ്പം എല്ലാകാലത്തും എസ്‌യുസിഐയോടൊപ്പം ഞങ്ങൾ ഉണ്ടാകും. യുഎൻഎ ദേശീയ പ്രസിഡണ്ട് ജാസ്മിൻഷാ ആശംസകളർപ്പിച്ചു കൊണ്ട് പ്രഖ്യാപിച്ചു. പാർട്ടി സംസ്ഥാനക്കമ്മിറ്റിയംഗമായ സഖാവ് മിനി കെ. ഫിലിപ്പ് സ്വാഗതവും ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെ സംസ്ഥാന സെക്രട്ടറി പ്രൊഫ. പി.എൻ.തങ്കച്ചൻ കൃതജ്ഞതയും രേഖപ്പെടുത്തി.

ഉദ്ഘാടനസമ്മേളനത്തിനുശേഷം ജില്ലയിലെ പ്രവർത്തകർ അവതരിപ്പിച്ച കലാ-സാംസ്കാരിക പരിപാടികളും വേദിയിൽ നടന്നു. കെട്ടിടനിർമ്മാണത്തിന്റെ ലഘുചരിത്രം വിശദമാക്കുന്ന ഡോക്കുമെന്ററി ഫിലിമിന്റെ പ്രദർശനംവും നടന്നു. ■



**വൈക്കം മുഹമ്മദ് ബഷീർ സ്മാരക ഹാൾ, ഗലീലിയോ സയൻസ് സെന്റർ, ലൈബ്രറി തുടങ്ങിയവയോടുകൂടിയ ഓഫീസ് സമുച്ചയം**

# എഐഎംഎസ്എസ് സംസ്ഥാന പഠന ക്യാമ്പ്

**അ**ഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന(എഐഎംഎസ്എസ്)യുടെ ആഭിമുഖ്യത്തിൽ 2019 മെയ് 29,30,31 തീയതികളിൽ ഹരിപ്പാട്, മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിൽ സംസ്ഥാന പഠനക്യാമ്പ് നടന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ഡോ.വി.വേണുഗോപാൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു.

മൂന്നുദിവസങ്ങളിലായി വ്യത്യസ്ത വിഷയങ്ങളെ അധികരിച്ചുള്ള ചർച്ചകൾ നടന്നു. 'ചരിത്രത്തിലെ സ്ത്രീവിമോചനപ്പോരാട്ടങ്ങൾ' എന്ന വിഷയത്തെ അധികരിച്ചു നടന്ന ചർച്ച മിനി കെ.ഫിലിപ്പ് നയിച്ചു. മാതൃപ്രധാനമായിരുന്ന സമൂഹം സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടെ പുരുഷമേധാവിത്വപരമായത് എപ്രകാരമെന്നും സ്ത്രീകളുടെ യഥാർത്ഥ മോചനം സാധ്യമാകുന്നത് എങ്ങനെയെന്നും സാമൂഹ്യവികാസത്തിന്റെ വിവിധ ഘട്ടങ്ങൾവിശദീകരിച്ചുകൊണ്ട് മിനി കെ.ഫിലിപ്പ് അവതരിപ്പിച്ചു.

'മാർക്സിസവും സ്ത്രീവിമോചനവും' എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയ്ക്ക് അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ നേതൃത്വം നൽകി. എംഗൽസിന്റെ 'കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം', ശിബ്ദാസ് ഘോഷിന്റെ 'മാർക്സിസവും മനുഷ്യസമൂഹത്തിന്റെ വികാസവും' ആഗസ്റ്റ് ബബലിന്റെ 'സ്ത്രീ ഇന്നലെ, ഇന്ന്, നാളെ' എന്നീ പുസ്തകങ്ങളെ മുൻനിർത്തിയാണ് ചർച്ചനടന്നത്.

നൂറുവർഷം പൂർത്തിയാക്കിയ, മഹാകവി കുമാരനാശാന്റെ, 'ചിന്താവിഷ്ടയായ സീത' എന്ന കാവ്യത്തെ മുൻനിർത്തിക്കൊണ്ട് നടന്ന ചർച്ചകൾക്ക് എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് സൗഭാഗ്യലക്ഷ്മി നേതൃത്വം നൽകി. ഒരു സ്ത്രീയുടെ എല്ലാ വൈകാരികതകളോടെയുമാണ് ആശാൻ സീതയെ അവതരിപ്പിച്ചിരിക്കുന്നത്. ഭർത്താവ്, പിതാവ്, രാജാവ് എന്നീ നിലകളിൽ ശ്രീരാമന് സംഭവിച്ച പിഴവുകൾ ചൂണ്ടിക്കാട്ടുന്ന സീത, രാജസദസ്സ് അലങ്കരിക്കുവാൻ ശ്രീരാമൻ വീണ്ടും അഭ്യർത്ഥിക്കുമ്പോൾ ക്ഷണം നിരാകരിച്ച് ഭൂമിദേവിയിൽ വിലയം പ്രാപിക്കുന്നു. നവോത്ഥാന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ആശാൻ മെനഞ്ഞെടുത്ത സീതയുടെ കാലിക പ്രസക്തിയെ സംബന്ധിച്ച് സജീവമായ ചർച്ചകൾ നടന്നു. ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് ആർ.പാർത്ഥസാരഥി വർമ്മ, എൻ.കെ.ബിജു, ഷൈല കെ. ജോൺ എന്നിവരും പ്രസംഗിച്ചു.

'ശാസ്ത്രം ദൈനം ദിന ജീവിതത്തിൽ' എന്ന വിഷയത്തെ അധികരിച്ച് എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ.എം.ബീവി ക്ലാസ്സ് നയിച്ചു. അഞ്ച് നൂറ്റാണ്ടുകളിലൂടെയുള്ള ശാസ്ത്രവികാസത്തിന്റെ ചരിത്രം ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചു.




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ഡോ.വി.വേണുഗോപാൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

ഇന്ത്യൻ സ്ത്രീമുന്നേറ്റ ചരിത്രത്തിൽ അവിസ്മരണീയമായ സംഭാവനകൾ നൽകിയ സാവിത്രി ഭായ് ഫുലെ എന്ന മഹദ്‌വനിതയെ പരിചയപ്പെടുത്തിക്കൊണ്ട് അഡ്വ.എം.എ.ബിന്ദു ക്ലാസ് നയിച്ചു. 1831 ജനുവരി 3ന് മഹാരാഷ്ട്രയിലെ ഒരു ഉൾഗ്രാമത്തിൽ ഒരു പിന്നാക്ക സമുദായത്തിൽ ജനിച്ച് 1897 മാർച്ച് 10ന് അന്തരിച്ച സാവിത്രി ഭായ് ഫുലെയുടെ ജീവിത സമരം അങ്ങേയറ്റം പ്രചോദനാത്മകമാണ്. വിവാഹാനന്തരം ഭർത്താവ് ജ്യോതിറാവു ഫുലെയുടെ പ്രോത്സാഹനത്തിലൂടെ വിദ്യാഭ്യാസം നേടിയ സാവിത്രി ബ്രിട്ടീഷ് ഇന്ത്യയിൽ അദ്ധ്യാപകപരിശീലനം നേടുന്ന ആദ്യ വനിതയായി. സാമൂഹ്യപരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തക എന്നീ നിലകളിൽ മാത്രമല്ല, ഗർഭഛിദ്രത്തിനെതിരെയുള്ള പ്രവർത്തനം, വിധവകളുടെ പുനർവിവാഹത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ, ബാല്യവിവാഹത്തിനെതിരായ പ്രവർത്തനം, വിധവകളായ സ്ത്രീകളുടെ പ്രസവത്തിനും കുട്ടികളുടെ സംരക്ഷണത്തിനുംവേണ്ടിയുള്ള കേന്ദ്രങ്ങൾ, സ്ത്രീകൂട്ടായ്മകൾ, സാമൂഹ്യപരിഷ്ക്കരണത്തിനു വേണ്ടിയുള്ള പ്രത്യേക സംഘടനകൾ, ചികിത്സാക്ലിനിക്കുകൾ തുടങ്ങി ബഹുവിധ പ്രവർത്തനങ്ങൾ നടത്തി സാവിത്രി ഭായ് ഫുലെ. നല്ലൊരു കവയിത്രിയായിരുന്ന സാവിത്രിഭായ് ഫുലെ തന്റെ കവിതകളിലൂടെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടി.

ചിന്താവിഷ്ടയായ സീതയെ അധികരിച്ച് ക്യമ്പിലെ നാടകപരിശീലനകളരിയിൽ രൂപപ്പെട്ട രണ്ട് നാടകങ്ങൾ സമാപനസമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു. 'കാഞ്ചനസീത', 'ബിയോണ്ട് ദി ക്ലൗഡ്സ്' എന്നീ സിനിമകളുടെ പ്രദർശനവും നടന്നു.

മെയ് 31ന് നടന്ന സമാപന സമ്മേളനത്തിൽ സൗഭാഗ്യലക്ഷ്മി അദ്ധ്യക്ഷതവഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ജയ്സൺ ജോസഫ് സമാപന സന്ദേശം നൽകി. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ആവേശവും പകരുന്നതായിരുന്നു സംസ്ഥാന ക്യാമ്പ്. മൂന്നുദിവസമായി നടന്ന ചർച്ചകൾക്ക് സമാപനം കുറിച്ചുകൊണ്ട് കേരളീയ സമൂഹം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാംസ്കാരിക പ്രതിസന്ധിക്കെതിരെ ഒരു മാസം നീണ്ടുനിൽക്കുന്ന പ്രചാരണ പ്രക്ഷോഭപരിപാടികൾക്കും ക്യാമ്പ് രൂപം നൽകി. ■

# ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ പ്രതിമ തകർത്ത സംഘപരിവാർ നടപടിക്കെതിരെ അഖിലേന്ത്യാ പ്രതിഷേധദിനം ആചരിച്ചു

**മ**തേതര മാനവവാദത്തിന്റെ അഗ്രഗാമി ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ പ്രതിമ തകർത്ത ആർഎസ്എസ്-ബിജെപി-എബിവിപിയുടെ ഹീനമായ നടപടിയെ അപലപിച്ചുകൊണ്ട് ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) മെയ് 16 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിച്ചു. അമിത് ഷായുടെ തെരെഞ്ഞെടുപ്പ് പ്രചാരണ റാലിക്കിടെ ഉണ്ടായ അക്രമത്തെ തുടർന്ന് കലിപൂണ്ട ഗുണ്ടാസംഘം വിദ്യാസാഗർ കോളേജിൽ സ്ഥാപിച്ചിരുന്ന ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ പ്രതിമ തകർക്കുകയും കോളേജ് കെട്ടിടം നശിപ്പിക്കുകയും ചെയ്തു. അദ്ദേഹമുയർത്തിയ മതേതര മാനവ മൂല്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് രാജ്യമെമ്പാടും അദ്ദേഹത്തിന്റെ ഇരുന്നൂറാം ജന്മ വാർഷികം ആചരിക്കുവാൻ തയ്യാറെടുക്കുന്ന വേളയിലാണ് ഈ സ്തോഭജനകമായ സംഭവം ഉണ്ടായിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

ഇന്ത്യൻ നവോത്ഥാനത്തിന്റെ തുടക്കം മുതൽ സ്വാതന്ത്ര്യ സമരം വരെയുള്ള സുവർണ്ണ കാലഘട്ടത്തിലെ സമുന്നത വ്യക്തിത്വമായിരുന്നു വിദ്യാസാഗർ. രവീന്ദ്രനാഥ ടാഗോറിൽ തുടങ്ങി, വിവേകാനന്ദൻ, സി.ആർ.ദാസ്, സുഭാഷ് ചന്ദ്രബോസ്, ബാലഗംഗാധര തിലക്, ലാലാ ലജ്പത് റായ്, ജഗദീഷ് ചന്ദ്രബോസ്, പി.സി.റായ്, നസ്രുൽ ഇസ്ലാം തുടങ്ങിയ മഹാന്മാർ അദ്ദേഹത്തിന്റെ മുന്നിൽ ബഹുമാനപൂർവം വണങ്ങിയിട്ടുണ്ട്. എന്നാൽ ഈ തെമ്മാടിക്കൂട്ടങ്ങൾ വിദ്യാസാഗറിന്റെ പ്രതിമ തകർത്തു. എന്തുകൊണ്ടാണീ അതിക്രമം എന്ന ചോദ്യം സ്വാഭാവികമായും ഉയരുന്നു. തെരെഞ്ഞെടുപ്പ് അക്രമങ്ങളുടെ ഭാഗമായി മാത്രം നമുക്കിതിനെ കാണുവാൻ കഴിയുമോ?

ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായത്തിൽ വിദ്യാസാഗറിന്റെ പ്രതിമ തകർക്കുന്നതും തെരെഞ്ഞെടുപ്പ് അക്രമവുമായി യാതൊരു ബന്ധവുമില്ല. ഇത് ഒരു ഒറ്റപ്പെട്ട സംഭവവുമല്ല. കഴിഞ്ഞ വർഷം ഇവർ ത്രിപുരയിലെ ലെനിന്റെ പ്രതിമ തകർത്തു. പ്രത്യയശാസ്ത്രപരമായി പാപ്പരായിരിക്കുന്ന ഇവർക്ക് ജനങ്ങളെ ഭയപ്പെടുത്തി കീഴ്പ്പെടുത്തുക എന്ന ഒറ്റ മാർഗ്ഗമേയുള്ളു എന്നതാണ് യാഥാർഥ്യം. അതുകൊണ്ട്, സംഘപരിവാർ ഒരുവശത്ത് തെരെഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി അക്രമങ്ങൾ അഴിച്ചുവിടുകയും മറുവശത്ത് രാജ്യത്തെ പുരോഗമന ചിന്തകൾക്ക് കടിഞ്ഞാണിടുകയുമാണ് ചെയ്യുന്നത്. ഇത് കേവലം ഒരു പ്രതിമയ്ക്ക് മേലുള്ള ആക്രമണം മാത്രമായിരുന്നില്ല, ആധുനിക ഇന്ത്യയുടെ സംസ്കാരത്തിനും ഉദാത്തമായ ചിന്തകൾക്കും മേലുള്ള ആക്രമണം കൂടിയാണ്. ഈ സന്ദർഭത്തിൽ രാജ്യത്തെ മുഴുവൻ ജനാധിപത്യ വിശ്വാസികളോടും വിശിഷ്യാ വിദ്യാർത്ഥികളോട് രാജ്യത്തിന്റെ ഫാസിസ്റ്റ് വിരുദ്ധ പാരമ്പര്യം ഉയർത്തി പ്രക്ഷോഭ പാതയിൽ അണിനിരക്കുവാൻ അഭ്യർത്ഥിക്കുന്നു. ■

# ഖാദർ കമ്മീഷൻ ചർച്ച എഐഡിഎസ്ഒ ബഹിഷ്കരിച്ചു

**ഖാ**ദർ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസമന്ത്രി മെയ് 28 ന് വിളിച്ചുചേർത്ത വിദ്യാർത്ഥി സംഘടനാപ്രതിനിധികളുടെ യോഗം കബളിപ്പിക്കൽ ആണെന്ന് കുറ്റപ്പെടുത്തി എഐഡിഎസ്ഒ പ്രതിനിധികളായ സഖാക്കൾ എ. ഷൈജു, ആർ.അപർണ്ണ, ഗോവിന്ദ് ശശി എന്നിവർ ചർച്ച ബഹിഷ്കരിച്ചു.

ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ മൂന്നും നാലും നിർദ്ദേശങ്ങൾ മാത്രം ചർച്ച ചെയ്യുകയും മറ്റ് കാര്യങ്ങൾ യോഗത്തിൽ മറച്ചുവെച്ച് കബളിപ്പിക്കുകയുമാണുണ്ടായത്. ഖാദർ കമ്മിഷൻ റിപ്പോർട്ട് പുറത്തുവരുന്നതിന് മുമ്പ് തന്നെ, മുഖ്യമന്ത്രി നിയമസഭയിൽ സ്കൂൾ ഏകീകരണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഹയർസെക്കണ്ടറി മേഖലയെ സ്കൂൾ വിദ്യാഭ്യാസവുമായി ഏകീകരിക്കുന്നതിലൂടെ ഹയർസെക്കണ്ടറിയെ ഇല്ലാതാക്കാനാണ് വിദ്യാഭ്യാസ വകുപ്പിന്റെ ശ്രമം.

ഡിപിഇപി, എസ്എ, ഡിഎസ്എ തുടങ്ങിയ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന ഭരണനിർവ്വഹണ സംവിധാനങ്ങളെ ഇല്ലാതാക്കി ത്രിതല പഞ്ചായത്ത് തലങ്ങളിലെ സമിതികൾ വഴി വിദ്യാഭ്യാസത്തെ വികേന്ദ്രീകരിയ്ക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസത്തെ തകർത്ത ഡിപിഇപി, എസ്എസ്എ പദ്ധതികളുടെ അജണ്ടയാണ് ഖാദർ കമ്മീഷൻ വഴി നടപ്പിലാക്കുന്നതെന്ന് എഐഡിഎസ്ഒ നേതാക്കൾ ചൂണ്ടിക്കാട്ടി. ■



വിദ്യാസാഗറിന്റെ പ്രതിമ തകർത്ത നടപടിക്കെതിരെ പാലക്കാട് നടന്ന പ്രതിഷേധയോഗത്തിൽ സഖാവ് എൻ.സുഗന്ധി പ്രസംഗിക്കുന്നു

# ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പായാൽ പൊതുവിദ്യാഭ്യാസം ഒരു കുടക്കീഴിൽ തകരും

**സംസ്ഥാനത്തെ സെക്കണ്ടറി-ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലകളെ സംയോജിപ്പിച്ച് ഒരു ഏകീകൃത ഭരണ സംവിധാനത്തിന്റെ കുടക്കീഴിൽ കൊണ്ടുവരാൻ സംസ്ഥാന എൽഡിഎഫ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങൾ സൃഷ്ടിക്കാനിടയുള്ള ഭവിഷ്യത്തുകളെക്കുറിച്ച് വിദ്യാഭ്യാസലോകം വേണ്ടത്ര ചർച്ച ചെയ്തിട്ടില്ല. ഇതിനകം മന്ത്രിസഭ അംഗീകരിച്ച, പരിഷ്കാരങ്ങൾ ലക്ഷ്യം വെയ്ക്കുന്ന ഡോ.എം.എ.ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഏകീകരണത്തിന്റെ പ്രശ്നങ്ങൾ അവലോകനം ചെയ്യപ്പെടണം. ഹയർസെക്കണ്ടറിയിലെ പാഠ്യപദ്ധതി സ്കൂൾ വിദ്യാഭ്യാസത്തിന്റെ അനിവാര്യഭാഗമാകണമെന്ന നിർദ്ദേശമാണ് പരിഷ്കർത്താക്കൾ മുന്നോട്ടുവയ്ക്കുന്നത്. ഒപ്പം, ഘടനാപരമായ ഉടച്ചുവാർക്കലുകളും ഖാദർ കമ്മീഷൻ ശുപാർശകളിൽ നിർബന്ധപൂർവ്വം എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു.**

**10**+2+3 പാറ്റേണിൽനിന്ന് പ്ലസ്ടു എടുത്തുമാറ്റപ്പെടുന്നത് ലളിതമായ ഒരു പരിഷ്കാരമല്ല. അക്കാദമിക തലത്തിലും വിദ്യാർത്ഥികളുടെ മനഃശാസ്ത്രതലത്തിലും നിരവധി പ്രശ്നസങ്കീർണ്ണതകൾക്ക് ആ നടപടി വഴിതുറന്നേക്കാം. കൗമാരം വിദ്യാഭ്യാസ കാലയളവിലെ വ്യത്യസ്തമായ ഒരു കാലമാണ്. ആ കാലഘട്ടത്തിലെ അദ്ധ്യാപനം വിദ്യാർത്ഥിയുടെ മാനസിക വളർച്ചയുടെ സവിശേഷതകൾ മനസ്സിലാക്കാതെ നടത്തിയാൽ പ്രശ്നം ഗുരുതരമാകും. വിദ്യാലയാന്തരീക്ഷം ചെറിയ കുട്ടികളുടെ നിലവാരത്തിൽ പോരാ, ഉയർന്ന അന്തരീക്ഷം വേണമെന്ന് കോത്താരി കമ്മീഷൻ ചൂണ്ടിക്കാണിച്ചത് അതുകൊണ്ടാണ്. ഹൈസ്കൂൾ അദ്ധ്യാപകർക്ക് പ്ലസ് ടു ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ കഴിയില്ലല്ലോ. ഹയർസെക്കന്ററിയെ നിലവിലുള്ള സ്കൂളുകളുമായി ലയിപ്പിച്ചാൽ വിനാശകരമായിരിക്കും ഫലമെന്നാണ് അവയിൽ നിന്ന് മനസ്സിലാക്കാവുന്നത്.

പ്ലസ്ടു ഘട്ടം അനിവാര്യമായും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലായെന്നുള്ളത് തന്നെയാണ് ആദ്യം പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വശം. അക്കാദമികമായി, വിദ്യാർത്ഥികളുടെ കൗമാരഘട്ട വിദ്യാഭ്യാസമെന്ന നിലയ്ക്ക് ഉയർന്ന തട്ടിലുള്ള സിലബസ്സും കരിക്കുലവും അധ്യാപനവും അന്തരീക്ഷവും നിർബന്ധമായും പ്രദാനം ചെയ്യപ്പെടേണ്ട സ്ഥലത്താണ്, മനഃപൂർവ്വം തരം താഴ്ത്തൽ നടപടിയുമായി സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നത്.

പരിഷ്കാരം അക്കാദമികമായി വിനാശകരമായിരിക്കുമെങ്കിൽ സർക്കാർ നിർബന്ധബുദ്ധിയോടെ പെരുമാറുന്നതെന്തിന്? ഹയർസെക്കന്ററിയെ ഇല്ലാതാക്കാനുള്ള വ്യക്തമായ പദ്ധതി മുന്നോട്ടുവയ്ക്കുന്ന അധികാരികളുടെ അജണ്ടകളെന്താണ്? ലയനം എന്ന പ്രത്യേക നിർദ്ദേശം മുന്നോട്ടുവയ്ക്കുന്ന ഡോ.എം.എ.ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെന്ത്? പൊതുവിദ്യാഭ്യാസ രംഗത്ത് ഘടനാപരമായ പരിഷ്കാരങ്ങളിൽ ഊന്നുന്ന നിർദ്ദേശങ്ങൾ കെട്ടിയേൽപ്പിക്കുന്ന ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ പുറകിലുള്ള താൽപ്പര്യങ്ങൾ സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയെന്നറിയാൻ വിശദമായ പഠനം ആവശ്യമാണ്.

**ലയനം**
**അക്കാദമിക അജണ്ടയല്ല**

സെക്കണ്ടറി തലത്തിൽ ലോകബാങ്ക് ഇതിനകം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആർഎംഎസ്എ പദ്ധതിയിൽ ഹയർസെക്കണ്ടറി വരുന്നില്ല. 9, 10 ക്ലാസുകളാണ് സെക്കണ്ടറി ഘട്ടം. ആ ഘട്ടത്തെ 11, 12 ക്ലാസുകളിലേക്കുകൂടി വ്യാപിപ്പിക്കുമ്പോൾ ഹയർ സെക്കണ്ടറി ഇല്ലാതാകും. സെക്കണ്ടറിയിലെ പരിഷ്ക്കാരങ്ങൾക്കായി ലോകബാങ്ക് നീക്കിവച്ചിരിക്കുന്ന ഫണ്ട് ഉപയോഗിക്കാൻ അതുവഴി സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് വഴിയൊരുങ്ങും. അതോടൊപ്പം, സെക്കണ്ടറി വരെ ഇതിനകം പിന്തുടർന്നു വരുന്ന സിലബസ്സും കരിക്കുലവും ഹയർസെക്കണ്ടറിയിലേക്ക് വ്യാപിപ്പിക്കാനും വിദ്യാഭ്യാസ വകുപ്പിന് കഴിയും. അതിന് കളമൊരുക്കുകയാണ് പരിഷ്കാരങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന പൊളിച്ചെഴുത്ത് സംഘം. കെഎസ്ടിഎ എന്ന അധ്യാപക സംഘടന പരസ്യമായി ഈ തകർക്കൽ സംരംഭത്തിന് കൂട്ടുനിൽക്കുകയും ചെയ്യുന്നു.

ഹയർസെക്കണ്ടറിയിൽ സാപേക്ഷികമായി നിലവിലുള്ള എല്ലാ നേട്ടങ്ങളെയും ഒറ്റയടിക്ക് ബലികഴിക്കുന്നത് പ്രതീക്ഷിക്കാനാവാത്ത പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേയ്ക്കാം. എലിമെന്ററി വിദ്യാഭ്യാസം 8-ാം ക്ലാസ്സിൽ അവസാനിപ്പിക്കുന്ന തരത്തിലാണല്ലോ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നത്. അതിനുശേഷമുള്ള വിദ്യാഭ്യാസത്തിന് സർക്കാർവക ഒരു ധനസഹായവും പ്രതീക്ഷിക്കാൻ പറ്റാത്ത വിധത്തിൽ, വികേന്ദ്രീകൃതമായ നടത്തിപ്പ് സംവിധാനങ്ങൾ കൊണ്ടുവരണമെന്നാണല്ലോ ഡിപിഇപിയുടെ കാലം മുതൽ പരിഷ്ക്കാരി സംഘം പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിന് അവർക്ക് ആദ്യംവേണ്ടത് ഹയർസെക്കണ്ടറി എന്ന സ്വതന്ത്ര വിദ്യാഭ്യാസ മേഖലയെ മെരുക്കുകയാണ്. വിദ്യാഭ്യാസ നടത്തിപ്പു ചുമതലകൾ എല്ലാംതന്നെ ത്രിതല പഞ്ചായത്തുക്കൾക്ക് കൈമാറുന്നതോടെ, സർക്കാർ ഉത്തരവാദിത്തങ്ങൾ കുറഞ്ഞ് കുറഞ്ഞ് വരും. പാഠ്യപദ്ധതി രൂപവൽക്കരണം ഉൾപ്പെടെയുള്ളത് വികേന്ദ്രീകൃത പഞ്ചായത്തു സമിതികൾക്ക് നൽകുന്ന സങ്കൽപ്പമാണല്ലോ 2007-ലെ കെസിഎഫ്(കേരള കരിക്കുലം ഫ്രെയിംവർക്ക്) മുന്നോട്ട് വച്ചത്. യഥാർത്ഥത്തിൽ, അതിലെ നിർദ്ദേശങ്ങളാണ് കെഎസ്ടിഎ കുറെ നാളുകളായി പ്രചരിപ്പിക്കുന്നത്. അതിലെ ഒട്ടുമിക്ക നിർദ്ദേശങ്ങളും ഖാദർ കമ്മീഷൻ ശുപാർശകളായി വന്നിരിക്കുന്നു.

**വിനാശകരമായ**
**വികേന്ദ്രീകരണം**

ഹയർസെക്കണ്ടറിയെ തരംതാഴ്ത്തുക മാത്രമല്ല, അതിലൂടെ പൊതുവിദ്യാഭ്യാസ നിലവാരം ഉയരാനുള്ള വാതിലുകൾ കൂടി അവർ അടച്ചു കളയുന്നു. എന്നുമാത്രമല്ല, കേരളം തള്ളിക്കളഞ്ഞ പഴയ പഞ്ചായത്ത് വിദ്യാഭ്യാസത്തിന്റെ പ്രേതം ഖാദർ കമ്മീഷൻ ശുപാർശകളിലൂടെ വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുന്നു. കേന്ദ്രീകൃതമായ വിദ്യാഭ്യാസ ഘടനാസംവിധാനങ്ങളെ പൊളിച്ചടുക്കാനുള്ള നീക്കമാണിത്. ഡിഇഒ, എഇഒ തുടങ്ങിയ ഭരണ നിർവ്വഹണ സമിതികൾ വേണ്ടായെന്ന് തീരുമാനിക്കുന്നത്, ഭാവിയിൽ വികേന്ദ്രീകൃത സമിതികളിലൂടെ നടത്തിപ്പ് നീക്കാനാണ്. റവന്യു ജില്ലാതലത്തിൽ വരുന്ന ഡയറക്ടർ ഓഫ് സ്കൂൾ എജ്യൂക്കേഷനായിരിക്കും പ്രധാന വിദ്യാഭ്യാസ ഓഫീസ് എന്ന് വ്യക്തമായി പറയാനുള്ള കാരണമതാണ്. ഡി.പി.ഐയുടെ ചുമതലകൾ വികേന്ദ്രീകരിക്കപ്പെടും. പഞ്ചായത്തുതലത്തിലോ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലോ ആയിരിക്കും ചുമതലകൾ. അതിനർത്ഥം, കെസിഎഫ് പണ്ട് വിശദീകരിച്ചതുപോലെ എല്ലാ കാര്യങ്ങളും -അധ്യാപക നിയമനവും ശമ്പളവുമുൾപ്പെടെയുള്ള കാര്യങ്ങൾ- ക്രമേണ വികേന്ദ്രീകരിക്കപ്പെടുമെന്നുതന്നെയാണ്.

ലോകബാങ്ക്, ഡിപിഇപിയുടെയും എസ്എസ്എയുടെയും നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിൽ (Improving Primary Education in Developing Countries Page 111) തന്നെ ആവശ്യപ്പെട്ടത് താഴെ പറയുന്നു: “അധ്യാപകരുടെ ശമ്പള ഷെഡ്യൂളുകൾ സിവിൽ സർവ്വീസിലെ ഏകാത്മക സ്കെയിലിൽ നിന്നും വേർപെടുത്തണം, അത് സാധിക്കാത്ത രാജ്യങ്ങൾ, താങ്ങാവുന്ന ചെലവിൽ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ള അധ്യാപകരെ നിയമിക്കണം.” അപ്പോൾ, ത്രിതല സമിതികൾക്ക് ചുമതലകൾ കൈമാറുന്നുവെന്നതിന്റെ ഉദ്ദേശ്യം വ്യക്തമല്ലേ?

രണ്ടാമത്, അതുപ്രകാരം തന്നെ സ്ഥിരം അദ്ധ്യാപകർ എന്ന കാഴ്ചപ്പാട് മാറുകയും ഏകാദ്ധ്യാപക വിദ്യാലയങ്ങൾ വ്യാപകമാവുകയും ചെയ്യുന്നു. കരാർ അദ്ധ്യാപകരെ ദിവസക്കൂലിക്കാരായി നിയമിക്കുന്ന ഏർപ്പാടുകൾ കൂടിക്കൂടി വരുന്നതും ദുഃസൂചനയാണ്. പഠനസമ്പ്രദായങ്ങളിലെ വൈകല്യത്തോടും പാഠ്യപദ്ധതിയിലെ പോരായ്മകളോടും ഒപ്പം ഇംഗ്ലീഷ് ബോധനമാദ്ധ്യമം അല്ലാതാവുകയും കൂടി ചെയ്യുന്നതോടെ ഹയർ സെക്കണ്ടറി മേഖലയിൽ സങ്കീർണ്ണമായ സ്തംഭനം ഉടലെടുക്കും. പ്ലസ്ടു വരെയുള്ള പൊതുവിദ്യാഭ്യാസരംഗം ഒരു കുടക്കീഴിൽ ഒറ്റയടിക്ക് തകരും. പകരം സ്വകാര്യ വിദ്യാലയങ്ങളും അവരുടെ വിദ്യാഭ്യാസവും വേരുപിടിക്കും. ചിലിയിൽ വികേന്ദ്രീകരണം നടപ്പായതിന്റെ ദുരന്തഫലം അതായിരുന്നു.

**വികേന്ദ്രീകരണം**
**തകർത്തുകളഞ്ഞ പൊതു**
**വിദ്യാഭ്യാസം: ചിലി ഉദാഹരണം**

1980-ലാണ് വികേന്ദ്രീകൃത വിദ്യാഭ്യാസ നയം ചിലിയിൽ നടപ്പാക്കുന്നത്. അതോടെ വിദ്യാഭ്യാസ നടത്തിപ്പിന്റെ ചുമതലകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിന്നും മുൻസിപ്പാലിറ്റികളെ ഏൽപ്പിച്ചു. തുടക്കത്തിൽ സർക്കാർ അവയ്ക്ക് ഗ്രാന്റ് കൊടുത്തു. സ്വന്തം നിലയ്ക്ക് പണം കണ്ടെത്തി സ്കൂൾ നടത്തണമെന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതോടെ, പ്രശ്നങ്ങൾ ആരംഭിച്ചു. ചില പ്രാദേശിക സ്കൂളുകൾക്ക് കുട്ടികളെ ചേർക്കാനായില്ല. അവയ്ക്ക് സർക്കാർ നൽകിക്കൊണ്ടിരുന്ന ഗ്രാന്റ് പിൻവലിച്ചതോടെ ആ സ്കൂളുകൾ പൂട്ടാൻ നിർബന്ധിതമായി. അതിന്റെ സ്ഥാനത്ത് സ്വകാര്യ വിദ്യാലയങ്ങൾ വളരാൻ തുടങ്ങി. ഉയർന്ന ഫീസ് വാങ്ങി സ്വകാര്യ വിദ്യാലയങ്ങൾ തഴച്ചു വളർന്നു. പൊതുവിദ്യാഭ്യാസ മേഖല തകർന്നു. ഒടുവിൽ, പൊതുവിദ്യാഭ്യാസ രംഗം നാമാവശേഷമായി.

യഥാർത്ഥത്തിൽ, ചിലിയൻ മാതൃകയാണ് ലോകബാങ്ക് പിൽക്കാലത്ത് ഏറ്റെടുത്തത്. ഡിപിഇപി കേരളത്തിലും പിന്നീട് ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലും കടന്നുവന്നത് ചിലി ആവർത്തിക്കാനാണ്. കേരളത്തിലായിരിക്കും ഒരുപക്ഷേ അതേറ്റവും ഗുരുതരമായ ഭവിഷ്യത്തുകൾക്ക് കാരണമാവുക. ഇവിടെയാണല്ലോ സുശക്തമായ പൊതുവിദ്യാഭ്യാസ അടിത്തറ നിലവിലുള്ളത്.

**പൊതുവിദ്യാലയങ്ങളുടെ**
**സ്ഥാനത്ത് കമ്മ്യൂണിറ്റി**
**വിദ്യാലയങ്ങൾ വരും**

ഡിപിഇപിയുടെ തുടർച്ചയായിട്ടാണ് സർവശിക്ഷാഅഭിയാൻ വന്നത്. (World Bank Report No. 27703 - in March 23, 2004) ഡിപിഇപി പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായിട്ടാണ് വന്നതെങ്കിലും എല്ലാക്ലാസിലേയ്ക്കുമതിന്റെ പഠന ഉള്ളടക്കം വ്യാപിക്കുകയുണ്ടായി. എസ്എസ്എയും പ്രാഥമിക വിദ്യാഭ്യാസ പരിപാടിയാണെങ്കിലും ഔദ്യോഗികമായി എട്ടാംക്ലാസുവരെയാണ്. അങ്ങനെയത് ഹൈസ്കൂളിലേയ്ക്ക് കടന്നു. പക്ഷേ പാഠ്യപദ്ധതി പരിഷ്ക്കരണം എട്ടാംക്ലാസ്സിൽ അവസാനിച്ചില്ല. തുടർച്ചയായി ഒമ്പതാം ക്ലാസ്സിലേയ്ക്കും പത്താംക്ലാസ്സിലേയ്ക്കുമത് നീണ്ടു. ഇപ്പോഴത് ഹയർസെക്കണ്ടറിയിലേയ്ക്കും വ്യാപിച്ചിരിക്കുന്നു. അങ്ങനെയാണ് മൈനസ് ടു മുതൽ പ്ലസ്ടുവരെയുള്ള പദ്ധതിയായി അത് മാറിയത്. മറ്റ് പല സംസ്ഥാനങ്ങളിലും എട്ടാംക്ലാസ്സുകൊണ്ടുതന്നെ വിദ്യാഭ്യാസരംഗത്തുനിന്ന് നല്ലൊരുശതമാനത്തെയും പിരിച്ചുവിടാൻ എസ്എസ്എയ്ക്ക് കഴിയും.

കേരളത്തിലെ സാഹചര്യം വ്യത്യസ്തമാണ്. എസ്എസ്എൽസിയും പ്ലസ്ടുവും കടക്കാതെ നല്ലൊരുശതമാനം വിദ്യാർത്ഥികൾ പിന്തിരിയില്ല. നമ്മുടെ പാരമ്പര്യമതാണ്. ഇതു മനസ്സിലാക്കിയ ലോകബാങ്ക് അതനുസരിച്ച് സംവിധാനങ്ങൾ ഒരുക്കാൻ മൗനാനുവാദം കൊടുത്തു. രാജാവിനേക്കാൾ വലിയ രാജഭക്തിയോടെ പാഠ്യപദ്ധതിയുടെ വക്താക്കൾ (പരിഷത്ത് നേതാക്കൾ, കെഎസ്ടിഎ നേതാക്കൾ, കേരള സർക്കാർ, ഡിപിഇപി കരാറിൻപ്രകാരം നിലവിൽവന്ന സമാന്തരഭരണ സംവിധാനങ്ങൾ, എസ്എസ്എ ഉദ്യോഗസ്ഥർ) ഒത്തൊരുമയോടെ പണിയെടുത്തു. അങ്ങനെയാണ് കേന്ദ്രഗവൺമെന്റ് 2010-ൽ അപ്പർപ്രൈമറിയിൽ എത്തിയ്

*(ശേഷം 16-ാം പേജിൽ)*

Date of publishing 01/06/2019
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

June 2019
Vol.46 No.3
Price : Rs 5.00



# കോസലരാമദാസ് അനുസ്മരണം

പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് കെ.പി.കോസലരാമദാസിന്റെ ആറാം ചരമവാർഷികം ആചരിച്ചുകൊണ്ട് തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ നടന്ന സമ്മേളനം, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ജെയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. സുദീർഘങ്ങളായ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്ന വർത്തമാന കാല സാഹചര്യത്തിൽ കോസലരാമദാസിന്റെ വിയോഗം തൊഴിലാളിവർഗ്ഗത്തിന് കനത്ത നഷ്ടമാണുണ്ടാക്കിയതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കോസലരാമദാസ് ഉയർത്തിപ്പിടിച്ച തൊഴിലാളിവർഗ്ഗ സംസ്കാരത്തിന്റെ മഹനീയ മാതൃക പിന്തുടരുവാൻ ട്രേഡ് യൂണിയൻ പ്രവർത്തകർ മുന്നോട്ടു വരേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കോസലരാമദാസ് സ്ഥാപിച്ച യൂണിയനുകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. എഐപിഎഫ് ജനറൽ സെക്രട്ടറി സമർസിൻഹ, കെഎസ്ഇബി പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ് പി.എം.ദിനേശൻ, കെഎസ്ഇ വർക്കേഴ്സ് യൂണിയൻ കേന്ദ്രകമ്മിറ്റിയംഗം എം.സി.കുട്ടപ്പൻ, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ, കെ.കെ. മോഹനൻ, ഹരിലാൽ തുടങ്ങിയവർ പ്രസംഗിച്ചു. ■

# ആൾ ഇന്ത്യാ പവർമെൻസ് ഫെഡറേഷൻ മൂന്നാം സംസ്ഥാന സമ്മേളനം

കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന വൈദ്യുതി നിയമഭേദഗതി ഊർജ്ജമേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണം ലക്ഷ്യംവെച്ചാണെന്ന് ആൾ ഇന്ത്യാ പവ്വർമെൻസ് ഫെഡറേഷൻ(എഐപിഎഫ്) ജനറൽ സെക്രട്ടറി സമർ സിൻഹ അഭിപ്രായപ്പെട്ടു. കോർപ്പറേറ്റുകൾക്ക് വൈദ്യുതിരംഗം തീറെഴുതുന്നതിനെ ചെറുത്തുപരാജയപ്പെടുത്തുവാൻ ശക്തമായ പ്രക്ഷോഭം വളർത്തിയെടുക്കാൻ മുന്നോട്ടുവരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ആൾ ഇന്ത്യാ പവ്വർമെൻസ് ഫെഡറേഷൻ മൂന്നാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജൂൺ രണ്ടിന് തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ഡി.സുന്ദരേശൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ സംഘടനാറിപ്പോർട്ട് അവതരിപ്പിച്ചു.



സമ്മേളനം എഐപിഎഫ് അഖിലേന്ത്യ ജനറൽ സെക്രട്ടറി സമർ സിൻഹ ഉദ്ഘാടനം ചെയ്യുന്നു

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുക, കാലതാമസം ഒഴിവാക്കി കെഎസ്ഇബി കരാർ തൊഴിലാളികളെ ഉടനടി സ്ഥിരപ്പെടുത്തുക, കരാർ തൊഴിലാളികൾക്ക് ആശ്രിത നിയമനവും ചികിത്സാസഹായവും അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി. എഐപിഎഫ് നേതാവ് കെ.കെ.സുരേന്ദ്രൻ, കെഎസ്ഇ വർക്കേഴ്സ് യൂണിയൻ നേതാക്കളായ ബെന്നി ബോണിഫസ്, ബി.രാജീവൻ, വിജേഷ്, പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ നേതാക്കളായ പി.എം.ദിനേശൻ, പി.കെ. സജി, ആർ.വേണുഗോപാൽ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. ഡി.ഹരികൃഷ്ണൻ സ്വാഗതവും ജെ.സുരേഷ് കൃതജ്ഞതയും പറഞ്ഞു.

എസ്.സീതിലാൽ പ്രസിഡന്റും ബെന്നി ബോണിഫസ് സെക്രട്ടറിയുമായി 37 അംഗ സംസ്ഥാന കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ■

# ഖാദർ കമ്മീഷൻ: സ്കൂൾ ഏകീകരണം ഹയർ സെക്കണ്ടറിയെ തകർക്കും

*(15-ാം പേജിൽ നിന്ന്)*

ക്കാൻ ലക്ഷ്യമിട്ട പദ്ധതി കേരളത്തിൽ 2002-ൽ തന്നെ ആ ഘട്ടം മറികടന്നത്. അത്രയും വേഗതയായിരുന്നു. 2004-ൽ പത്താംക്ലാസ്സിലും 2005-2006 വർഷങ്ങളിൽ ഹയർസെക്കണ്ടറിയിലും പാഠ്യപദ്ധതിയെത്തിയത് അസ്ത്രവേഗതയിലായിരുന്നു. ആയതിനാൽ സർവശിക്ഷാഅഭിയാന്റെ കേരളത്തിലെ ദൗത്യം ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതായിമാറിക്കഴിഞ്ഞിരുന്നു. (SSA Annual Rep-ort 2005-2006) നിലവാരം ഉയർത്തുന്നതിന് എസ്എസ്എ നിരവധി തന്ത്രങ്ങൾ ആവിഷ്ക്കരിച്ചതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ലോകബാങ്കുമായി ഇന്ത്യാസർക്കാർ ഉണ്ടാക്കിയ കരാർ അനുസരിച്ച് ഡിപിഇപിയുടെ അനുഭവസമ്പത്തിന്റെയും സംവിധാനങ്ങളുടെയും മേലാകണം തുടർപരിഷ്കാരങ്ങൾ എന്ന് പ്രത്യേകം പറഞ്ഞിരുന്നു.

പതിനൊന്നാം പദ്ധതിയോടെ സ്കൂൾ, കമ്മ്യൂണിറ്റി ഉടമസ്ഥതയിലേക്കു മാറണം എന്ന വ്യവസ്ഥ വന്നു. അദ്ധ്യാപകനിയമനം, ശമ്പളം, സ്കൂൾ നടത്തിപ്പ് മുതലായവയുടെയെല്ലാം ഉത്തരവാദിത്തം ഇതിനായി രൂപവൽക്കരിച്ച സമിതികൾക്ക് നൽകി. 2010-നുള്ളിൽ ഭരണപരമായും സാമ്പത്തികമായും വിദ്യാഭ്യാസത്തെ സർക്കാരിന്റെ ചുമതലയിൽനിന്നും മാറ്റുന്ന പരിവർത്തനഘട്ടത്തിന്റെ നടത്തിപ്പും ഡിപിഇപി ആവിഷ്ക്കരിച്ച പുതിയപാഠ്യപദ്ധതിയുടെ ഉറപ്പായ നിർവ്വഹണവും എസ്എസ്എയുടെ കർമ്മപരിപാടിയായിരുന്നു.

### ഏകീകരണത്തിന് കാരണം എസ്എസ്എ-ആർഎംഎസ്എ ലയനം

എസ്എസ്എയുടെ ദേശീയ മോണിറ്ററിംഗ് സെൽ പദ്ധതിനടപ്പാക്കാൻ വിവിധ സംസ്ഥാന വിദ്യാഭ്യാസവകുപ്പുകളെ ഉപയോഗിക്കുകയോ സമാന്തര സംവിധാനങ്ങൾ സംഘടിപ്പിക്കുകയോ ആണ് ചെയ്യുന്നത്. വികേന്ദ്രീകൃതമായ ആസൂത്രണവും മാനേജ്മെന്റുമായിരുന്ന എസ്എസ്എയുടെ പ്രത്യേകത. കരിക്കുലം പൊളിച്ചെഴുത്ത്, പരീക്ഷാപരിഷ്ക്കാരം, ഗ്രേഡിംഗ് സമ്പ്രദായം ഇവയെല്ലാം അതിന്റെ ഭാഗമായിട്ടാണ് കൊണ്ടുവന്നതെന്നും റിപ്പോർട്ടിലുണ്ട് (പേജ്-8, വാർഷിക റിപ്പോർട്ട്) എസ്ആർജി, ഡിആർജി, ബിആർജി എന്നിവയ്ക്കാണ് ഗുണനിലവാരം ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലമോണിറ്ററിംഗ് സമിതികളും കേരളത്തിൽ നേരത്തേ ഡിപിഇപി കരാറിൻ പ്രകാരം നിലവിൽ വന്നതിനാൽ, ആ സംവിധാനങ്ങളിലൂടെയെല്ലാം താഴെത്തട്ടിൽ കാര്യങ്ങൾ നടപ്പിലാക്കിയെടുക്കാൻ സർവശിക്ഷാ അഭിയാന് കഴിഞ്ഞു.

പദ്ധതികൾ പരസ്പരം ലയിച്ച് സമഗ്രശിക്ഷാ അഭിയാൻ ആയി മാറിയപ്പോഴും നടത്തിപ്പ് കേന്ദ്രങ്ങളിൽ മാറ്റമൊന്നുമുണ്ടായില്ല. എസ്‌സിഇആർടി നേരത്തേതന്നെ പുതിയപാഠ്യപദ്ധതിയുടെ വക്താക്കൾ പിടിച്ചടക്കിയിരുന്നു. എങ്കിലും ഒരു സമാന്തരസംവിധാനമെന്ന നിലയിൽ സീമാറ്റ് (State Institute of Ed-ucational Management and Train-ing) സ്ഥാപിക്കാൻ എസ്എസ്എ മറന്നില്ല. 2012-ൽ സെക്കന്ററിതല പരിഷ്കാരമായ ആർഎംഎസ്എ (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ)യും ആരംഭിച്ചു.

എസ്‌സിഇആർടി, ഡിപിഐ തുടങ്ങിയ സർക്കാർ സംവിധാനങ്ങളെ മുഴുവൻ നടത്തിപ്പുകാരാക്കിമാറ്റാൻ ഈ പദ്ധതിയുടെ വക്താക്കൾക്ക് കഴിഞ്ഞു. അതിനുവേണ്ടി കോടികൾ മുടക്കേണ്ടിവന്നു പരിഷ്കാരം നയിച്ചവർക്ക്. പത്തുവർഷത്തെ എസ്എസ്എ പദ്ധതിക്കുവേണ്ടി ഏകദേശം 1950 കോടിരൂപയുടെ പരിപ്രേക്ഷ്യ പദ്ധതി പ്രകാരം (The perspective plan) പത്താംപദ്ധതിക്കാലത്ത്(2002-2007) എസ്എസ്എയുടെ പ്രോജക്ട് അപ്രൂവൽബോർഡ് 490 കോടിരൂപയാണ് അനുവദിച്ച് നൽകിയത്. അവർക്ക് പണം മതി. ലോകബാങ്കിന് വേണ്ടത് വിദ്യാഭ്യാസമെന്ന സർവ്വീസ് മേഖല ഇനിയുണ്ടാവരുത് എന്നു മാത്രം.

പതിനൊന്നാം പദ്ധതിയോടെ സ്കൂൾ വിദ്യാഭ്യാസം കമ്മ്യൂണിറ്റി ഉടമസ്ഥതയിലേയ്ക്ക് മാറണമെന്ന് എസ്എസ്എ കരാറിൻപ്രകാരം (SSA-frame work for implementa-tion) ആവശ്യപ്പെട്ടിരുന്നു. അഥവാ സ്കൂളിന്റെ നടത്തിപ്പ് ഉത്തരവാദിത്തം വികേന്ദ്രീകരിച്ച് ജനങ്ങളെ ഉടമസ്ഥന്മാരാക്കിമാറ്റുന്ന 'വിപ്ലവ'മാണ് ലോകബാങ്ക് നടത്തിക്കൊണ്ടിരിക്കുന്നത്! അവർ ലക്ഷ്യത്തോട് അടുത്തുകഴിഞ്ഞു. എസ്എസ്എയുടെ ഫണ്ടും പദ്ധതിയും അവസാനിപ്പിക്കുന്ന ഘട്ടത്തിൽ, ആർഎംഎസ്എയും എസ്എസ്എയും തമ്മിൽ ലയിപ്പിക്കാനുള്ള നീക്കം പാഠ്യപദ്ധതി പരിഷ്കർത്താക്കൾ നടത്തിയത് പ്ലസ് ടു ഘട്ടത്തെ സെക്കണ്ടറി പദ്ധതിയിൽപ്പെടുത്തി തരംതാഴ്ത്താൻ വേണ്ടിത്തന്നെയാണെന്ന് ഇപ്പോൾ വ്യക്തമാണ്.

കരാർ പ്രകാരം, കേരളത്തിൽ പദ്ധതി നടപ്പാക്കാൻ പണം വാങ്ങിയവർ ബാധ്യസ്ഥരാണ്. അതുകൊണ്ടാണവർ വികേന്ദ്രീകൃത വിദ്യാഭ്യാസ ഘടന പൊതുവിദ്യാലയ നടത്തിപ്പിന്റെ ഭാഗമായി അടിച്ചേൽപ്പിക്കുന്നത്. ഖാദർ കമ്മീഷൻ ശുപാർശകളുടെ ഊന്നൽ ഘടനാപരമായ പൊളിച്ചെഴുത്തുകളിലായതിനും മറ്റൊന്നല്ല കാരണം. ആയതിനാൽ, പൊതുവിദ്യാഭ്യാസ സംരക്ഷണം യാഥാർത്ഥ്യമാകണമെങ്കിൽ ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാകാൻ പാടില്ല. പൊതുവിദ്യാലയവും കമ്മ്യൂണിറ്റി വിദ്യാഭ്യാസവും തമ്മിലുള്ള അന്തരം എത്ര വലുതാണെന്നും പൊതുസമൂഹം തിരിച്ചറിയേണ്ടതുണ്ട്.

### ഖാദർ കമ്മീഷൻ റിപ്പോർട്ടിനെതിരായ പ്രക്ഷോഭം ശക്തിപ്പെടുന്നു

ഹയർസെക്കണ്ടറിയെ തകർക്കുന്ന വിനാശകരമായ പരിഷ്ക്കാരം നടപ്പിലാക്കരുതെന്നാവശ്യപ്പെട്ട് പ്രക്ഷോഭം ശക്തിപ്രാപിക്കുകയാണ്. ഈ അധ്യയനവർഷം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്കൂൾ വിദ്യാഭ്യാസ പ്രശ്നമായി ഇതിനകം സ്കൂൾ ഏകീകരണം വളർന്നുകഴിഞ്ഞു. റിപ്പോർട്ടിന്റെ രണ്ടാം ഭാഗം സർക്കാർ ഇനിയും പ്രസിദ്ധീകരിക്കാനിരിക്കുന്നതേയുള്ളൂ. അതിന് മുമ്പ് തന്നെ, മെയ് 30ന് റിപ്പോർട്ട് നടപ്പാക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകി. വിദ്യാർത്ഥിസംഘടനകളുടെ യോഗവും തീരുമാനം അറിയിക്കാൻ വേണ്ടി മാത്രമാണ് മന്ത്രി വിളിച്ചു ചേർത്തത്. ആ യോഗങ്ങളിൽ അതിശക്തമായ പ്രതിഷേധം ഉണ്ടായി. എന്നിട്ടും, സർക്കാർവിലാസം ഉദ്യോഗസ്ഥരും മന്ത്രിമാരും പരിഷ്കാരവുമായി മുന്നോട്ട് പോകുമെന്ന് ഏകപക്ഷീയമായി പ്രഖ്യാപിച്ച് നീങ്ങുകയാണ്. സമഗ്രമായ പൊളിച്ചെഴുത്ത് അജണ്ടയാണ് യഥാർത്ഥത്തിൽ ഇതിന് പിന്നിലെന്ന് തിരിച്ചറിഞ്ഞ് പ്രതിഷേധിക്കാൻ പൊതുവിദ്യാഭ്യാസ സ്നേഹികൾ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു. ■

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.